Ranking of universities at the global level has gained prominence in the last decade partly due to the emergence of the knowledge economy, massification of the higher education system and growing importance of universities in the field of research.

National and international rankings obscure the state specific commendable achievements and social commitments of state universities and HEIs in the realm of equity and distributive justice which may not always be quantifiable. Courses cannot be evaluated merely on the basis of the number of students enrolled since it defies the mission of education. Research ranking systems, which focus on citation indexes, or lab -industry interfaces, cannot be applied to social sciences and hard sciences alike.

Based on UGC regulations 2012 and 2018 calling for mandatory assessment of higher education institutions and recognising of state level public agencies for assessment and accreditation, Kerala State Higher Education Council established the state level assessment and accreditation centre (SAAC). SAAC has developed state specific criteria of assessment for evaluating the performance of HEIs in the state. We are also in the process of developing the Kerala Institutional Ranking Framework (KIRF) based on the quantitative and qualitative data gathered by the SAAC. State level public agencies of Assessment and Accreditation rooted on qualitative state specific criteria of assessment should be recognised as alternative to NAAC assessment in the state. The pioneering effort of KSHEC in establishing the State Assessment and Accreditation Centre (SAAC) of Kerala under the Kerala State Higher Education Council deserves support and recognition as envisaged in NEP



2019.

**3. National research foundation. -Fund socially productive research**

The suggestion to establish NRF with an annual grant of Rs. 20000 cr for promotion of research, which in current prices is .01 % of GDP of the country, offers wider avenues of research for students and institution of higher learning in the country. This is a departure from the earlier policy of delinking research institutions and universities which adversely affected research in universities especially in state universities in the country. This may increase the existing low R&D -GDP ratio in the country and can pave way towards the creation of larger intellectual wealth, provided that funds are expended on socially productive areas .Adequate representation should be given to academics from all disciplines and regions in the country in the Governing Board of the NRF which will be constituted by the RSA headed by the Prime Minister.

**4. The scheme of cluster of colleges -Central assistance inevitable.**

Kerala also followed the UGC directive to establish the scheme of cluster of colleges way back in 2010 under the leadership of the Kerala State Higher Education Council and financed by the government of Kerala. The concept of cluster of colleges needs to be examined seriously in the context of the opportunities the system provides for collaborative learning

**In a multilingual society like India, no one language can ever replace all others as the vehicle of knowledge. The present situation in which knowledge of English (rather than ability and curiosity) is given disproportionate weightage in higher education is undemocratic. Teaching often needs to be done in more than one language and for this purpose the cultivation of other languages is necessary. This is especially true for universities where students can write their examinations in more than one language.**

Different models of clusters have emerged across the world. Clusters have been set up around administrative structures, which would co-ordinate the functioning of the units. Individual institutions have also grouped together on their own to share the benefits of mutual cooperation. There are also clusters with one dominant member supporting smaller units. Clusters have been formed for specific purposes, like sharing Information Communication Technologies (ICT) in teaching-learning, civic engagement by institutions of higher education etc. Apart from sharing resources, the Clusters have provided opportunities for teachers to develop and offer new courses. Students have gained by exposure to experts in different institutions. The possibilities of opening up new areas of knowledge have emerged in the process. Obviously clusters have developed in response to the infrastructure and academic needs. The College Clusters that may be set up in affiliating universities in the State may draw upon the above concepts and practices. Special central assistance is required to strengthen this pioneering initiative of Kerala which can remedy several problems associated with the affiliating system.

**5. Ensure greater access in higher education to the marginalized sections**

Dismantling of the affiliating system cannot be justified simply on the ground that it exist only in India .The change envisaged in this regard, should put in place effective mechanism to ensure greater access to all marginalized sections in society especially the rural poor and the SC/ST section in the states as the affiliating system in spite of its systemic weaknesses had increased GER in the country. This calls for larger public investment in higher education to the often targeted level of 6% of GDP. The proposal to give degree granting powers to colleges definitely calls for further deliberations with state governments as most of the colleges are in the state universities and if taken causally it can create academic chaos in the country.

**6. The challenge of language -**

**Establish centres for translation or studies in languages in Universities in the state.**

All Indian Universities, and particularly Central Universities, draw students and teachers from diverse multilingual and ethnic/ regional backgrounds, with differing levels of access to English, which usually is the medium of instruction adopted in institutions of higher learning.

In a multilingual society like India, no one language can ever replace all others as the vehicle of knowledge. The present situation in which knowledge of English (rather than ability and curiosity) is given disproportionate weightage in higher education is undemocratic. Teaching often needs to be done in more than one language and for this purpose the cultivation of other languages is necessary. This is especially true for universities where students can write their examinations in more than one language.

Further, primary research, especially in the social sciences and humanities, involves interaction with peoples and texts written in different languages. This necessitates the ability to speak in regional languages and mastering other skills in that language which may or may not be familiar to the student. This needs greater focus on translation. In fact, a large part of teaching and research in universities globally relies on translation, beginning with the texts taught (many are often translated into English) to research (where the data is gathered using other languages and translated into English by the researcher.) The way forward for the Indian system of higher education is one that fosters a similar knowledge creation in Indian languages while improving student and faculty access to English. Translations must be conducted by universities from regional languages to English, between regional languages and from regional languages to English. Policies may be framed at entral/ UGC level to establish Centres for Translation or Studies in Languages in Universities in the State.

**7. Reaffirm the commitment to policies of reservation**

The NEP needs to categorically reaffirm a commitment to policies of reservation for students, teachers and other employees of educational institutions, as this is the bare minimum that is required in terms of affirmative action. Kerala stands for merit and reservation based admission and appointments in Higher Educational Institutions and this policy should be clearly stated in the policy.

**The mushrooming of Private Universities in the country will pave the way for complete commercialization of higher education in Kerala. The performance of private universities in the country is dismal except and handful of them. In several cases, self-financing institutions are elevated to the level of universities. This complete autonomy to private self -financing institutions to operate as university level institution may pose the biggest threat to quality education in the country.**

**8. Ensure genuine autonomy in HEIs**

Steps need to be taken to ensure that there is genuine autonomy in HEIs. This can be ensured by providing regular rather than sporadic financial support, based on accountability, and estimates of the requirements of institutions arrived at through discussion amongst faculty, students and administers rather than through an arbitrary top -down mode. Public institutions with transparent system of admission and appointment based on merit and reservation norms should be considered for grant of autonomy

**9. Incentivise states that successfully implemented UGC POA**

As per the UGC Plan Of Action (POA),Universities in Kerala introduced several reforms including examination reforms, democratisation of the Choice bstudent admission and curriculum reforms. The Choice Based Credit-Semester system (CBCSS) and grading by providing for maximum diversity in course content, learning strategies and testing methods, with the active participation of students and teachers is the best example in this regard. Now University Level Quality Standardisation and Teacher Training Programmes are being initiated in the state universities in Kerala to improve the quality of UG programmes based on Outcome Based





Education (OBE). These include internationally accepted academic protocol which Universities the world over maintain. They are a) Graduate Attributes, b) Academic Programme Outcomes and c) Course Outcomes There is need for developing a system at the central level for incentivising universities and states which have successfully implemented UGC directives in the realm of academic, administrative and examination reforms.

**10. New fields of studies should be encouraged**

Space needs to be created for sustained research and teaching in all existing disciplines and fields as well as those that emerge in future irrespective of whether they seem to be immediately relevant or not. Fields of study such as Women's Studies or Gender studies ,cultural studies, Media Studies, Dalit Studies, Studies of Discrimination and Exclusion, Environmental Studies and Development Studies all of which have developed in challenging ways over the last three or four decades need to find a space and active encouragement in the educational policy.

**11. Reduce faculty shortages& formulate faculty development plan**

Liberal arts education with multidisciplinary focus and with imaginative curriculum and pedagogy to be delivered by competent faculty, is seen a way to improve the quality of teaching and research. For this, faculty shortage should be reduced and faculty development plan should be prepared and implemented .The UGC should be provided autonomy, good leadership, and sufficient human resources to institute the process of consultation with the state governments and universities. Efforts for good governance of universities through a robust leadership building should be initiated. The central government should adequately fund higher education institutions in the states to meet the faculty shortages, provide scholarships to students and act as a major source of funding instead of leaving things to philanthropic and private investments.

**The decision to disallow retired faculty to act as research supervisor taken at the national level by the UGC has adversely affected research in the state universities in Kerala.**

**12. Proliferation of self-financing colleges: Need for regulatory mechanism**

The unwieldy growth of self -financing colleges at all levels (professional, arts& science, Managements) is posing severe threat to the quality and equity in higher education .Regulatory mechanism both by the State Govt. and the Universities is non -existent. Proper legislation to ensure quality and equity based on proper consultation with the state governments should be brought forward to regulate new age educational entrepreneurs in this sector.

**13. Emergence of private universities: Prevent crass commercialization of higher education.**

The mushrooming of Private Universities in the country will pave the way for complete commercialization of higher education in Kerala. The performance of private universities in the country is dismal except and handful of them. In several cases, self-financing institutions are elevated to the level of universities. This complete autonomy to private self-financing institutions to operate as university level institution may pose the biggest threat to quality education in the country. State Governments should be given adequate supervisory powers to regulate the operation of Private Universities operating through their off campus in the state.

**14. Problems of PhD researchers in the state Universities**


The decision to disallow retired faculty to act as research supervisor taken at the national level by the UGC has adversely affected research in the state universities in Kerala. In Kerala the teachers superannuate at the age of 60 in universities and at 56 in affiliated colleges. This has compounded the problem compared to the national situation where teachers retire at the age of 65 and above. The modification issued by UGC in Phd Regulation should be withdrawn or amended in the larger interest of research in the country

# പുതിയ ദേശീയ വിദ്യാഭ്യാസനയം ഇന്ത്യയുടെ അഖണ്ഡതയ്ക്ക് ഭീഷണി

സ്വാതന്ത്ര്യാനന്തരഭാരതം നാളിതുവരെ നേടിയ എല്ലാ നേട്ടങ്ങളെയും ഇല്ലാതാക്കുന്നതാണ് കേന്ദ്ര സർക്കാർപുറത്തുവിട്ട പുതിയ വിദ്യാഭ്യാസ നയം (കരട്). നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസരംഗം മുമ്പെങ്ങുമില്ലാത്തവിധം അതിഭയാനകമായ മതനിരപേക്ഷഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ്2019ലെ കരട്നയം ചർച്ചയ്ക്കായി അവതരിപ്പിച്ചിരിക്കുന്നത്. മുൻകാല വിദ്യാഭ്യാസനയങ്ങളിൽ നിന്നും ഈ കരടിനെ മാറ്റിനിർത്തുന്ന പ്രത്യേകത, വിദ്യാഭ്യാസരംഗത്ത് സജീവസാന്നിധ്യങ്ങളായ തല്പ്പരകക്ഷികളുമായി (Stakeholders) ഫലപ്രദമായ ചർച്ചനടത്തിയല്ല തയ്യാറാക്കപ്പെട്ടത് എന്നുള്ളതാണ്. 'ഒരു മതം, ഒരു ഭാഷ, ഒരു രാഷ്ട്രം' എന്ന ഭരണകൂടത്തിന്റെ താല്പ്പര്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി രൂപകല്പ്പന ചെയ്ത ഒരു രേഖാരൂപമാണ്ഈ കരട് എന്ന് പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തി ആവില്ല. ജനാധിപത്യത്തോട് യാതൊരുവിധ പ്രതിബദ്ധതയുമില്ലാത്ത ഒരു ഭരണകൂടം നടത്തുന്ന ചർച്ചകൾക്ക് എത്രമാത്രം സ്വീകാര്യത ഉണ്ടാകുമെന്നത് കണ്ടുതന്നെ അറിയണം. കാരണം അടുത്ത ഇരുപത് വർഷത്തേക്ക് വിഭാവനം ചെയ്തിട്ടുള്ള ഒരുനയം ചർച്ച ചെയ്യാനുള്ള പരിമിതമായ സാവകാശം പോലും കേന്ദ്ര സർക്കാർസംസ്ഥാനങ്ങള്ക്ക് നല്കിയിട്ടില്ല എന്നതിൽ നിന്നുതന്നെ, അവർ എല്ലാം മുൻകൂട്ടി തീരുമാനിച്ചിട്ടുണ്ട് എന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താനുമാകില്ല. ഈ ആഗസ്റ്റ് മാസം നടക്കുന്ന ദേശീയ വിദ്യാഭ്യാസ ഉപദേശകസമിതിയുടെ അംഗീകാരം കൂടി ലഭിച്ചുകഴിഞ്ഞാൽ പിന്നെ എല്ലാം ശരവേഗത്തിൽ നടക്കും. സംഘപരിവാർ വിഭാവനം ചെയ്യുന്ന ഭാരതീയ വിദ്യാഭ്യാസം രാജ്യത്താകെ ഏകരൂപത്തിൽ നടപ്പാക്കുന്നതിന് വേണ്ടിയുള്ള ബ്ലൂപ്രിന്റ് ആണ് കസ്തൂരിരംഗൻറിപ്പോർട്ട്. സുബ്രഹ്മണ്യൻകമ്മിറ്റി

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
& മുൻ വൈസ് ചാൻസലർ,
ശ്രീശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല, കാലടി





കെ. കസ്തൂരിരംഗൻ

റിപ്പോർട്ടിനൊപ്പം എം. എച്ച്. ആർ. ഡി നല്കിയ മറ്റൊരു റിപ്പോർട്ടുമാണ് തന്റെ റിപ്പോട്ടിനാധാരം എന്ന കസ്തൂരിരംഗന്റെ ഹിന്ദു റിപ്പോർട്ടറോടുള്ള വെളിപ്പെടുത്തൽ ഇതാണ് സൂചിപ്പിക്കുന്നത്. ആർ.എസ്. എസ്സിന് രൂപം നല്കമ്പോൾ ഒരു ശതാബ്ദക്കാലത്തിനുള്ളിൽ സാധിതപ്രായമാക്കാൻവേണ്ടി വിഭാവനം ചെയ്യപ്പെട്ട ഇന്ത്യയുടെ വിദ്യാഭ്യാസ പരിപ്രേക്ഷ്യത്തിന്റെ രൂപരേഖയായി വേണം കസ്തൂരിരംഗൻറിപ്പോർട്ടിനെ കണക്കാക്കാൻ. അതിന്റെ പ്രത്യക്ഷോദാഹരണങ്ങൾ ആണ് ഇന്ത്യയുടെ പൌരാണിക പാരമ്പര്യത്തെയുംവിദ്യാഭ്യാസരീതികളെയും പുനരാവിഷ്കരിക്കാനും അതിന്റെ ഉത്തമ മാതൃകയായി സംഘപരിവാർനടത്തിവരുന്ന 'വിദ്യാഭാരതി' പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഏറ്റവും നല്ല മാതൃകകളായി ഉയർത്തിക്കാട്ടുന്ന രീതിയും. അതിന്റെ പ്രത്യക്ഷോദാഹരണമാണ്. വിദ്യാഭാരതിയുടെ മേൽ നോട്ടത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കാൻപോകുന്ന നാസിക്കിലെ ഭോൺസാല മിലിട്ടറി സ്കൂൾ മാതൃകയിലുള്ള സൈനികസ്കൂളുകൾ. റിട്ടയർചെയ്ത ഹിന്ദു സൈനികോദ്യോഗസ്ഥരുടെ കാർമികത്വത്തിൽ നടത്തപ്പെടുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് പുറത്തുവരുന്നവരായിരിക്കും ഭാവിഭാരതത്തിന്റെ കാവലാളർ. അതിന്റെ പരിണാമം നമ്മുടെ സൈന്യത്തെക്കൂടി ഹിന്ദുത്വവല്ക്കരിക്കലാകും.

## സർക്കാരിന് പ്രതിബദ്ധതയില്ല

ദോഷം പറയരുതല്ലോ; കരടിൽ ചില നല്ല കാര്യങ്ങൾ കൂടി പറഞ്ഞുവയ്ക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസാവകാശനിയമം 3-18 വരെയുള്ള കുട്ടികളിലേയ്ക്ക് വ്യാപിപ്പിക്കുക എന്നത്. നിലവിലുള്ള വിദ്യാഭ്യാസാവകാശനിയമം രൂപപ്പെടുത്താൻതന്നെ കാൽ നൂറ്റാണ്ട് വേണ്ടിവന്നു. ആ അർത്ഥത്തിൽ ഇത് ഒരുപക്ഷെ നടക്കാത്ത സ്വപ്നമായി അവശേഷിക്കും എന്ന കാര്യത്തിൽ രണ്ടുപക്ഷമുണ്ടാകാനിടയില്ല. മുൻ കമ്മീഷൻറിപ്പോർട്ടുകളിൽ എന്നപോലെ ഇതിലും ജിഡിപിയുടെ 6% വിദ്യാഭ്യാസത്തിനായി ചെലവഴിക്കണം എന്ന് സൂചിപ്പിയ്ക്കുന്നു. കഴിഞ്ഞകാല കേന്ദ്രസർക്കാരുകൾ ഒന്നും തന്നെ ആ നിർദ്ദേശം പ്രാവർത്തികമാക്കിയിരുന്നില്ല. ഒന്നാം മോഡി സർക്കാർ ചെലവഴിച്ചതാകട്ടെ കേവലം 2.7% മാത്രമാണ്. മുൻകാല കമ്മീഷൻറിപ്പോർട്ടുകൾ രാജ്യത്ത് നടപ്പിലാക്കപ്പെടാതിരിക്കാൻകാരണം അതിനുള്ള വിഭവം മാറ്റിവയ്ക്കാനുള്ള ഇച്ഛാശക്തി കേന്ദ്രഭരണകൂടം കാണിക്കാത്തതായിരുന്നു. ഡോ. കസ്തൂരിരംഗനും കോത്താരി മുതലുള്ള കമ്മീഷനുകൾ മുന്നോട്ടുവച്ച അതേ നിർദ്ദേശങ്ങൾ ആവർത്തിക്കുന്നു. രണ്ടാം മോഡി സർക്കാർഈ വർഷത്തെ ബഡ്ജറ്റിൽ കേവലം 3.4%മാത്രമാണ് വിദ്യാസത്തിനായി നീക്കിവച്ചിട്ടുള്ളത്. മുപ്പതിനായിരം കോടിയിലേറെ രൂപ പ്രതിവർഷം വിദ്യാഭ്യാസ സെസ് ഇനത്തിൽ സർക്കാർപിരിച്ചെടുക്കുന്നു. ആ തുക മാത്രം ഉപയോഗിക്കാൻകേന്ദ്രം തയ്യാറായാൽ മതി വിദ്യാഭ്യാസരംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ. 1986ലെ വിദ്യാഭ്യാസനയത്തിന് ഒരു പ്രവർത്തനപദ്ധതി (Programme of action-1992) രൂപീകരിക്കാൻതന്നെ ആറുവർഷം വേണ്ടിവന്നു, ഈ റിപ്പോർട്ടിൽ അവിടവിടെയായി ചില പ്രവർത്തന പദ്ധതികൾ ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും മുൻകാല റിപ്പോർട്ടുകളുടെ ഗതി വരാതിരിക്കണമെങ്കിൽ കൃത്യമായ പ്രവർത്തന

പദ്ധതി സർക്കാർആവിഷ്കരിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഇച്ഛാശക്തി സർക്കാരിനുണ്ടാകണം.

മനുഷ്യനെ മയക്കുമരുന്നിന് അടിമപ്പെടുത്തുന്ന കോർപ്പറേറ്റ് മാഫിയകളുടെ കുടിലതന്ത്രങ്ങളെപ്പോലും നാണിപ്പിക്കുന്ന തരത്തിലാണ് ഭരണകൂടത്തിന്റെ തണലിൽ തഴച്ചു വളരുന്ന വിദ്യാഭ്യാസമാഫിയകൾ നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നത്. ഇതിനെ പ്രബലപ്പെടുത്തുന്ന പ്രയോഗമാണ് സമീപകാലത്ത് കേന്ദ്രവിദ്യാഭ്യാസ സെക്രട്ടറി പദത്തിൽ നിന്നും വിരമിച്ച ശ്രീ അനിൽ സ്വരൂപ് നടത്തിയ പ്രതികരണം. കൽക്കരി കുംഭകോണകാലത്ത് ആ വകുപ്പിന്റെ സെക്രട്ടറി പദം വഹിക്കേണ്ടിവന്ന അദ്ദേഹം പറഞ്ഞത്, ഏറ്റവും കൂടുതൽ മാഫിയകൾ വാഴുന്നത് വിദ്യാഭ്യാസ മേഖലയിലും കൽക്കരി മേഖലയിലുമാണെന്നാണ്. ഒറ്റ വ്യത്യാസമേ ഉള്ളൂ; കൽക്കരിമാഫിയകൾ ഭൂമിക്കടിയിലും വിദ്യാഭ്യാസമാഫിയകൾ ഭൂമിക്ക് മുകളിലുമാണ് വിഹരിക്കുന്നത്. നമ്മുടെ രാജ്യത്തെ ഭരണഘടനയെ സാക്ഷ്യപ്പെടുത്തി അധികാരത്തിലേറുന്ന ഭരണാധികാരികൾ, അതിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻബാധ്യസ്ഥരാണ്. മതനിരപേക്ഷത എന്ന പദം ഈ രേഖയിൽ പേരിനുപോലും കണ്ടെത്താൻപ്രയാസമാണ്. ഏതൊരു രാജ്യത്തിന്റെയും വിദ്യാഭ്യാസനയം ആ രാജ്യത്തിന്റെ ഭരണഘടനാമൂല്യങ്ങളെ അരക്കിട്ടുറപ്പിക്കുന്നതും കൂടുതൽ ശക്തിപ്പെടുത്തുന്നതും ആയിരിക്കണം. എന്നാൽ നമ്മുടെ ഭരണഘടനാമൂല്യങ്ങളെ പിച്ചിച്ചീന്തുന്ന നയസമീപനങ്ങളാണ് ശ്രീ അടൽ ബിഹാരി വാജ്പേയിയുടെ കാലം മുതൽ എൻ. ഡി. എ സർക്കാർസ്വീകരിച്ചുവരുന്നത്. സംസ്ഥാനങ്ങളിലായാലും കേന്ദ്രത്തിലായാലും തങ്ങൾ അധികാരത്തിൽ വരുമ്പോഴൊക്കെ വിദ്യാഭ്യാസ-സാംസ്കാരിക സ്ഥാപനങ്ങൾ വഴി തങ്ങളുടെ വർഗീയപ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ള ആസൂത്രിത ശ്രമങ്ങൾ നടത്തുക പതിവാണ്. 1925ൽ ആർ. എസ്. എസ് സ്ഥാപിതമായ കാലം മുതൽ അതിന്റെ പോഷകസംഘടനകൾ വഴി തങ്ങളുടെ വർഗീയ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാനുള്ള അതിവിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിവരികയാണ്. 2025 ആകുമ്പോഴേക്കും തങ്ങൾ ആഗ്രഹിക്കുന്ന രീതിയിലുള്ള ഒരു ഹിന്ദുരാഷ്ട്രം കെട്ടിപ്പടുക്കുക എന്നതാണ് സംഘപരിവാർവിഭാവനം ചെയ്യുന്നത്. അതിനുള്ള സ്വപ്നങ്ങൾ രേഖയിൽ കാണാൻകഴിയും. സംഘപരിവാർവിഭാവനം ചെയ്യുന്ന ഭാരതീയ സംസ്കാരവും സംസ്കൃത ഭാഷാപഠനത്തിന്റെ പ്രാധാന്യവും രേഖയിൽ അവിടവിടെയായി എടുത്തുപറയുന്നു. പതിനേഴാം ലോകസഭാ തെരഞ്ഞെടുപ്പ്ഫലത്തിലൂടെ തങ്ങളുടെ ദീർഘകാലമോഹം നടപ്പാക്കുന്നതിനുള്ള ഭൂമികയൊരുങ്ങിക്കഴിഞ്ഞു. രാജ്യസഭയിൽ കൂടി ഭൂരിപക്ഷം കിട്ടുന്നതോടെ ഹിന്ദുരാഷ്ട്രമെന്ന അജണ്ട പ്രാവർത്തികമാക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കപ്പെടും. അതിന് ഏറ്റവും ലളിതമായ മാർഗം വിദ്യാഭ്യാസമേഖലയാണ് എന്ന് അവർക്ക് നന്നായറിയാം. സംഘപരിവാർ1978ൽ സ്ഥാപിച്ച 'വിദ്യാഭാരതി' ഇന്ന് ശാഖോപശാഖകളായി വളർന്ന് പന്തലിച്ച് രാജ്യത്തെ ഏറ്റവും ബൃഹത്തായ വിദ്യാഭ്യാസ ശൃംഖലയായി വളർന്നുകഴിഞ്ഞു. 'സംസ്കൃത ഭാരതി'യെ ഏറ്റവും നല്ല മോഡൽ ആയി രേഖ എടുത്തുകാട്ടുന്നു. മാധ്യമവാർത്തകൾ വിശ്വസിക്കാമെങ്കിൽ അൻപതിനായിരത്തോളം വിദ്യാഭ്യാസസ്ഥാപനങ്ങൾ, അൻപത് ലക്ഷത്തിൽപ്പരം വരുന്ന വിദ്യാർഥികൾ, രണ്ട് ലക്ഷത്തോളം ശിക്ഷകരുകൾ ഇന്ന് വിദ്യാഭാരതിയ്ക്കുണ്ട്. 2020 ആകുന്നതോടെ രാജ്യത്താകെ ഒരുലക്ഷം ആർ. എസ്. എസ്. ശാഖകൾ രൂപീകരിച്ചുകഴിയും. ഇത് കൂടാതെ മുപ്പത്തി അഞ്ചോളം വിദേശരാജ്യങ്ങളിലായി മുന്നൂറിൽപ്പരം ശാഖകളും പ്രവർത്തിച്ചുവരുന്നതായാണ് കണക്കാക്കപ്പെടുന്നത്.

## വർഗീയത ഉയർത്തുന്ന വെല്ലുവിളി

പത്തൊൻപതാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാരാണ് ഇന്ത്യയിൽ വിദ്യാഭ്യാസത്തിന്റെ വർഗീയവല്ക്കരണത്തിന് ആരംഭം കുറിച്ചത്. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന ഗൂഢതന്ത്രത്തിന്റെ ഭാഗമായി ഹിന്ദുക്കളെയും മുസ്ലീങ്ങളെയും സാമുദായികമായി ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങൾ ഒന്നാം സ്വാതന്ത്ര്യസമരാനന്തര കാലഘട്ടത്തിലേ തുടങ്ങിയിരുന്നു. അതിന് അവർകൂട്ടുപിടിച്ചത് ഇന്ത്യാചരിത്രത്തെയാണ്. ബ്രിട്ടീഷ്ഇന്ത്യാ ചരിത്രത്തിന്റെ കർത്താവായ ജയിംസ്മിൽ ഇന്ത്യാചരിത്രത്തെ മതാടിസ്ഥാനത്തിൽ വിഭജിക്കുകയായിരുന്നു. പ്രാചീനകാലത്തെ ഹിന്ദുസംസ്കാരമായും മധ്യകാലത്തെ മുസ്ലീം സംസ്കാരമായും ആധുനികകാലത്തെ ബ്രിട്ടീഷ് സംസ്കാരമായും വിഭജിച്ചു. സംഘപരിവാർ ഒരുപടി കൂടി കടന്ന് ഹിന്ദു കാലഘട്ടത്തെ സുവർണ കാലഘട്ടമായും മുസ്ലീം കാലഘട്ടത്തെ അധഃപ്പതനകാലഘട്ടമായും ചിത്രീകരിച്ചുകൊണ്ട് നിരന്തരമായ പ്രചാരവേല നടത്തിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഇന്ത്യക്കാരെ തമ്മിലടിപ്പിക്കാൻഇന്ത്യാ ചരിത്രത്തെ ബോധപൂർവം വക്രീകരിച്ച ബ്രിട്ടീഷുകാരുടെ പാത പിന്തുടർന്നുവരുന്ന സംഘപരിവാർ അധികാരത്തിലെത്തിയപ്പോഴെല്ലാം ആ പ്രചാരവേലയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. അതിനവർആദ്യം ചെയ്തത് വിദ്യാഭ്യാസമേഖലയിൽ ദേശീയവല്ക്കരിക്കുക, ഭാരതീയവല്ക്കരിക്കുക, ആത്മീയവല്ക്കരിക്കുക എന്നീ ത്രിമാനതന്ത്രങ്ങൾ നടപ്പിലാക്കുകയായിരുന്നു. അധികാരത്തിൽ വന്നപ്പോഴൊക്കെ വിദ്യാഭാസരംഗത്ത് ബോധപൂർവമായ ഇടപെടൽ നടത്തിയിട്ടുണ്ട്. രാജ്യത്ത് നിലവിലുള്ള വിദ്യാഭ്യാസനയം ഭാരതീയത തൊട്ടുതീണ്ടിയിട്ടില്ലാത്തതാണെന്നും അതുകൊണ്ട് വിദ്യാർഥികൾക്ക് അവരുടെ വേരുകളും സംസ്കാരവും മനസ്സിലാക്കി ആത്മീയൈക്യം പ്രാപ്തമാക്കുന്ന വിദ്യാഭ്യാസരീതിയാണ് വേണ്ടതെന്നും സംഘപരിവാർനിഷ്കർഷിക്കുന്നു. അതിനായിഅവരുടെതന്നെ നിയന്ത്രണത്തിലുള്ള 'ഭാരതീയ ശിക്ഷണമണ്ഡലും' 'ശിക്ഷാ സംസ്കൃതി ഉത്ഥാൻന്യാസും' ചേർന്ന് രൂപപ്പെടുത്തിയ 'വിദ്യാഭ്യാസനയം' ദേശീയവിദ്യാഭ്യാസനയമാക്കി മാറ്റുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. അതിനായി ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന കരട്, ഒരു രൂപകം മാത്രമാണ്. പുതിയ കരട് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ഒരു തന്ത്രം മാത്രം. അതിന്റെ പ്രത്യക്ഷോദാഹരണമാണ് ഗുജറാത്ത്, രാജസ്ഥാൻഉടങ്ങിയ സംസ്ഥാനങ്ങളിൽ നടപ്പാക്കപ്പെട്ട ദേശീയതയിലും സ്വാഭിമാനത്തിലും ഭാരതീയ മൂല്യങ്ങളിലും മാത്രം ഊന്നിയുള്ള നയപരിപാടികൾ.

2014 ൽ വീണ്ടും കേന്ദ്രഭരണം കൈവന്നതോടെ തങ്ങൾ തുടർന്നുവന്ന ത്രിമാനതന്ത്രങ്ങൾ ക്രമേണ ഷണ്മുഖ തന്ത്രങ്ങളാക്കി (Six

pronged strategies) വികസിപ്പിച്ചു. ഹിന്ദുത്വപ്രീണനത്തിനായിവർഗീയവല്ക്കരണവും കുത്തകപ്രീണനത്തിനായി കോർപ്പറേറ്റ് വല്ക്കരണവുംവിദ്യാഭ്യാസനയത്തിന്റെ ഭാഗമാക്കി. നാൽപ്പത്തി രണ്ടാം ഭരണഘടനാഭേദഗതിയിലൂടെ വിദ്യാഭ്യാസം സമവർത്തിപ്പട്ടികയിൽ ഉൾപ്പെടുത്തുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന പരിമിതമായ അവകാശം പോലും ഈ കരടിലൂടെ കേന്ദ്രം ഏറ്റെടുത്തുകൊണ്ട് കേന്ദ്രവല്ക്കരണം നടത്തിയിരിക്കുന്നു.

വർഗീയവല്ക്കരണത്തിന് ശക്തിപകരാൻ ഏറ്റവും അവസാനമായി അവർ ചെയ്തത് മാനവശേഷി വികസനവകുപ്പിന്റെ കീഴിലുള്ള മഹർഷി സന്ദീപനി രാഷ്ട്രീയ വേദവിദ്യാ പ്രതിഷ്ഠാന്റെ(MSRVP) നിയന്ത്രണത്തിൽ സി. ബി. എസ്. ഇ. മാതൃകയിൽ പുതിയ ഭാരതീയ ശിക്ഷാ ബോർഡിന് (BSB)രൂപം നല്കിക്കൊണ്ട് നിലവിലുള്ള അനംഗീകൃത ഗുരുകുല പാഠശാലകൾക്ക് അംഗീകാരം നല്കുകയായിരുന്നു. പുതിയ വിദ്യാഭ്യാസ നയത്തിലൂടെ രാജ്യത്താകെ തങ്ങൾ വിഭാവനം ചെയ്യു ഗുരുകുല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശൃംഖലതന്നെ രൂപീകരിക്കപ്പെടും. ഇതിന്റെ മുന്നോടിയായി എൻ. സി. റ്റി. ഈയുടെ കീഴിലുള്ള നാല് പ്രാദേശിക കമ്മിറ്റികളും തങ്ങളുടെ ഇഷ്ടക്കാരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചുകഴിഞ്ഞു.


ഇതുവഴി അധ്യാപകരെയും അധ്യാപകവിദ്യാഭ്യാസത്തെയും തങ്ങളുടെ വരുതിയിൽ ആക്കിയിരിക്കുന്നു.

## പുതിയ ദേശീയവിദ്യാഭ്യാസനയംവരുന്നു

1986ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് ശേഷം നമ്മുടെ രാജ്യത്ത് ജനാധിപത്യസംവിധാനം വഴി രൂപപ്പെടുത്തിയ ഒരു വിദ്യാഭ്യാസനയം ഉണ്ടായിട്ടില്ല. എന്നാൽ മുരളീമനോഹർജോഷി മാനവ വിഭവശേഷി വികസനവകുപ്പ് മന്ത്രിയുമായിരിക്കുന്ന കാലത്ത് (2000) അംബാനി-ബിർളാ റിപ്പോർട്ടിന്റെ (A Policy framework for Reforms in Education)അടിസ്ഥാനത്തിൽ ഒരു വിദ്യാഭ്യാസ നയം അവതരിപ്പിക്കപ്പെടുകയുണ്ടായി. അതിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ യുപിഎ സർക്കാരുകളും എൻ. ഡി. എ സർക്കാരുകളും അഹമഹമികയാ മത്സരിക്കുകയായിരുന്നു. കാരണം അതിലെ നിർദ്ദേശങ്ങൾ എല്ലാംതന്നെ നവലിബറൽ നയങ്ങളുടെ ഭാഗമായിരുന്നു. വിദ്യാഭ്യാസരംഗത്ത് ആഗോളവല്ക്കരണ–ഉദാരവല്ക്കരണ -സ്വകാര്യവല്ക്കരണ നയങ്ങൾക്ക് തുടക്കം കുറിച്ചത് 1986ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായിട്ടായിരുന്നു. 1992ലെ പ്രവർത്തന പദ്ധതിയുടെ (Program of Action) അടിസ്ഥാനത്തിൽ 1995ൽ മാനവ ശേഷി വികസന വകുപ്പ് മന്ത്രിയായിരുന്ന മാധവറാവു സിന്ധ്യയാണ് ആദ്യമായി സ്വകാര്യ സർവകലാശാലാ ബില്ലിന് രൂപം നല്കിയത്. അത് കൂടുതൽ ശക്തിയോടെ മോദിസർക്കാർമുന്നോട്ടുകൊണ്ടു പോയി. അതിന്റെ പരിഷ്കൃത രൂപമാണ്കസ്തൂരിരംഗൻ റിപ്പോർട്ട്. നാളിതുവരെ പ്രവർത്തനം പോലും തുടങ്ങിയിട്ടില്ലാത്ത അംബാനിയുടെ ജിയോ (JIO) ഇൻസ്റ്റിട്യൂട്ടിന് ശ്രേഷ്ഠ പദവിയും സ്വയംഭരണാവകാശവും ആയിരം കോടി രൂപയും നല്കുമെന്നുള്ള പ്രഖ്യാപനം സർക്കാർആരുടെ പക്ഷത്താണ് എന്നത് വിളിച്ചോതുന്നു. ജെ. എൻ. യുപോലുള്ള ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെ അവഗണിച്ചുകൊണ്ടാണ് അംബാനി-ബിർളമാരെ ഇത്തരത്തിൽ വഴിവിട്ട് സഹായിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾക്ക് യുജിസി ഒരു പ്രതിബന്ധമാണെന്ന് കണ്ടതിനാലാണ് അതിനുണ്ടായിരുന്ന പരിമിതമായ സാമ്പത്തികാധികാരവും ജനാധിപത്യസംവിധാനങ്ങളും കേന്ദ്രസർക്കാർവീണ്ടെടുക്കുകയും പകരം വിദ്യാഭ്യാസമന്ത്രി (കരട് രേഖയിൽ മാനവശേഷി വികസന വകുപ്പിനെ വിദ്യാഭാസവകുപ്പ് എന്ന് പുനർനാമകരണം ചെയ്യുന്നുണ്ട്) അധ്യക്ഷനായ പുതിയ അധികാര കേന്ദ്രം രൂപീകരിക്കുകയും ചെയ്യുത്.

## അംബാനി-ബിർളാ റിപ്പോർട്ടിന്റെ പുതിയ മുഖം

വിദ്യാഭ്യാസരംഗത്തെ സബ്സിഡി ഒഴിവാക്കുക, പ്രൈമറി വിദ്യാഭ്യാ






സത്തിൽ മാത്രം സർക്കാർഇടപെടുക,പ്രകടനപരതയുടെ അടിസ്ഥാനത്തിൽ മാത്രം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നല്കുക, ഫീസ് നിരക്കുകൾ കാലോചിതമായി വർദ്ധിപ്പിക്കുക,സർവകലാശാലകളെ സാമ്പത്തികമായി ശക്തരാക്കാൻനിർബന്ധിക്കുക, ഫണ്ടിംഗ് ഏജൻസിയായ യുജിസിയെ യു. ഈ. സി ആക്കിക്കൊണ്ട് സാമ്പത്തികാധികാരം എടുത്തുകളയുക, സ്വകാര്യ സർവകലാശാലാ ആക്റ്റ് നടപ്പിലാക്കുക,വിദേശ സർവകലാശാലകൾ അനുവദിച്ചുകൊണ്ട് വിദേശ പ്രത്യക്ഷ നിക്ഷേപത്തിന് അവസരമൊരുക്കുക തുടങ്ങിയവയായിരുന്നു അംബാനി-ബിർളാ റിപ്പോർട്ടിന്റെ സുപ്രധാന നിർദ്ദേശങ്ങൾ. ഈ നിർദ്ദേശങ്ങളൊക്കെ വളരെ കൃത്യമായും ചിട്ടയായും എൻ. ഡി. എ സർക്കാർനടപ്പിലാക്കുകയായിരുന്നു. അംബാനി പച്ചയായി പറഞ്ഞ കാര്യങ്ങൾ കസ്തൂരിരംഗൻചില സാങ്കേതിക പദങ്ങൾ ഉപയോഗിച്ചു പറയുന്നു എന്നുമാത്രം.

ഏതൊരു കമ്മീഷനും തങ്ങളുടെ നിർദ്ദേശങ്ങൾ അവതരിപ്പിക്കുമ്പോൾ മുൻകാല കമ്മീഷൻറിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ എത്രമാത്രം നടപ്പാക്കി എന്ന് പരിശോധിക്കുക സ്വാഭാവികമാണ്. അതോടൊപ്പം പുതിയ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള ഭൂമിക സജ്ജമാണോ എന്ന അന്വേഷണവും വേണം. ഈ രണ്ട് കാര്യങ്ങളും പരിശോധിക്കാതെയാണ് പല നിർദ്ദേശങ്ങളും അവതരിപ്പിച്ചിട്ടുള്ളത്. ദശാബ്ദങ്ങളായി തുടർന്നുവരുന്ന 10+2+3 എന്ന ഘടനാമാറ്റം, പ്രീസ്കൂൾ വിദ്യാഭ്യാസം പ്രൈമറി ഘട്ടത്തോട് ചേർക്കൽ ,കോത്താരി വിഭാവനം ചെയ്തതിൽ നിന്ന് വ്യത്യസ്തമായ സ്കൂൾ കോംപ്ലക്സ്,ത്രിഭാഷാപദ്ധതിയുടെ നൂതനരൂപം, സർവകലാശാലകളിൽ നിന്നുള്ള കോളെജുകളുടെ വേർപെടുത്തൽ ,ദശാബ്ദങ്ങളായി വ്യത്യസ്ത മേഖലകളിലായി നിലനിന്നുവരുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഏകീകരണം,അധ്യാപകവിദ്യാഭ്യാസസ്ഥാപനങ്ങളുടെ യൂണിവേഴ്സിറ്റിവല്ക്കരണം തുടങ്ങിയവയൊന്നും യാതൊരുവിധ പഠനവും ചർച്ചകളും നടത്താതെയുള്ള നിർദ്ദേശങ്ങളാണ്. പുതുതായി അവതരിപ്പിക്കപ്പെടുന്ന ഏതൊരു പോളിസിയും സാമൂഹികമായും രാഷ്ട്രീയമായും സ്വീകാര്യത നേടിയതാകണം. അത് സാമ്പത്തികമായി സാധ്യമാകുന്നതാകണം,ഭരണപരമായി നടക്കുന്നതാകണം, സാങ്കേതികമായും നിയാമകമായും സാധൂകരണമുള്ളതാകണം. നിലവിലുള്ള സംവിധാനത്തിന്റെ ഗുണദോഷവിചാരം നടത്തി അതിന്റെ നല്ലവശങ്ങളെ ശാക്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ ഗുണഭോക്താക്കളിൽ നിന്നും സ്വരൂപിക്കണം. അതിന് ഓരോ സംസ്ഥാനത്തിന്റെയും പ്രശ്നങ്ങൾ അവരുമായി ചർച്ച ചെയ്ത് അവർക്കുകൂടി സ്വീകാര്യമായ നിർദ്ദേശങ്ങൾ സ്വരൂപിക്കണം. അത്തരത്തിലൊരു പ്രക്രിയയുടെ അഭാവം ഈ റിപ്പോർട്ടിൽ പ്രകടമാണ്. നാനാതരം വൈവിധ്യങ്ങളും പ്രത്യേകതകളും ഉള്ള നമ്മുടെ രാജ്യത്തിൻമൊത്തത്തിൽ ഒരു മാനകം അശാസ്ത്രീയവും ഫെഡറൽ സങ്കല്പങ്ങൾ ക്ക് നിരക്കാത്തതുമാണ്. ഈ റിപ്പോർട്ട് വായിക്കുന്ന ഏതൊരാൾക്കും ആദ്യം തോന്നുക വിദ്യാഭ്യാസത്തെ സമവർത്തിപ്പട്ടികയിൽ നിന്ന് മാറ്റി കേന്ദ്രപ്പട്ടികയിലാക്കി എന്നതായിരിക്കും.

കസ്തൂരിരംഗൻറിപ്പോർട്ടിൽ പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഭാഗമായ ഒന്നും രണ്ടും ക്ലാസ്സുകൾ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ അനുബന്ധമായി കണക്കാക്കിയിരിക്കുന്നത് പൊതുവേ സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അത് എത്രമാത്രം പ്രായോഗികമാണ് എന്ന അന്വേഷണം നടത്താൻകമ്മിറ്റി തയ്യാറായിട്ടില്ല. മസ്തിഷ്കവികാസത്തിന്റെ 85%ലധികം സംഭവിക്കുന്നത്ഈ കാലഘട്ടത്തിലാണ്. ആയതിനാൽ ഈ കാലഘട്ടം വളരെ ഗൗരവത്തോടെ പരിഗണിക്കപ്പെടണം. രാജ്യത്ത് പൊതുസ്വകാര്യ സ്ഥാപന



ങ്ങളിൽ പ്രീപ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർഥിക ളിൽ ഗണ്യമായ ശതമാനത്തിന് പ്രൈമറി ഘട്ടത്തിലെത്തുമ്പോൾ ആവശ്യമായ സന്നദ്ധതാശേഷി ആർജിക്കുവാൻകഴിയുന്നില്ല എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ചിന്താശേഷിയും സർഗപരതയും സൃഷ്ടിവൈഭവവും മാനവികതയും അനുതാപവുമൊക്കെയുള്ള യഥാ ർത്ഥ മാനവനായി നമ്മുടെ കുട്ടിക ളെ വളർത്തുന്നതിന് പ്രീപ്രൈമറി ഘട്ടം ചലനാത്മകമാക്കുന്നത് ഭാ വിസമൂഹ സൃഷ്ടിയിൽ ഏറെ ഗുണം ചെയ്യും. അതിനായി മൂന്നുമുതൽ ആറുവയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം വിദ്യാഭ്യാസാവകാശ നിയമത്തിന്റെ ഭാഗമാക്കാനുള്ള നി ർദ്ദേശം പൊതുവേ സ്വാഗതം ചെയ്യ പ്പെട്ടു. എന്നാൽ ലക്ഷക്കണക്കിന് വരുന്നതും അസൌകര്യങ്ങളുടെ മൂർത്തീകരണങ്ങളായി നിലകൊള്ളു ന്നതുമായ ഏകാധ്യാപക പ്രൈമറി സ്കൂളുകളുടെ(119303 ഏകാധ്യാപക വിദ്യാലയങ്ങൾ ഇപ്പോഴും ഉള്ളതാ യി കരട് രേഖ സൂചിപ്പിക്കുന്നു) ഭാ ഗമായി പ്രീപ്രൈമറി-അംഗനവാടി ഘട്ടങ്ങളെ യാന്ത്രികമായി കൂട്ടിക്കെ ട്ടുമ്പോൾ ഉണ്ടായേക്കാവുന്ന ദുരന്തം ഭയാനകമായിരിക്കും. അംഗനവാ ടികൾ പ്രീപ്രൈമറി സ്കൂളുകളുമായും പ്രീപ്രൈമറി സ്കൂളുകളെ പ്രൈമറി സ്കൂ ളുകളുമായും ശാസ്ത്രീയമായി ബന്ധി പ്പിക്കുകയും കളിയിലൂടെയുള്ള പഠനത്തിന് അനുയോജ്യമായ തര ത്തിൽ അടിസ്ഥാനസൌകര്യങ്ങള ടങ്ങിയ അന്തരീക്ഷം ഉണ്ടാക്കുകയും വേണം. അല്ലാത്തപക്ഷം അനതി വിദൂരഭാവിയിൽ പത്തുകോടിയിലേ റെ കുട്ടികൾ വിദ്യാഭ്യാസമേഖലയി ൽ നിന്ന് ഉത്തേറിയപ്പെടുമെന്ന് രേഖ തന്നെ എടുത്തുപറയുന്നു.

## ഇന്ത്യ @75


2022ൽ എഴുപത്തഞ്ച് തികയുന്ന 'പുതിയ ഭാരതത്തിനുവേണ്ടിയുള്ള തന്ത്രങ്ങൾ' എന്നപേരിൽ നീതി ആയോഗ് 2018നവംബറിൽ പ്രസി ദ്ധീകരിച്ച രേഖയിൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ചില സുപ്രധാന വെളിപ്പെടുത്തലുകൾ നടത്തുന്നുണ്ട്. പ്രൈമറി സ്കൂളുകളിൽ പ്രവേശനം തേടുന്നവരിൽ 70. 7%പേര് മാത്രമാണ് പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നത്. ഗുണമേന്മയാണ് വിദ്യാഭ്യാസരംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവി ളി എന്ന് നാസ്/അസർറിപ്പോർട്ടുക ളെ ഉദ്ധരിച്ചുകൊണ്ട് ചൂണ്ടിക്കാട്ടുന്ന രേഖ, പ്രശ്നപരിഹാരത്തിന് 'രാജ സ്ഥാൻമോഡൽ 'സ്വീകരിക്കാനാ ണ്നമ്മെ ഉപദേശിക്കുന്നത്. ജി. ഡി. പിയുടെ6%വിദ്യാഭ്യാസത്തിനാ യി നീക്കിവയ്ക്കണമെന്ന് ആദ്യമായി നിർദ്ദേശിച്ചത് കോത്താരി കമ്മീ ഷനാണ്(1964-66). തുടർന്ന് വന്ന എല്ലാ വിദ്യാഭ്യാസക്കമ്മീഷനുകളും അതാവർത്തിച്ച് പറഞ്ഞുകൊണ്ടേ യിരുന്നു. നീതി ആയോഗും കസ്തൂ രിരംഗനും അതാവർത്തിക്കുന്നു. എന്നാൽ ഇപ്പോഴും പരമാവധി 2.7% മാത്രമാണ് വിദ്യാഭ്യാസത്തി നായി കേന്ദ്രസർക്കാർചെലവഴിക്കു ന്നത്എന്ന് നീതി അയോഗ് ചൂണ്ടി ക്കാട്ടുന്നു. 2022ൽ 6% ആക്കുമെന്നാ ണ് നയരേഖ പ്രഖ്യാപിക്കുന്നത്. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ സർക്കാർസ്കൂളുകളിൽ 2. 31 കോടി കുട്ടികളുടെ കുറവ് ചൂണ്ടിക്കാട്ടുന്ന രേഖ, പ്രൈവറ്റ് സ്കൂളുകളിൽ 1. 45കോടിയുടെ വർധനവ്കാണിക്കു ന്നു. ഇതിനുള്ള പരിഹാരം അഖി ലേന്ത്യാതലത്തിൽ കേരള മാതൃക വ്യാപിപ്പിക്കലാണ്. കേരളമെന്ന പേരുപോലും ഈ രേഖയിൽ ഒരി ടത്തും കാണാൻകഴിയില്ല. ഉന്നത വിദ്യാഭ്യാസരംഗത്തും നേരിടുന്ന പ്ര ധാന വെല്ലുവിളി ഗുണമേന്മ തന്നെ യാണ്. ഉന്നതവിദ്യാഭ്യാസത്തിന ർഹരായ(15-23)യുവാക്കളിൽ 25% പേർക്ക് മാത്രമാണ് ഇപ്പോഴും അതിനവസരം ലഭിക്കുന്നത്. കൊ റിയയിൽ 98%വും റഷ്യയിൽ 78% വും ഉന്നതവിദ്യാഭ്യാസത്തിന് പോ കുന്നു എന്ന് ചൂണ്ടിക്കാട്ടുന്ന നീതി അയോഗ്, 2022ൽ ഇന്ത്യയിൽ 35% ആയി വർദ്ധിപ്പിക്കാനാണ് ഉദ്ദേശി

ക്കുന്നത്. എന്നാൽ കരട് നയരേഖ 50% ആക്കാനാണ് ലക്ഷ്യമിടുന്നത്. അതേ സമയം ഇപ്പോഴത്തെ ലോക ശരാശരി ആകട്ടെ 33% ആണ്. വേണ്ടത്ര അക്രഡിറ്റേഷനും റേറ്റിങ്ങും ഇല്ലാത്തതാണ് ഗുണമേന്മയില്ലായ്മയ്ക്ക് പ്രധാന കാരണമെന്ന് ഒരു ഭാഗത്ത് ചൂണ്ടിക്കാട്ടുമ്പോൾ മറുഭാഗത്ത് കേന്ദ്ര സർവകലാശാലകളിൽ 33% ഉം ഡയറ്റുകളിൽ 45%ഉം അധ്യാപകരുടെ കുറവ് രേഖ ചൂണ്ടിക്കാട്ടുന്നു. രോഗഗ്രസ്തമായ നമ്മുടെ വിദ്യാഭ്യാസമേഖലയെ ഫലപ്രദമായി ചികിത്സിക്കുന്നതിന് പകരം തന്റെ സ്വപ്ന ഭൂമികയ്ക്ക് പശ്ചാത്തലം ഒരുക്കുകയാണ് സ്വപ്നലോകത്തിരുന്നുകൊണ്ട് കസ്തൂരിരംഗൻചെയ്യുന്നത്.

## മാഫിയവല്ക്കരിക്കപ്പെടുന്ന വിദ്യാഭ്യാസ മേഖല

കല്ലറികംഭകോണത്തെപ്പോലും വെല്ലുന്ന മാഫിയകൾ വിഹരിക്കുന്ന മേഖലയാണ് വിദ്യാഭ്യാസം എന്ന് സൂചിപ്പിച്ചുവല്ലോ. അതിന്റെ പ്രത്യക്ഷോദാഹരണമാണ് തൊണ്ണൂറുകൾക്ക് ശേഷം രാജ്യത്തുണ്ടായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭൂതപൂർവമായ വളർച്ച. ഈ സ്ഥാപനങ്ങളുടെയെല്ലാം അംഗീകാരവും ഏകോപനവും നിയന്ത്രണവും ഗുണമേന്മ ഉറപ്പുവരുത്തലുമെല്ലാം യു ജിസിയും രണ്ട് ഡസനോളം വരുന്ന അവാന്തര കൗൺസിലുകളുമാണ് നടത്തിവന്നത്. പൂർണമായും അഴിമതിമുക്തമല്ലെങ്കിലും പാർലമെന്റ് പാസ്സാക്കിയ ആക്ടുകളുടെയും ചട്ടങ്ങളുടെയുമൊക്കെ ചില നല്ലവശങ്ങൾ നമുക്ക് അനുഭവിക്കാൻകഴിഞ്ഞിരുന്നു. എന്നാൽ അവയെല്ലാം ഭരണകൂടത്തിന്റെ നേരിട്ടുള്ള കൈപ്പിടിയിൽ കൊണ്ടുവരികയാണ് യുജിസിയുടെ സാമ്പത്തികാധികാരം ഇല്ലാതാക്കുകവഴി കേന്ദ്ര സർക്കാർചെയ്തത്. എന്തിനും ഏതിനും സർക്കാരിനെത്തന്നെ സമീപിക്കണം എന്ന രീതി മാഫിയകൾക്കാണ് കൂടുതൽ ഗുണം ചെയ്യുക. 2017 ജൂൺ29ന്റെ കണക്ക് പ്രകാരം നമ്മുടെ രാജ്യത്ത് 47 കേന്ദ്ര സർവകലാശാലകളും 367 സംസ്ഥാന സർവകലാശാലകളും 123 കൽപ്പിതസർവകലാശാലകളും 282സ്വകാര്യ സർവകലാശാലകളും 39071 കോളെജുകളും 11923 ഒറ്റയ്ക്കുള്ള (stand alone) ഇൻസ്റ്റിട്യൂഷനുകളും ആണുള്ളത്. ഇവിടങ്ങളിലായി മൂന്നര കോടിയോളം വിദ്യാർഥികൾ പഠിക്കുന്നു. ഈ ചിത്രത്തിലൂടെ കണ്ണോടിക്കുന്ന ഏതൊരാൾക്കും ഒരുകാര്യം വ്യക്തമാകും. നമ്മുടെ രാജ്യത്തെ ഉന്നതവിദ്യാഭ്യാസരംഗം വാണിജ്യ-വ്യവസായ-കോർപ്പറേറ്റുകളുടെ പിടിയിലാണ്. അവരെ ശക്തമായി പിന്തുണയ്ക്കുന്ന ഒരു ഭരണകൂടമാണ്നമുക്കുള്ളത്. യുപിഎ സർക്കാരിനേക്കാൾ ഇക്കാര്യത്തിൽ മുന്നിൽ നില്ക്കുന്നത് എൻ. ഡി. എ സർക്കാരാണ്. മുരളി മനോഹർജോഷി മന്ത്രി ആയിരിക്കുന്ന കാലത്താണ് 'ഡി നവോ കാറ്റഗറി' എന്ന പ്രത്യേക സംവിധാനത്തിലൂടെ ഏറ്റവും കൂടുതൽ കൽപ്പിതസർവകലാശാലകൾ അനുവദിക്കപ്പെട്ടത്. ഒരുവർഷം നാനൂറോളം ഗവേഷണ ബിരുദങ്ങൾ അനുവദിച്ച കല്പ്പിത സർവകലാശാലവരെ നമ്മുടെ രാജ്യത്ത് ഉണ്ട്. അവർക്കെതിരെ ഒരു ചെറുവിരൽ പോലും അനക്കാൻയുജിസി ഉൾപ്പടെയുള്ള നമ്മുടെ ഭരണ സംവിധാനത്തിന് കഴിഞ്ഞിട്ടില്ല.

കല്പ്പിതസർവകലാശാലകളെ കുറിച്ച് പഠനം നടത്താൻനിയോഗിക്കപ്പെട്ട പ്രൊഫ. ഠണ്ഡൻകമ്മീഷൻപു




റത്തുകൊണ്ടുവന്ന വസ്തുതകൾ ഈ രംഗത്തെ മാഫിയവല്ക്കരണത്തിന്റെ ആഴവും പരപ്പും വ്യക്തമാക്കുന്നതാണ്. ഉടനടി അടച്ചുപൂട്ടണമെന്ന് വർഷങ്ങൾക്ക് മുമ്പ് ടണ്ടൻകമ്മീഷൻനിർദ്ദേശിച്ച സ്ഥാപനങ്ങളെല്ലാം കോടതി ഇടപെടലുകളിലൂടെയും മറ്റും ഇന്നും നിലനില്ക്കുന്നു എന്നതിൽ നിന്നും ഇക്കൂട്ടർഎത്രമാത്രം ശക്തരാണ് എന്ന് ഊഹിക്കാവുന്നതേ ഉള്ളൂ. കല്പിത സർവകലാശാലകൾക്ക് കാമ്പസ്സിന്പുറത്ത് സെന്ററുകൾ പാടില്ല എന്ന് മുമ്പ് ഉത്തരവിറക്കിയ യൂജിസി തന്നെ, ഇപ്പോൾ അവർക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ, സംസ്ഥാനത്തിന് പുറത്തും ഓഫ് കാമ്പസ് സെന്ററുകൾ തുടങ്ങാം എന്ന തീട്ടൂരം ഇറക്കിയിരിക്കുന്നു. അക്കാദമിക നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം നല്കാൻയൂജിസി കണ്ടെത്തിയ ലിസ്റ്റിൽ 24 കൽപ്പിതസർവകലാശാലകളും രണ്ട് സ്വകാര്യ സർവകലാശാലകളും ഉൾപ്പെട്ടു. ഇവർക്കൊക്കെ സംസ്ഥാനങ്ങൾക്ക് പുറത്ത് ഓഫ് കാമ്പസ് സെന്ററുകൾ തുടങ്ങാനും രാജ്യത്തിന്പുറത്ത് ഓഫ്ഷോർകാമ്പസുകൾ തുടങ്ങാനും പുതിയ യൂജിസി ഉത്തരവിന്റെ പിൻബലത്തിൽ സാധിക്കും. ഇതോടെ ഇന്ത്യയിലേക്കുള്ള വിദേശസർവകലാശാലകളുടെ കടന്നുവരവും ക്ഷിപ്രസാധ്യമാകും. രേഖ വിദേശ സർവകലാശാലകളെ സർവാത്മനാ സ്വാഗതം ചെയ്യുന്നുമുണ്ട്. ഇപ്പോൾ തന്നെ അവ്യവസ്ഥിതമായ രീതിയിൽ പ്രവർത്തിക്കുന്ന 'കൽപ്പിതസർവകലാശാലകൾ ക്ക്  കൂടുതൽ സ്വാതന്ത്ര്യം ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെടും. അതോടെ ഗുണനിലവാരം പുലർത്തുന്ന സ്ഥാപനങ്ങളുടെ ബിരുദങ്ങൾക്കും സമൂഹത്തിൽ അംഗീകാരം ഇല്ലാതാകുന്ന സ്ഥിതി വരും.

## കമ്പനിവല്ക്കരിക്കപ്പെടുന്ന ഉന്നതവിദ്യാഭ്യാസം

1994ൽ അക്രഡിറ്റേഷൻസമ്പ്രദായത്തിന് തുടക്കം കുറിച്ചപ്പോൾ തന്നെ ഭാവിയിൽ മഹാഭൂരിപക്ഷം വരുന്ന ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അസ്തിത്വം ചോദ്യം ചെയ്യപ്പെടും എന്ന് നിരവധി വിദ്യാഭ്യാസവിചക്ഷണന്മാർ ചൂണ്ടിക്കാട്ടിയിരുന്നു. രാജ്യത്താകെ ഇതിനെതിരായ പ്രതിഷേധം അലയടിച്ചതിനെ തുടർന്ന് ആവശ്യമുള്ളവർമാത്രം അക്രഡിറ്റേഷന് വിധേയമായാൽ മതിയെന്ന് തുടക്കത്തിൽ തീരുമാനിച്ചിരുന്നു. ക്രമേണ അത് എല്ലാ സ്ഥാപനങ്ങൾക്കും നിർബന്ധിതമാക്കുകയും കേന്ദ്രസഹായം ലഭിക്കാനുള്ള പ്രഥമോപാധിയായി മാറ്റുകയും ചെയ്തു. 'നാക്' രൂപീകരിച്ച് രണ്ടര ദശാബ്ദത്തിന് ശേഷവും രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പകുതി പോലും അക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. ഫലമോ ആയിരക്കണക്കായ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്രസഹായത്തിന് അപേക്ഷിക്കാൻപോലും അർഹതയില്ലാതായി. അക്രഡിറ്റേഷൻഇന്നൊരു ട്രേഡ് മാർക്കായി മാറിയിരിക്കുന്നു. അക്രഡിറ്റേഷന് വിധേയമായ സ്ഥാപനങ്ങളെ  തെരഞ്ഞുപിടിച്ച് സ്വയംഭരണത്തിന് നിർബന്ധിതമാക്കുന്നു. സ്വയംഭരണസ്ഥാപനങ്ങളെ സ്വാശ്രയവല്ക്കരിക്കാൻകേന്ദ്രസർക്കാർപ്രേരിപ്പിക്കുന്നു. സ്വാശ്രയസ്ഥാപനങ്ങൾക്ക് ഉദാരമായ സഹായം നല്കി പ്രതിഭാകേന്ദ്രങ്ങളാക്കി മാറ്റുന്നു. അവർക്ക് ഭരണപരവും സാമ്പത്തികവും അക്കാദമികവുമായ എല്ലാ അധികാരങ്ങളും നല്കുന്നു. ഇപ്പോഴിതാ അത്തരം സ്ഥാപനങ്ങളെ പ്രത്യേകമായി കമ്പനിവല്ക്കരിക്കാനുള്ള (special purpose vehicle) നീക്കവുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നു. കമ്പനിവല്ക്കരിക്കാൻതയ്യാറായി മുന്നോട്ടുവരുന്ന സ്ഥാപനങ്ങൾ ക്ക് നൂറുകോടി രൂപ കേന്ദ്രം നേരിട്ട് നല്കുമെന്നപ്രഖ്യാപനം വന്നിരിക്കുന്നു. നിലവിൽ യൂജിസിയെ കൂടാതെ എ. ഐ. സി. റ്റി. ഇ,എൻ. സി. റ്റി. ഇ പോലുള്ള രണ്ട് ഡസൻകൗൺസിലുകൾ ഉണ്ട്. അവയെല്ലാം ഇനി കേവലം നോക്കുകുത്തികളാവുകയോ സ്വയം മൃത്യുവരിക്കുകയോ ചെയ്യും. പകരം പ്രധാനമന്ത്രി അധ്യക്ഷനായ ദേശീയ വിദ്യാഭ്യാസ കമ്മീഷനും അതിനെ ചുറ്റിപ്പറ്റിയുള്ള ഏതാനും അതോറിറ്റികളുമാകും എല്ലാം നിയന്ത്രിക്കുക. ഉന്നതവിദ്യാഭ്യാസരംഗത്ത് ഡിസഗ്രിഗേഷൻവരുന്നതോടെ റിസർച് യൂണിവേഴ്സിറ്റികൾ എന്നും ടീച്ചിംഗ് യൂനിവേർസിറ്റികൾ എന്നും രണ്ടുതരം യൂണിവേഴ്സിറ്റികൾ മാത്രമേ ഉണ്ടാവുകയുള്ളൂ. ഏകവിഷയ സർവകലാശാലകളുടെ അസ്തിത്വം ഇല്ലാതാകും. നാഷണൽ റിസർച്ച് ഫൌണ്ടേഷൻരൂപീകരണവും ഗവേഷണവിഷയം തങ്ങൾ തീരുമാനിക്കും എന്ന സമീപകാല കേന്ദ്ര പ്രഖ്യാപനവും കൂട്ടിച്ചേർത്ത് വായിക്കുന്ന ആർക്കും ഒരു കാര്യം മനസ്സിലാകും മേലിൽ ഗവേഷണവിഷയം തീരുമാനിക്കുന്നതും സാമ്പത്തികസഹായം നല്കുന്നതും കോർപ്പറേറ്റുകളും സംഘപരിവാറും ആയിരിക്കും. കോളേജുകൾക്ക് വേണമെങ്കിൽ യൂണിവേഴ്സിറ്റികളുടെ ഭാഗമാകാം, സ്വയംഭരണ കോളെജുകളായി മാറാം, മേലിൽ അക്രഡിറ്റേഷന്റെയും റേറ്റിംഗിന്റെയും അടിസ്ഥാനത്തിൽ മാത്രമേ കേന്ദ്രസഹായം ലഭ്യമാകൂ. സ്വാഭാവികമായും സാധാരണക്കാരന്റെ മക്കൾ പഠിക്കുന്ന കോളേജുകൾ സ്വയം മൃത്യുവരിക്കും. എല്ലാ കുട്ടികൾക്കും ഒരേപോലെ ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ഭരണഘടനാവാഗ്ദാനം ലംഘിക്കപ്പെടും. കൂടുതൽ പണമുള്ളവന് കൂടുതൽ നല്ല വിദ്യാഭ്യാസംലഭിക്കും. ഒരുഭാഗത്ത് വിദ്യാഭ്യാസാവകാശ നിയമം വ്യാപിപ്പിക്കും എന്ന് പറയുന്ന കമ്മീഷൻരണ്ടുതരം പൌരന്മാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസം നിർദ്ദേശിക്കുക വഴി കൃത്യമായ വിവേചനമാണ് അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ നയങ്ങൾ ഉന്നതവിദ്യാഭ്യാസരംഗത്ത് മുമ്പെങ്ങുമില്ലാത്ത പുതിയൊരു കച്ചവടവല്ക്കരണത്തിന് തുടക്കം കുറിക്കും. ഉന്നതവിദ്യാഭ്യാസത്തെ കേന്ദ്ര സർക്കാർഒരുവ്യവസായമായി മാത്രം കാണുന്നു എന്നതിന്റെ പ്രത്യക്ഷോദാഹരണമാണ് കരടുനയത്തിന്റെ  ചർച്ച നടക്കവെ പത്ത് സർവകലാശാലകൾക്ക് കാമ്പസ് കമ്പനി രൂപീകരിക്കാനും(Special Purpose Vehicle) അതിനായി  നൂറുകോടി രൂപ വീതം നല്കുമെന്നുമുള്ള കേന്ദ്ര സർക്കാർപ്രഖ്യാപനം.

# പുതിയ ദേശീയ വിദ്യാഭ്യാസ നയവും സ്കൂൾ വിദ്യാഭ്യാസവും

ഡോ. പി.വി. പുരുഷോത്തമൻ
സീനിയർ ലക്ചറർ, ഡയറ്റ് (റിട്ട.)




1986ലെ ദേശീയ വിദ്യാഭ്യാസ നയത്തിനു ശേഷം നീണ്ട 33 വർഷങ്ങൾക്കുശേഷം മറ്റൊന്ന് 2019ൽ പുറത്തിറങ്ങിയിരിക്കുന്നു. 1968ലെ ആദ്യ നയത്തിൽ ഒരു ജനാധിപത്യ-മതേതര സോഷ്യലിസ്റ്റ് രാഷ്ട്രത്തെക്കുറിച്ചുള്ള നേർത്ത സ്വപ്നങ്ങൾ വായിച്ചെടുക്കാമായിരുന്നു. 1986ൽ എത്തുമ്പോഴേയ്ക്കും കമ്പോള സമ്പദ് വ്യവസ്ഥയോടുള്ള അധിനിവേശത്തിന്റെ ആദ്യ സ്ഫുരണങ്ങൾ അതിൽ കാണപ്പെട്ടു. 2019ലെ നയരേഖയിൽ സംശയാതീതമാംവിധം, പുതിയ ലോകക്രമത്തിൽ എങ്ങനെ മത്സരിച്ച് മുന്നിലെത്താം എന്നതിന്റെ പ്രഖ്യാപനം നാം കേൾക്കുന്നു. 21-ാം നൂറ്റാണ്ടിനാവശ്യമായ അറിവും നൈപുണികളും വരും തലമുറയ്ക്ക് പ്രദാനം ചെയ്തുകൊണ്ട് ഇന്ത്യയെ വൈജ്ഞാനിക സമൂഹത്തിലെ 'സൂപ്പർപവർ' ആക്കി മാറ്റാൻ ഇതിൽ ലക്ഷ്യമിടുന്നു. ഇന്ന് ഇന്ത്യ ആറാമത്തെ വൻ സാമ്പത്തിക ശക്തിയാണെങ്കിൽ 2030-32 ഓടെ 10 ട്രില്ല്യൻ അമേരിക്കൻ ഡോളർ ആസ്തിയുള്ള, ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയാക്കി മാറ്റണം. അതിന് പ്രകൃതിവിഭവങ്ങളെ മാത്രം ആശ്രയിച്ചാൽ പോരാ, വൈജ്ഞാനികവിഭവം വൻതോതിൽ നിർമിച്ചെടുക്കണം. അതിനുള്ള ഏക മാർഗം 'നാലാം വ്യവസായവിപ്ലവ'ത്തിന് അരങ്ങൊരുക്കുംവിധം വിദ്യാഭ്യാസത്തെ ആകമാനം പുതുക്കിപ്പണിയലാണ്. ഇതാണ് തങ്ങളിൽ ഏൽപിക്കപ്പെട്ട ഉത്തരവാദിത്ത

മെന്ന് പുതിയ നയത്തിന്റെ കരട് തയ്യാറാക്കിയ സമിതിയുടെ ചെയർമാനായ ഡോ. കസ്തൂരിരംഗൻ തന്റെ ദീർഘമായ ആമുഖത്തിൽ വ്യക്തമാക്കിയിരിക്കുന്നു (P-33)

## വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പരിധി

2019ലെ വിദ്യാഭ്യാസ അവകാശനിയമത്തിൽ (RTE) 6 വയസ്സു മുതൽ 14 വയസ്സുവരെയുള്ള വിദ്യാഭ്യാസമായിരുന്നു കുട്ടികളുടെ അവകാശമാക്കി മാറ്റിയിരുന്നത്. എന്നാൽ പുതിയ വിദ്യാഭ്യാസനയം അതിന്റെ അപര്യാപ്തത ചൂണ്ടിക്കാണിക്കുകയും 3 വയസ്സു മുതൽ 18 വയസ്സുവരെയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശപരിധിയിലേക്ക് കൊണ്ടുവരണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. (P-193) അതായത് (3-6) വയസ്സുകാലത്തെ പ്രീ-സ്കൂൾ ഘട്ടവും (14-18) വയസ്സുവരെയുള്ള സെക്കന്ററി-ഹയർ സെക്കന്ററി ഘട്ടവും എല്ലാവർക്കും പ്രാപ്യമാക്കാനുള്ള പദ്ധതികൾ പുതിയ നയരേഖ വാഗ്ദാനം ചെയ്യുന്നു. കേരളത്തെ സംബന്ധിച്ച് -2 മുതൽ +2 വരെയുള്ള വിദ്യാഭ്യാസം ഏതാണ്ട് സാർവ്വത്രികമാണെന്നതിനാൽ ഇത് വലിയ ചലനം ഉണ്ടാക്കാനിടയില്ല. എന്നാൽ പ്രവേശനത്തോത് കുറവും കൊഴിഞ്ഞുപോക്ക് ഏറെ രൂക്ഷവുമായ മിക്ക ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ സംബന്ധിച്ചും ഇത് നിർണായകമാണ്. രാജ്യത്തെ സാമ്പത്തിക ശക്തിയാക്കാനുള്ള ഉദ്യമത്തിന്റെ ഭാഗമായിട്ടാണെങ്കിലും ഇവിടുത്തെ ദളിതരും ന്യൂനപക്ഷവിഭാഗക്കാരും പെൺകുട്ടികളും വിദ്യാഭ്യാസം ചെയ്യപ്പെടുമെങ്കിൽ അത് നല്ലതുതന്നെ എന്നു പറയണം.

ഇന്ത്യയെപ്പോലൊരു രാജ്യത്ത് ഇത് അത്യന്തം ദുഷ്കരമായിരിക്കും എന്നതിൽ കമ്മിറ്റി അംഗങ്ങൾക്കും സംശയമില്ല. പൊതുമേഖലയെ ശക്തിപ്പെടുത്തിയതു കൊണ്ടുമാത്രം ഈ ലക്ഷ്യം നേടാനാവില്ല. വിദ്യാഭ്യാസമെന്ന പേരിൽ ഇവിടെ പ്രവർത്തിക്കുന്ന ഏത് സ്ഥാപനത്തെയും ഇതിനായി ഉപയോഗപ്പെടുത്തണം എന്നുതന്നെയാണ് കമ്മിറ്റിയുടെ നിലപാട്. ഗുരുകുലം, മദ്രസ, പാഠശാല, ഹോംസ്കൂൾ, ബദൽ വിദ്യാലയങ്ങൾ എന്നിവയ്ക്കെല്ലാം ചില മാനദണ്ഡങ്ങൾക്ക് വിധേയമായി 'വിദ്യാലയ'ങ്ങളായി അംഗീകാരം നേടാം. ദേശീയ പാഠ്യപദ്ധതി



ചട്ടക്കൂട് (NCF) പ്രകാരം തയ്യാറാക്കപ്പെടുന്ന ഏത് പാഠ്യപദ്ധതിയും അവർക്ക് നടപ്പിലാക്കാം. ഏത് വിദ്യാഭ്യാസ ബോർഡിലും അവർക്ക് കുട്ടികളെ പരീക്ഷയ്ക്ക് ഇരുത്താം. സർട്ടിഫിക്കറ്റും നൽകാം. ഇതത്രേ വൈജ്ഞാനിക സമൂഹമായിത്തീരാൻ പലവഴികൾ തേടുന്ന പുതിയ വിദ്യാഭ്യാസനയം പറയുന്നത്. (P-195). കഴിഞ്ഞ ജനവരി 12ന് പ്രമുഖ മാധ്യമങ്ങളിൽ വന്ന ഒരു വാർത്ത ഇതോടൊപ്പം ചേർത്ത് വായിക്കാം. കേന്ദ്രസർക്കാരിന്റെ പൂർണ്ണമായ പിന്തുണയോടെ 'ഭാരതീയ ശിക്ഷാ ബോർഡ്' എന്ന സ്ഥാപനം നിലവിൽ വന്നതായാണ് ആ വാർത്തകളിൽ പറയുന്നത്. 'മഹർഷി സാന്ദീപനി രാഷ്ട്രീയ വേദവിദ്യാപരിഷതാൻ' (MSRVP) എന്ന, പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന, സ്വയംഭരണ സ്ഥാപനമാണ് ഈ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. കേന്ദ്ര മാനവവിഭവശേഷി മന്ത്രി പ്രകാശ് ജാവദേക്കറുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമിതി യോഗമാണ് തീരുമാനമെടുത്തത്. വേദവിദ്യാഭ്യാസത്തിനായി രൂപീകരിക്കപ്പെട്ട ഈ ബോർഡിന് അല്പം ആധുനിക വിദ്യാഭ്യാസവും ചേർത്ത് പാഠ്യപദ്ധതിയും പാഠപുസ്തകവുമുണ്ടാക്കി പരീക്ഷ നടത്താം. അവർ നൽകുന്ന സർട്ടിഫിക്കറ്റിനും അംഗീകാരമുണ്ടാകും! ആർ.എസ്.എസ്. നടത്തുന്ന വിദ്യാഭാരതി സ്കൂളുകൾക്കും ആര്യസമാജം നടത്തുന്ന 'ഗുരുകുല'ങ്ങൾക്കും ഇനി ഈ ബോർഡ് വഴി തങ്ങൾ ഉദ്ദേശിക്കുന്ന കാര്യങ്ങൾ സുഗമമായി നടത്താം.

## തുറന്നുവിടുന്ന വിദ്യാഭ്യാസമാർക്കറ്റ്

ഏറെ വിമർശിക്കപ്പെടാറുള്ള പബ്ലിക്-പ്രൈവറ്റ്-പാർട്ണർഷിപ്പിന് പകരം മറ്റൊരു പി.പി.പി. വിദ്യാഭ്യാസ നയരേഖ മുന്നോട്ടുവെക്കുന്നു. അത് പബ്ലിക് - ഫിലാന്ത്രോപ്പിക് - പാർട്ണർഷിപ്പ് ആവും. ഏതൊരു സ്വകാര്യ (Private) സ്ഥാപനത്തെയും മനുഷ്യസ്നേഹപരം (Philanthropic) ആയി അവതരിപ്പിക്കാൻ പ്രയാസമില്ല. അതായത് വിദ്യാഭ്യാസരംഗത്ത് ആർക്കും മുതൽമുടക്കാം. ഫീസ് അവർക്ക് സ്വയം നിശ്ചയിക്കാം. (P-191). വർഷാവർഷമുള്ള വർദ്ധനവ് നീതിയുക്തമാവണം (Reasonable) എന്നേയുള്ളൂ. ലാഭരഹിതമാണെന്ന് കണക്കുകളിൽ കാണിച്ചാൽ മതിയാകും. ചുരുക്കത്തിൽ, വിദ്യാഭ്യാസ കമ്പോളത്തിൽ വൻ മത്സരമാവും വരിക. ഗുണമേന്മ തെളിയിക്കുക എന്നത് സ്ഥാപനങ്ങളുടെ സ്വന്തം ഉത്തരവാദിത്തമാവും. സമ്മർദ്ദ


ങ്ങളെ അതിജീവിക്കാൻ കഴി
യാത്തവ ശോഷിക്കും. കഴിഞ്ഞ
രണ്ട് വർഷത്തിനുള്ളിൽ ഝാർഖ
ണ്ഡിൽ കുട്ടികൾ കുറഞ്ഞതിന്റെ
പേരിൽ 4000 വിദ്യാലയങ്ങൾ
സംസ്ഥാന ബിജെപി സർക്കാർ
അടച്ചുപൂട്ടിക്കഴിഞ്ഞു. തനി ഗ്രാ
മീണ മേഖലയിലും ആദിവാസി
മേഖലയിലുമൊക്കെ പ്രവർത്തിച്ചി
രുന്ന വിദ്യാലയങ്ങൾ അതിലുണ്ട്.
ദൂരെയുള്ള വിദ്യാലയങ്ങളുമായി
സംയോജിപ്പിച്ചു (merged) എന്നാ
ണ് ഔദ്യോഗിക ഭാഷ്യം. പക്ഷേ
കുട്ടികളെ സംബന്ധിച്ച് സ്വന്തം
അയൽപക്കത്തുള്ള വിദ്യാലയം
ഇല്ലാതായി. പലരുടെയും പഠനം
മുടങ്ങി. പുതിയ വിദ്യാഭ്യാസനയം
നിലവിൽ വന്നാൽ ഇത് വ്യാപകമാ
കില്ല എന്ന് എങ്ങനെ ഉറപ്പിക്കും?
പകരം ചില ബദൽസംവിധാനം
വഴി പേരിന് വിദ്യാഭ്യാസം നൽകു
ന്നു എന്ന് വരുത്തില്ല എന്ന് ആർ
ക്ക് കരുതാനാവും? ഒരു ഭാഗത്ത്
എല്ലാവരെയും ഉൾക്കൊള്ളണമെന്ന്
പറയുകയും അതിനായി പലപല
നിർദ്ദേശങ്ങളും മുന്നോട്ടുവെക്കുകയും
ചെയ്യുന്ന മറ്റു ചില 'കുഴത്തറുപ്പൻ'
തീരുമാനങ്ങളിലൂടെ കുറഞ്ഞ പ്രതി
നിധാനം മാത്രമുള്ള വിഭാഗങ്ങളെ
(Under Represented Group - URG)
കൂടുതൽ പ്രതിരോധത്തിലേക്ക്
തള്ളിവിടും എന്ന് ഭയപ്പെടേണ്ടിയി
രിക്കുന്നു.

മികവ് തെളിയിക്കാൻ പൊതുവിദ്യാ
ലയങ്ങൾക്ക് ബാധ്യസ്ഥമാകും എന്നതി
ന് ചില ഗുണഫലങ്ങളുണ്ട്. രക്ഷാ
കർതൃസമ്മർദ്ദം വിദ്യാലയങ്ങളെ മെ
ച്ചപ്പെടുത്തും. ഓരോ വിദ്യാലയവും
അവരുടെ നേട്ടങ്ങൾ സ്കൂൾ വെ
ബ്സൈറ്റ് വഴി പൊതുജനസമക്ഷം
തുറന്നുവെക്കണം എന്ന നിബന്ധന
സ്വകാര്യവിദ്യാലയങ്ങളോടൊപ്പം
പൊതുവിദ്യാലയങ്ങളും ഫലത്തിൽ
പാലിക്കേണ്ടിവരും. P-186ൽ
സ്കൂളുകൾക്ക് സ്വന്തം പാഠ്യപദ്ധതി
ഉണ്ടാക്കാം എന്നുവരെ പറയുന്നുണ്ട്.
മാർക്കറ്റിൽ നിരവധി പാഠപുസ്തക
ങ്ങളും ലഭ്യമാകും. അതിൽ എൻ.
സി.ഇ.ആർ.ടി., എസ്.സി.ഇ.ആർ.
ടി. എന്നിവയുടെതിന് പുറമെ,
സ്വകാര്യ സ്ഥാപനങ്ങളുണ്ടാക്കിയ
പാഠപുസ്തകങ്ങളും ഉണ്ടാവും. ഏതും
പിന്തുടരാം. (P-103). ഒരു ഓട്ടോണ
മസ് ബോഡിയിൽ നിന്ന് പാഠപു
സ്തക നിർമാതാക്കൾ അംഗീകാരം
വാങ്ങിയിരിക്കണം എന്നുമാത്രം.
ചുരുക്കത്തിൽ തുറന്നുവെക്കപ്പെട്ട
ന്ന വിദ്യാഭ്യാസ കമ്പോളത്തിലെ
വിവിധ സാധ്യതകൾ പ്രയോജ
നപ്പെടുത്തി സ്വയം അടയാളപ്പെടു
ത്തേണ്ടത് സ്കൂളുകളാണ്, അവിടു
ത്തെ അധ്യാപകരാണ്. ഇന്നത്തെ
പോലെ സീനിയോറിറ്റി ഉണ്ടെ
ങ്കിൽ പ്രധാനാധ്യാപകനായോ,
വിദ്യാഭ്യാസ ഓഫീസർമാരായോ
പ്രമോഷൻ കിട്ടുമെന്ന് ആരും ഇനി
മുതൽ കരുതേണ്ട! അതിന് 'പെർ
ഫോമൻസ് അപ്രൈസൽ' വരും.
സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും
(SMC), പ്രധാനാധ്യാപകനും ചേർ
ന്ന് അധ്യാപകരെ വിലയിരുത്തും.
(P-174). ഇതുപോലെ പ്രധാനാ
ധ്യാപകരെ സ്കൂൾ കോംപ്ലക്സ്
മാനേജ്മെന്റ് കമ്മിറ്റിയും (SCMC)
തൊട്ടുമുകളിലത്തെ ഓഫീസറും വി
ലയിരുത്തും. അതായത് പ്രൊമോ
ഷന് സീനിയോറിറ്റിയും വിദ്യാഭ്യാ
സയോഗ്യതയും എന്നതാവും. അതു
പോലെ പ്രൊബേഷനും നിശ്ചിത
വർഷം സേവിച്ചാൽ ലഭിക്കുമെന്ന
പ്രതീക്ഷവേണ്ട. ചുരുക്കത്തിൽ,
അധ്യാപകൻ 'അക്കൗണ്ടബിൾ'
ആവും. സ്വജനപക്ഷപാതവും
അഴിമതിയും രാഷ്ട്രീയ അതിപ്രസര
വും നിലനിൽക്കുന്ന സമൂഹത്തിൽ
സ്വന്തം പ്രമോഷനുവേണ്ടി അധ്യാ
പകൻ നന്നായി പ്രവർത്തിച്ചാൽ
മാത്രം പോരാ, പലരേയും ബോധ്യ
പ്പെടുത്തേണ്ടതായും വരും. ഇത്
ഉണ്ടാക്കാവുന്ന അരക്ഷിതാവസ്ഥ
ഊഹിക്കാവുന്നതേയുള്ളൂ.

**ഉപയോഗപ്പെടുത്താവുന്ന സാ
ധ്യതകൾ**

അതിജീവനത്തിനായി കുട്ടികളെ
യും അധ്യാപകരെയും സ്കൂളുകളെ
യും 'മത്സരിക്കാൻ' പ്രേരിപ്പിക്കുന്ന
പുതിയ നയരേഖ പൂർണമായും
പിന്തിരിപ്പനാണ് എന്ന് പറയുന്നി
ല്ല. കമ്പോളവൽക്കരണം, വർഗീയ
ലക്ഷ്യങ്ങൾ നേടിയെടുക്കൽ തുട
ങ്ങിയവയാണ് കേന്ദ്രസർക്കാർ
അടിസ്ഥാനപരമായി ലക്ഷ്യമിടുന്ന
തെങ്കിലും കേരളം പോലുള്ള സം
സ്ഥാനങ്ങൾക്ക് പ്രയോജനപ്പെടുത്താ
വുന്ന ചില നിർദ്ദേശങ്ങളും ഇതിൽ
അവിടവിടെയുണ്ട്.

വിദ്യാഭ്യാസം സാർവത്രികമാകു
ന്നതിന്റെ ഭാഗമായി ചിലപ്രദേശ
ങ്ങളിൽ പ്രഭാതഭക്ഷണം ഏർപ്പെടു
ത്തണമെന്നും പല കാരണങ്ങളാൽ
വിദ്യാഭ്യാസപരമായി പിന്നോക്കം
നിൽക്കുന്ന പ്രദേശങ്ങളെ സ്പെ
ഷൽ എജ്യൂക്കേഷൻ സോണുകളാ
യി (SEZ) കണക്കാക്കി അധിക
ഫണ്ട് നൽകാമെന്നും രേഖയിൽ
പറയുന്നു. (P-58, P-139). ഹയർ
സെക്കണ്ടറി/ജൂനിയർ കോളേജ്
എന്ന സങ്കല്പം അപ്രസക്തമാണെ
ന്നും 11,12 ക്ലാസ്സുകൾ സെക്കണ്ടറി
യുടെ അവിഭാജ്യഘടകമാണെന്നും
(P-76) ഉള്ള നിലപാട് ഖാദർ കമ്മി
റ്റിയെ ചൊല്ലിയുള്ള തർക്കത്തിന്റെ
പശ്ചാത്തലത്തിൽ കേരള സർക്കാ
റിന് പിന്തുണയാവും. വിഷയങ്ങളെ
കരിക്കുലർ/കോ-കരിക്കുലർ എന്ന്



തിരിക്കുന്നതിൽ യുക്തിയില്ലെന്നും ഉയർന്ന ക്ലാസ്സുകളിൽ (9-12) കുട്ടികൾക്ക് കൂടുതൽ 'ചോയ്സ്' നൽകണമെന്നും പറയുന്നത് നല്ല കാര്യമാണ്. എന്നാൽ ഓരോ വിദ്യാർത്ഥിയും സെക്കന്ററിയിൽ ചുരുങ്ങിയത് 24 വിഷയപരിക്ഷകൾ എഴുതുമെന്നും അതിൽ ഗണിതം (2), സയൻസ് (2), ഇന്ത്യാ ചരിത്രം (1), ലോകചരിത്രം (1), ഇന്ത്യൻ വർത്തമാന അറിവ് (1), മൂല്യവിദ്യാഭ്യാസം (1), സാമ്പത്തികശാസ്ത്രം (1), ബിസിനസ് (1), ഡിജിറ്റൽ സാക്ഷരത 91), കല (1), കായികം (1), തൊഴിൽ (2), ഭാഷകൾ (3), സാഹിത്യം (1) എന്നിവയ്ക്ക് പുറമേ ചില പ്രാദേശിക വിഷയ പരിക്ഷകളും ഉണ്ടാകുമെന്നും പറയുന്നത് ഇതുമായി എങ്ങിനെ യോജിച്ചുപോകുമെന്ന് വ്യക്തമല്ല. 11,12 ക്ലാസ്സുകളിൽ ഇപ്പോഴുള്ള ഗ്രൂപ്പ് സിസ്റ്റം നിൽക്കുമോ അതോ എടുത്തുകളയുമോ എന്നതും വ്യക്തമല്ല.

സ്കൂൾ സമയശേഷം, പ്രാദേശികമായി വിഷയസർക്കിളുകൾ വഴി ഓരോ കുട്ടിക്കും സ്വന്തം 'ടാലന്റ്' വളർത്താം എന്ന നിർദ്ദേശം പ്രതീക്ഷയുണർത്തുന്നതാണ്. സ്കൂൾ അധ്യാപകരെ നിയമിക്കുമ്പോൾ TET സ്ക്രീനിങ്ങിന് പുറമേ ഐച്ഛിക വിഷയത്തിലെ NTA സ്കോറും ഇന്റർവ്യൂവും അടിസ്ഥാനമാക്കും എനനന നിർദ്ദേശം നല്ല അധ്യാപകരെ കണ്ടെത്താൻ ഉപകരിക്കും. ഉൾപ്രദേശങ്ങളിൽ അവിടത്തുകാർക്ക് മുൻഗണന നൽകുമെന്നും അവിടേക്ക് പോകാൻ തയ്യാറുള്ള അധ്യാപകർക്ക് താമസ സൗകര്യം ഏർപ്പെടുത്തുമെന്നും ഉള്ള അഭിപ്രായം പൊതുവെ സ്വാഗതം ചെയ്യപ്പെടും. സ്കൂളുകളെ കൂട്ടിച്ചേർത്ത് പ്രാദേശികമായി 'സ്കൂൾ കോംപ്ലക്സ്' രൂപീകരിക്കും എന്നതാണ് ശ്രദ്ധേയമായ മറ്റൊരു നിർദ്ദേശം. ഒരു സെക്കണ്ടറി സ്കൂൾ കേന്ദ്രമാക്കി അയൽപക്കത്തുള്ള പ്രൈമറി സ്കൂളുകളെ ചേർത്താണ് കോംപ്ലക്സ് രൂപീകരിക്കുക. കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ വന്നതും കേരളത്തിലെ തൊണ്ണൂറുകളുടെ തുടക്കത്തിൽ പരീക്ഷണാർത്ഥം നടന്നതുമായ ഒരാശയമാണ് ഇത്. ഓരോ കോംപ്ലക്സിനും പൊതുവായി ചില വിഷയങ്ങൾക്കുള്ള അധ്യാപകർ (ഉദാ:- കായികം), ഒന്നോ രണ്ടോ ലീവ് റിസർവ്വ് അധ്യാപകർ, കൗൺസിലിംഗ് വിദഗ്ധർ (P-162, 163) എന്നിവർ ഉണ്ടാകും എന്ന നിർദ്ദേശം നാം ആഗ്രഹിക്കുന്ന കാര്യങ്ങളാണ്. SMC യെ ശക്തിപ്പെടുത്തുമ്പോൾ തന്നെ അതിൽ പഞ്ചായത്ത് മെമ്പർ വെറും




ചുരുക്കത്തിൽ, സ്കൂൾ വിദ്യാഭ്യാസരംഗത്ത് ദൂരവ്യാപകമായ ചലനങ്ങൾ ഉണ്ടാക്കുന്ന ഒട്ടേറെ നിർദ്ദേശങ്ങളാണ് നരേന്ദ്രമോഡിയുടെ രണ്ടാം വരവിൽ കേന്ദ്രസർക്കാർ കൊണ്ടുവരുന്നത്. ഇതിൽ മിക്ക നിർദ്ദേശങ്ങളും നടപ്പിലാക്കും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.

അംഗമാണെന്നതും ജില്ലാ വിദ്യാഭ്യാസ സമിതി രൂപീകരിക്കുമ്പോൾ അതിൽജില്ലാപഞ്ചായത്തിന് റോൾ നൽകിയിട്ടില്ല എന്നതും കേരളം എതിർക്കുന്ന നിർദ്ദേശങ്ങളാവും.

ചുരുക്കത്തിൽ, സ്കൂൾ വിദ്യാഭ്യാസരംഗത്ത് ദൂരവ്യാപകമായ ചലനങ്ങൾ ഉണ്ടാകുന്ന ഒട്ടേറെ നിർദ്ദേശങ്ങളാണ് നരേന്ദ്രമോഡിയുടെ രണ്ടാംവരവിൽ കേന്ദ്രസർക്കാർ കൊണ്ടുവരുന്നത്. ഇതിൽ മിക്ക നിർദ്ദേശങ്ങളും നടപ്പിലാക്കും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ചിലത് പിന്നാക്ക-ദരിദ്ര വിഭാഗങ്ങൾക്ക് ഗുണകരമാണെങ്കിൽ മറ്റു പലതും ദോഷകരമാണ്. കൺകറന്റ് ലിസ്റ്റിൽ പെട്ട വിദ്യാഭ്യാസത്തെ കേന്ദ്രസർക്കാരിന്റെ വരുതിയിലാക്കാനുള്ള നിരവധി തീരുമാനങ്ങൾ നിർദ്ദേശരൂപത്തിൽ ഈ റിപ്പോർട്ടിലുണ്ട്. പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള രാഷ്ട്രീയ ശിക്ഷാ ആയോഗ് (RSA) തൊട്ട് ഇത് തുടങ്ങുന്നു. കമ്പോള സമ്പദ് വ്യവസ്ഥ വികസിപ്പിക്കാനും വർഗീയ അജണ്ടകൾ നടപ്പിലാക്കാനുമുള്ള മുഖ്യലക്ഷ്യം റിപ്പോർട്ടിൽ അന്തർധാരയായി നിലനിൽക്കുന്നുണ്ട്. സംസ്കൃതത്തിനും ഹിന്ദിക്കും കിട്ടുന്ന വർദ്ധിച്ച പരിഗണന, പൗരാണിക ഭാരതീയ വിജ്ഞാനം അതത് വിഷയ പാഠ്യപദ്ധതിയിലും പാഠപുസ്തകങ്ങളിലും ഉൾപ്പെടുത്താനുള്ള നീക്കം സ്വകാര്യവിദ്യാഭ്യാസ ബോർഡുകൾ വരെ യാഥാർത്ഥ്യമാക്കാനുള്ള സമാന്തര പ്രവർത്തനങ്ങൾ എന്നിവ മതേതര-ജനാധിപത്യവിശ്വാസികളെ ആശങ്കപ്പെടുത്തും. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിലൂടെ കേരളം മുന്നോട്ടുവെക്കുന്ന മാതൃക ശക്തിപ്പെടുത്തിക്കൊണ്ടും പ്രതിരോധിക്കേണ്ട കാര്യങ്ങളെ തുറന്നെതിർത്തും അനുകൂലമാക്കി മാറ്റാവുന്നവയെ അങ്ങനെ പരിഗണിച്ചും മുന്നോട്ടുപോവുക എന്നതാണ് കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തകർ ഏറ്റെടുക്കേണ്ട അടിയന്തിര ചുമതല.


# ദേശീയവിദ്യാഭ്യാസ നയം : വികലകാഴ്ചപ്പാടുകളുടെ അക്കാദമിക് ദൗർബല്യങ്ങൾ

എ കെ അബ്ദുൾഹക്കീം
ജില്ലാ പ്രോഗ്രാം ഓഫീസർ
സമഗ്ര ശിക്ഷ കോഴിക്കോട്



സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടനയിലും പാഠ്യപദ്ധതിയിലും വലിയമാറ്റങ്ങൾ നിർദ്ദേശിക്കുന്ന ദേശീയവിദ്യാഭ്യാസ നയത്തിന്റെ കരട് റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഡോ. കസ്തൂരിരംഗൻ ചെയർമാനായ ഒൻപതംഗ വിദഗ്ധസമിതിയാണ് പുതിയ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ശാസ്ത്ര-സാങ്കേതിക -വൈജ്ഞാനിക - വ്യാവസായിക മേഖലയിലെ മനുഷ്യവിഭവശേഷി കുറവ് പരിഹരിക്കാനും മാറുന്ന ലോകത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് യുവതയെ സജ്ജരാക്കാനുമുള്ള യജ്ഞത്തിന്റെ ഭാഗമായാണ് പുതിയ വിദ്യഭ്യാസനയം ആവിഷ്കരിക്കുന്നത് എന്നാണ് കരട് രേഖയുടെ ആമുഖം വ്യക്തമാക്കുന്നത്. ഗുണമേന്മ, പുതുമ, ഗവേഷണം എന്നിവയിലൂടെ, ഇന്ത്യയെ വലിയൊരു വൈജ്ഞാനിക ശക്തിയാക്കാൻ സാധിക്കണമെന്നും കരട്ടരേഖ ആവശ്യപ്പെടുന്നുണ്ട്. മാറുന്ന ലോകത്തെക്കുറിച്ചുള്ള ഭാവിവിജ്ഞാനീയ പഠനങ്ങൾ സ്വാംശീകരിച്ചുകൊണ്ടാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നാണ് അവകാശവാദം.

എന്നാൽ കമ്മീഷൻ മുമ്പോട്ടു വെച്ചിട്ടുള്ള ഭരണപരവും അക്കാദമികവുമായ ശുപാർശകളിൽ പലതും അപകടകരവും അശാസ്ത്രീയവുമാണ് എന്നതാണ് വസ്തുത. പഠനം, പരീക്ഷ, പരിഹാരബോധനം മുതലായവയുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കപ്പെട്ട 'നാഷണൽട്യൂട്ടർ പ്രോഗ്രാ'മും ബോർഡ് ഓഫ് അസസ്മെന്റ് സംവിധാനവുമൊക്കെ ആധുനിക വിദ്യാഭ്യാസകാഴ്ചപ്പാടിന് യോജി



ക്കാത്തതും വിദ്യാഭ്യാസമേഖലയിൽ ഗുരുതരമായ തിരിച്ചടിക്ക് കാരണമായിത്തീരുന്നതുമാണ്.

## ലേണിംഗിന് പകരം കോച്ചിംഗ്

നിശ്ചിതമായ പഠനനേട്ടങ്ങൾ ആർജിക്കാൻ കഴിയാതെവരുന്ന കുട്ടികൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രണ്ട് പദ്ധതികളാണ് നാഷണൽ ട്യൂട്ടർ പ്രോഗ്രാമും റെമഡിയൽ ഇൻസ്ട്രക്ഷനൽ പ്രോഗ്രാമും. സ്കൂൾ കാലയളവിൽ നിശ്ചിത പഠനനേട്ടം കൈവരിച്ചിട്ടില്ലാത്ത കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ, അഥവാ പരിഹാരബോധനം സഹായങ്ങൾനൽകുന്ന പദ്ധതികളാണിത്. ഇതിനായി സർവീസിൽ നിന്ന് വിരമിച്ച പട്ടാളക്കാർ, പ്രാദേശികമായി ലഭ്യമാകുന്ന സാമൂഹിക പ്രവർത്തകർ, സ്വയം സന്നദ്ധരായ സ്ത്രീകൾ, അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ മുതലായവരെ ഉപയോഗപ്പെടുത്തണമെന്നാണ് കമ്മീഷന്റെ ശുപാർശയിലുള്ളത്.

അധ്യാപനത്തെയും പഠനത്തെയും കുറിച്ചുള്ളവികലമായ കാഴ്ചപ്പാടിൽ നിന്നാണ് ഇത്തരമൊരു ആശയം ഉണ്ടാവുന്നത് എന്നതാണ് ഗൗരവമായി പരിഗണിക്കപ്പെടേണ്ട വസ്തുത. പ്രൊഫഷനൽ വിദ്യാഭ്യാസവും വിദഗ്ധ പരിശീലനവും ലഭിച്ചിട്ടുള്ള സ്കൂളിലെ അധ്യാപകർ ഒരുവർഷം പഠിപ്പിച്ചിട്ടും കൈവരിക്കാനാവാത്ത പഠനനേട്ടം, പട്ടാള ഉദ്യോഗസ്ഥരുടെ കോച്ചിംഗ് സംവിധാനത്തിലൂടെകൈവരിക്കണമെന്ന് പറയുന്നതിന്റെ യുക്തി അപകടകരമാണ്. സാധാരണ ക്ലാസ് അന്തരീക്ഷത്തിൽ വെച്ച് പഠനത്തിൽ പിന്നോക്കമായിപ്പോകുന്ന കുട്ടികൾക്ക് അത്തരമൊരു സാഹചര്യം ഉണ്ടാവാനുള്ള കാരണങ്ങൾ കണ്ടെത്തി സഹായിക്കാൻ കഴിയുന്ന വിദഗ്ധരും പരിചയസമ്പന്നരും പരസ്പപരമറിയുന്നവരുമായ അധ്യാപകരുടെസേവനം ഉറപ്പാക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടത്.

'മിടുക്ക്' എന്നത് പലതരത്തിലുമുള്ള പ്രിവിലേജുകളുടെ തുടർച്ചയും ഫലവുമാണെന്നിരിക്കെ, മിടുക്കർക്ക് കൂടുതൽ പരിഗണന നൽകുന്നുഎന്നതാണ് ഈ വിദ്യാഭ്യാസ നയരേഖയുടെ പ്രധാന വൈകല്യം. സ്കൂൾ ആർക്കുവേണ്ടിയാണ് എന്ന ചോദ്യത്തിനുള്ള, സാമൂഹ്യനീതിയിലധിഷ്ഠിതമായ ഉത്തരമല്ല ഈ ശുപാർശ മുമ്പോട്ട് വെക്കുന്നത്. റമഡിയൽ ഇൻസ്ട്രക്ഷനൽ വളണ്ടിയർമാരായി നിയമിക്കപ്പെടുന്നവർ ആര്, അവരുടെ കാഴ്ചപ്പാടുകൾ എന്ത് എന്നതും ഗൗരവമായവിഷയമാണ്. കുട്ടികൾ പഠനത്തിൽ പിന്നോക്കമാവുന്നതിന് നിരവധി കാരണങ്ങളുണ്ട്. മാനസികമോ കുടുംബപരമോ സാമൂഹികമോ സാമ്പത്തികമോ തുടങ്ങി പലവിധ കാരണങ്ങളാവും ഓരോ കുട്ടിയേയും പഠനത്തിൽ നിന്ന് പിന്നോട്ട് പിടിച്ചുവലിക്കുന്നത്.

ഒരു നിയമവും വ്യവസ്ഥയുമില്ലാതെ, വിദ്യാഭ്യാസ തത്വശാസ്ത്രമോ കുട്ടികളുടെ മനഃശാസ്ത്രമോ പഠിച്ചിട്ടില്ലാത്ത കുറെ ആളുകൾ കോച്ചിംഗ് വിദഗ്ധരായി സ്കൂളിലെത്തുന്നത് ഗുരുതരമായ വിപരീതഫലമാണുണ്ടാക്കുക.

'പഠനനേട്ടം' എന്നത് ഒരു പരീക്ഷയിലൂടെ മാത്രം അളന്നെടുക്കാവുന്നതാണ് എന്ന ധാരണകാലഹരണപ്പെട്ടതാണ്. ഈ പഴഞ്ചൻ വീക്ഷണത്തിന്റെ തുടർച്ചയായി മാത്രമേ ബോർഡ് ഓഫ് അസസ്മെന്റ് എന്ന പുതിയ സംവിധാനത്തെ കാണാൻ സാധിക്കുകയുള്ളൂ. പാഠ്യപദ്ധതിയോ പാഠപുസ്തകമോ തയ്യാറാക്കുന്നതിലും പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും യാതൊരു പങ്കാളിത്തവുമില്ലാത്ത ഏജൻസികളെയാണ് പഠനം വിലയിരുത്തുന്നതിനായി നിയോഗിക്കാൻ പോകുന്നത്. പഠനത്തെയും വിലയിരുത്തലിനെയും പരസ്പരപൂരകമായിക്കാണാത്ത, വിലയിരുത്തലിനെ പഠന പ്രക്രിയയിൽ നിന്ന് വ്യവഛേദിച്ച്കാണുന്ന അശാസ്ത്രീയസമീപനമാണിത്. സ്കൂൾ ലീവിംഗ്സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരമടക്കം ദേശീയ-അന്തർദേശീയതലത്തിലുള്ള ഈ ഏജൻസികൾക്കായിരിക്കുമെന്ന് പറയുമ്പോൾ പുതിയ മൂല്യനിർണയ സംവിധാനത്തിന്റെ ഗൗരവം മനസിലാക്കാവുന്നതാണ്. പിന്തുണയും സഹായവും ആവശ്യമു

ള്ളവരെ കണ്ടെത്തി സഹായിക്കുക എന്നതിനു പകരം, മിടുക്കരെ കണ്ടെത്തി ആദരിക്കുക എന്നതാണ് പരീക്ഷകളുടെ ലക്ഷ്യം എന്ന പിന്തിരിപ്പൻ ആശയമാണ് ഈ സംവിധാനത്തിലുള്ളത്. കേവലമായ അറിവ് നേടൽ പ്രക്രിയയായി മാത്രം വിദ്യാഭ്യാസത്തെ കാണുന്നു എന്നിടത്താണ് ഗുരുതരമായ പിഴവിരിക്കുന്നത്. മനുഷ്യനിന്നോളം നേടിയ അറിവുകളെല്ലാം ശേഖരിച്ച സംഭരിക്കാനുള്ള സാങ്കേതികവിദ്യ നേടിക്കഴിഞ്ഞ ഇക്കാലത്തും 'വിദ്യാഭ്യാസം' എന്ന സംഘടിത പ്രക്രിയയുടെ ലക്ഷ്യവും പ്രാധാന്യവും മനസ്സിലാക്കാൻ കസ്തൂരിരംഗൻ കമ്മറ്റി ശ്രമിച്ചിട്ടില്ല എന്നത് ദൗർഭാഗ്യകരമാണ്. Assessment as Learning എന്ന പ്രയോഗത്തിന്റെ അർത്ഥവും അവർ മനസ്സിലാക്കിയിട്ടില്ല.


സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച് പുരോഗമനപരമായ നിലപാടുകളൊന്നും കരടുരേഖയിലില്ലായെന്നല്ല ഇതിനർത്ഥം. ശാസ്ത്രബോധമുള്ള ഒരുതലമുറയെ സൃഷ്ടിച്ച്കൊണ്ട് ഇന്ത്യയും ലോകവും നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ഭാവിസമൂഹത്തെ പ്രാപ്തമാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് രേഖ ഊന്നിപ്പറയുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തമായ ഒരു കാഴ്ച്ചപ്പാട് രൂപീകരിക്കുന്നതിനോ പ്രവർത്തനപദ്ധതികൾ വിശദമാക്കുന്നതിനോ സാധിക്കുന്നില്ല എന്നതാണ് ദയനീയമായ വസ്തുത. മാത്രവുമല്ല, ആധുനികവും ശാസ്ത്രീയവുമായ വിലയിരുത്തലുകളെ ദുർബലപ്പെടുത്തുന്ന അനേകം പരാമർശങ്ങളും ഇതേ നയരേഖയിൽ തന്നെയുണ്ട് എന്നതാണ് കൗതുകകരം.

സനാതനമൂല്യങ്ങൾ, നിഷ്കാമകർമം, ധാർമികനിലപാടുകൾ മുതലായവയെക്കുറിച്ച് വിശദമായി ഇതിൽ പ്രതിപാദിക്കുന്നുണ്ട്. ഈ ഘട്ടമെത്തുമ്പോളേക്കും അതുവരെ പറഞ്ഞുവെച്ച പലതിനെക്കുറിച്ചും മറന്നുപോകുന്നു എന്നതാണ് കരടുരേഖയുടെ മറ്റൊരു ന്യൂനത. ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് ചെറിയ പ്രായത്തിൽതന്നെ കുട്ടികളെ പഠിപ്പിക്കണമെന്നും ശരികൾ ചെയ്യാൻ മാത്രം കുട്ടികളെ പരിശീലിപ്പിക്കണമെന്നും രേഖ ഉദ്ബോധിപ്പിക്കുന്നു. നിരീക്ഷണ-പരീക്ഷണങ്ങളിലൂടെയും പഠന-അപഗ്രഥനങ്ങളിലൂടെയും ശരിതെറ്റുകൾ വ്യവഛേദിച്ചറിയലാണ് വിദ്യാഭ്യാസത്തിന്റെ പരമമായലക്ഷ്യം എന്ന് കരടുരേഖാവിദഗ്ധർ മറന്നുപോയിരിക്കുന്നു. വിവേചനങ്ങളും അസമത്വങ്ങളുമുള്ള ഒരുലോകക്രമത്തിൽ ശരിതെറ്റുകൾ ആരാണ് നിശ്ചയിക്കുക എന്ന ചോദ്യവും പ്രസക്തമാണ്. ഒരാളുടെ ശരി, മറ്റൊരാൾക്ക് തെറ്റായിത്തോന്നാവുന്ന വീക്ഷണവൈവിധ്യവും അവ തമ്മിലുള്ള സംവാദവുമാണ് ജനാധിപത്യത്തിന്റെ കാതൽ എന്നതുംഓർക്കാൻ വിട്ടുപോയിരിക്കുന്നു. കാലങ്ങളോളം'ശരി'കളെന്ന് കരുതിയും അനുസരിച്ചും വന്നിരുന്ന പലതിനെയും തെറ്റാണെന്ന് കണ്ടെത്തിയും തിരുത്തിയുമാണ് മനുഷ്യവർഗ്ഗം ഇന്നോളം യാത്രചെയ്തതെന്ന് വിദഗ്ധർ വിസ്മരിച്ചുപോയിരിക്കുന്നു. നൻമയും തിൻമയും പഠിപ്പിച്ച്, സൻമാർഗത്തിലേക്ക് ആളെക്കൂട്ടുന്ന മതപാഠശാലയായിട്ടാണ് വിദ്യാലയങ്ങളെ വിവക്ഷിച്ചിരിക്കുന്നത് എന്നത് ഗുരുതരമായ വീഴ്ചയാണ്. 'സയന്റിഫിക് ടെമ്പർ'എന്ന അടിസ്ഥാന തത്വത്തിന് കടകവിരുദ്ധമാണിത്.

ഇന്ത്യയും ലോകവും നേരിടുന്ന സങ്കീർണമായ പ്രശ്നങ്ങൾ തിരിച്ചറിയണം എന്നു പറയുമ്പോൾ തന്നെ, അസമത്വവും വിവേചനവും യാഥാർത്ഥ്യമായ ഒരു ലോകക്രമത്തോട് പൊരുത്തപ്പെടാൻ കുട്ടിയെ പ്രാപ്തമാക്കണം എന്നും രേഖ ആവശ്യപ്പെടുന്നു. സാമൂഹികവും രാഷ്ട്രീയവുമായ മാനങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള ഒരു വിമർശനാത്മക പഠന സമ്പ്രദായം മുന്നോട്ട് വെക്കപ്പെടുന്നില്ല എന്നതിൽ നിന്ന് എന്താണ് മനസ്സിലാക്കേണ്ടത്? ഒന്നിനെയും ചോദ്യംചെയ്യാത്ത, അനുസരണയും അച്ചടക്കവും പാലിക്കുന്ന, വിനീതവിധേയരായ ഒരുതലമുറയെ വാർത്തെടുക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യംഎന്ന് പ്രഖ്യാപിക്കുന്നതിലൂടെ ദേശീയവിദ്യാഭ്യാസനയത്തിന്റെ ലക്ഷ്യം മറനീക്കി പുറത്തുവരുന്നു.

കാലങ്ങളായി തുടരുന്ന ത്രിഭാഷാപദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാറ്റത്തെക്കുറിച്ചും ആശയക്കുഴപ്പമുണ്ട്. മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നിവയ്ക്ക് പുറമെ ഒരു ഭാഷകൂടി അടിച്ചേൽപ്പിക്കുന്നത്കുട്ടികളുടെ പഠനഭാരം വർദ്ധിപ്പിക്കും എന്നത് തർക്കമില്ലാത്ത കാര്യമാണ്. സംസ്കൃതം, പേർഷ്യൻ, പാലി തുടങ്ങി ഏതെങ്കിലുമൊരു ക്ലാസിക് ഭാഷയാണ് ഇങ്ങനെ പഠിക്കേണ്ടിവരുന്നത്. മതഗ്രന്ഥങ്ങളോ പുരാണേതിഹാസങ്ങളോ പഠിക്കാൻ വേണ്ടിയല്ലാതെ, ഇന്ത്യയിലൊരാളും തന്നെ സംസാരിക്കുന്നവയല്ല ഈ ഭാഷകളൊന്നും തന്നെ. അഥവാ ഇവയിലൊന്ന് പഠിക്കേണ്ടി വന്നാൽ തന്നെ അതൊരുവിഷയം (Discipline) ആയിട്ടില്ലാതെ, ഭാഷ (Language) ആയിട്ടാണോ പഠിപ്പിക്കേണ്ടത് എന്നതും സംശയമുള്ള കാര്യമാണ്. ആവശ്യമുള്ളവർക്ക് പഠിക്കാൻ അവസരം നൽകുന്ന (Optional) സമ്പ്രദായം നിലവിലുണ്ട് എന്നിരിക്കെ, ഇതിനൊരു നിർബന്ധിത സ്വഭാവം കൊണ്ടുവരുന്നതും ശരിയാണെന്ന് തോന്നുന്നില്ല. പ്രാദേശിക ഭാഷകളുടെ പ്രചാരണത്തിനോ പരിപോഷണത്തിനോ ഉള്ള ഒരു





പദ്ധതിയും നിർദ്ദേശിക്കപ്പെട്ടിട്ടില്ല എന്നുകൂടി ഇവിടെ ചേർത്തുവായിക്കാവുന്നതാണ്.

സ്കൂൾ ഘടനയിൽ വരുത്തിയിട്ടുള്ള മാറ്റവും വിമർശന മുക്തമല്ല. 5+3+3+4 എന്ന ഘടനയാണ് പുതുതായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. മൂന്നാമത്തെ വയസ്സ് മുതൽ ഔപചാരികസ്കൂൾ പഠനം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുന്നതാണ്. നഴ്സറി, അംഗൻവാടി പോലെയുള്ള സംവിധാനങ്ങളിലെ പ്രീ-പ്രൈമറി സംവിധാനവും സ്കൂളുകളിലെ ഔപചാരികസ്വഭാവവും ഒരുപോലെയാവില്ല എന്നതാണ് യാഥാർത്ഥ്യം. കുട്ടികളിൽ ഏറ്റവുമധികം ബുദ്ധിവികാസം സംഭവിക്കുന്നത് മൂന്ന് വയസ് മുതലാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ ശുപാർശ എന്ന് രേഖ വ്യക്തമാക്കുന്നുണ്ട്. പ്രകൃതിയിൽ നിന്നും കുടുംബത്തിൽനിന്നും കളികളിൽനിന്നുമൊക്കെയാണ് ഈ ബുദ്ധിവികാസം സാധ്യമാവേണ്ടത് എന്ന വസ്തുതകളെ കമ്മീഷൻ കാണാതെ പോയിരിക്കുന്നു. കളിച്ചും ചിരിച്ചും സ്നേഹലാളനകൾ പങ്കിട്ടും വളരേണ്ട ശൈശവഘട്ടത്തെ, സ്കൂൾപഠനത്തിന്റെ ആദ്യഘട്ടമായി വ്യാഖ്യാനിക്കുന്നിടത്ത് തന്നെ, വിദ്യാഭ്യാസ നയരേഖാവിദഗ്ധരുടെ വീക്ഷണ വൈകല്യങ്ങൾ വെളിച്ചത്താവുന്നുണ്ട്.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് പരിക്കേൽപ്പിക്കുന്ന ഒട്ടേറെ നിർദേശങ്ങൾ കരട്റിപ്പോർട്ടിലുണ്ട് എന്നതാണ് വാസ്തവം. 1976ലെ ഭരണഘടനാ ഭേദഗതിയോടെ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ അധികാരവും ഉത്തരവാദിത്തവുമുള്ള മേഖലയായാണ് വിദ്യാഭ്യാസം നിലനിൽക്കുന്നത്. പുതിയ റിപ്പോർട്ട് ആവശ്യപ്പെട്ടും പ്രകാരം, പ്രധാനമന്ത്രി ചെയർമാനായുള്ള രാഷ്ട്രീയ ശിക്ഷാആയോഗ് നിലവിൽ വരുന്നതോടെ വിദ്യാഭ്യാസം കൺകറൻറ് ലിസ്റ്റിൽ നിന്നും പുറത്താക്കപ്പെട്ടുമെന്നും ഇത് ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിനെതിരാണെന്നും ആരോപണം വന്നുകഴിഞ്ഞിട്ടുണ്ട്. ധാർമ്മികമൂല്യ പഠനമെന്ന പേരിൽ ഇന്ത്യയിലെ സ്കൂളുകളിലെല്ലാം മതാത്മകവിചാരധാരകൾ പഠിപ്പിക്കേണ്ടിവരുമെന്ന ഭയവും പലരും പങ്കുവയ്ക്കുന്നുണ്ട്. ജ്യോതിഷം, യോഗ, വാസ്തു, വേദഗണിതം മുതലായ പലതും സ്കൂൾ പാഠ്യവസ്തുവായി രൂപാന്തരം നേടാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. പാഠ്യപദ്ധതിയുടേയും പാഠപുസ്തകങ്ങളുടേയും കേന്ദ്രഭാഗങ്ങൾ (Core components) ദേശീയതലത്തിൽ തയ്യാറാക്കണമെന്ന നിർദ്ദേശം സംസ്ഥാനങ്ങളുടെ പ്രാദേശികതയേയും സാംസ്കാരിക വൈവിധ്യങ്ങളേയും അംഗീകരിക്കാത്ത രാഷ്ട്രീയ നിലപാടിന്റെ ബഹിർസ്ഫുരണം തന്നെയാണ്. സ്വകാര്യ വിദ്യാലയങ്ങൾക്ക് ഒട്ടേറെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും, അതേസമയം പ്രാന്തവൽക്കരിക്കപ്പെട്ടവരും പാവങ്ങളുമായവർക്ക് സ്വകാര്യവിദ്യാലയങ്ങൾ അപ്രാപ്യമാക്കുകയും ചെയ്യുന്ന ശുപാർശകളാണ് റിപ്പോർട്ടിലുള്ളത് എന്നതും ഗൗരവമായി കാണേണ്ടതുണ്ട്. നൈപുണിവികാസത്തിന് പ്രാധാന്യം കൊടുക്കുകവഴി, വാജ്പേയി ഗവൺമെന്റിന്റെ കാലത്ത് സമർപ്പിക്കപ്പെട്ട അംബാനി - ബിർള റിപ്പോർട്ടിന്റെ തുടർച്ച എന്ന രീതിയിൽ മാത്രമേ കസ്തൂരിരംഗൻ റിപ്പോർട്ടിനെ കാണാൻ സാധിക്കുകയുള്ളൂ.

*സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റി അംഗമാണ് ലേഖകൻ*

# "NATIONAL EDUCATION POLICY 2019": A veritable Trojan horse

**Muralikrishnan T.R.**
MES Asmabi College, Kodungallur



Ours is an educational system which generally has to address a variety of stakeholders within a ponderously populated matrix embedded with layers and hues of religio-political dynamics. Being a lumbering juggernaut, Indian education system has been a challenging edifice to renew and capacitate. The modernization of our system of education has met with continuous hurdles to overcome but our policy makers had the vision of a limited magnitude despite political inklings to implement them. The latest effort in this direction has come out in the form a draft titled National Education PolicyNEP 2019. However, there is an apprehension, as the title suggests, a possibility to prevaricate rather than objectified essentials. The sub-textual underpinnings definitely point at a possible recipe of disaster for the modest, remote but socially relevant institutions, especially at the higher education. This note of dissent, or a critique, is only to underscore the issues that might come up at the higher education level.

One can read the objective stated at the beginning-"revamp the higher education system, create world class institutions across the country and increase GER to at least 50 % by 2035". This is followed by an ominous statement that 800 universities and 40000 colleges will be 'consolidated'into 15000 excellent institutions. The rationale of reduction is more of an elitist paradigm rather than based on the ground realities of the nation. The report outlines the challenges faced by the HEIs and they can be summarized below and the possible counter arguments are posed along with each unit:

| | |
|---|---|
| • Fragmentation of the higher education system | Fragmentation cannot be understood as a direct offshoot of lack of planning. It was resulted from the largesse lavishly provided by key players at the higher ups to monetize education |
| • Too many silos; too much early specialisation and streaming of students into disciplines | Rigid boundaries are products of elitism and too much hype on employability. |
| • Lack of access, especially in socio-economically disadvantaged areas | There is no novelty in this argument and all commission reports published prior to this had harped on the same issue. It is more of a polemical matter with no vision to solve it forever. |
| • Lack of teacher and institutional autonomy | The lament about severe lack of faculty motivation and scope for innovation makes an interesting reading. The empowerment of teachers comes from both intrinsic and extrinsic factors. The discussion on autonomy (204) misses the core issue of funding. |
| • Inadequate mechanisms for career management and progression of faculty and institutional leaders | The question is should we shun seniority (read "experience") for merit (read "careerist"). Does it not suggest that the old generation teachers are a kind of Rocinante! |
| • The lack of research at most universities and colleges, and the lack of transparent and competitive peer reviewed research funding across disciplines | One would find more "silos" here. Research work can be stream lined by academicians with healthy attitude with necessary funding. Promotions can be linked with advancement of knowledge created. But for college teachers, the prime requirement is attending basic course (read "teaching") and enabling students to undertake further research. |
| • Suboptimal governance and leadership of higher education institutions | Though the issue is genuine, much depends on 'political will' and the stakeholder's responsibility to groom appropriate leadership. Many a times, ineffectual ones subvert the system to attain top posts. |
| • A regulatory system allowing fake colleges to thrive while constraining excellent, innovative institutions | The constraints listed for this point are a kind of a giving a nodding approval to Report on a Policy Frame Work for Reforms in Education by MukeshAmbani (Convenor) Kumarmangalam Birla (Member) Special Subject Group on Policy Framework for Private Investment in Education, Health and Rural Development April 2000. |

The absolute stunner is the division of the HEIs from Type 1 to 3. It might be read as an offer to provide thrust to quality and sustainability. The interesting part of the discussion is the observation given in page 214: "the expectations of high quality of education, and therefore of teaching-learning, across all Types and all HEIs will be the same" and the same report then adds, "All HEIs, by 2030, will develop into one of three types of institutions. These three types of institutions will differ in their focus as far as goals and work are concerned". A conceptual clarity is missing and the draft does not fulfil a consistent academic rigour. Then comes the master stroke of revivalism: "this Policy places the highest emphasis on moving to large multidisciplinary universities. The ancient Indian universities of Takshashila and Nalanda which had thousands of students from India and the world studying in such vibrant multidisciplinary environments, and modern universities today, amply demonstrate the great success that such large multidisciplinary research universities can bring." It is almost a wishful thinking to move back to the good old times while the contemporary projects on HEIs spread at the horizontal and the vertical levels for accommodating social as well as technological challenges.

सत्यमेव जयते

MHRD

GOVERNMENT OF INDIA

The Policy's vision lists out a set of key changes to the current system and based on that the following apprehensions linger among the common stakeholders and the public:

| | |
|---|---|
| P.9.1. Moving towards a higher educational system consisting of large multidisciplinary universities and colleges. | This is quite against the existing standards and the build-up facilities of HEIs of Kerala They possess only limited land and infrastructural facilities. This is also applicable to all states high population density. |
| P.9.2 Moving towards a more liberal undergraduate education | Liberal under-graduate education must not diminish the importance of skill-based vocational education. The scope of general higher education should not encroach upon the necessity envisaged for the professional programmes. |
| P.9.4 Curriculum, pedagogy, assessment and student support will be revamped | Generally it is a call made by almost all Commission reports starting from 1960s. However, the system of learning which is in a state of constant flux, makes it almost impossible to pin point the lacuna. |
| P.9.6 Establishment of National Research Foundation | The proposal to establish a national research foundation was mentioned in a different terminology in Yashpal Committee Report. Further, there can lead to extreme centralization of research in higher education. No other country has this level of centralization of research. Research grows only through decentralization. |
| P.9.7 Higher Educational Institutions will be governed by independent boards, with complete academic and administrative autonomy | The independent boards with complete administrative and academic autonomy will rein-in the spirit of development among the disadvantaged sections. Then we will have to serve more masters. |

From Chapter 10 onwards the discussion of the policy document focuses on specifics related to colleges and universities and the ways to stimulate the HEI systems. At the outset the difference between 'college' and 'university' has been envisioned. "A university will mean a multidisciplinary institution of higher learning that offers undergraduate and graduate programmes, with high quality teaching, research, and service". The colleges will have two options, either to be autonomous or a university-integrated body soon-to-be autonomous research or teaching universities. The policy document states "It is the vision of this Policy that all HEIs evolve into one of these three types of institutions, ... Types 1, 2, and 3: research universities, teaching universities, and colleges."The three -tier system of higher education is very much in the lines of the U.S. system. The concern here is while the top level gets several times the funding they need from several sources, lower levels will struggle due to paucity of funds. This can only enhance exclusion, nepotism and impervious system of hierarchy.

**The key expression is "Universities will have no affiliated colleges". All affiliated colleges are supposed to get converted into "autonomous degree granting colleges". We, in our state, have already realised that the myth of 'autonomy' has been exploded, with the teachers bearing the brunt, with little or no job satisfaction. The 'offer' is just the "special budgets" for mentoring the aspiring HEIs.**

There is clear confusion, rather a subtle ignorance, in the use of the word 'transformation' and 'transition'. There are generic differences between 'transformation' and 'transition'. It is said that all affiliating universities shall completely transform their institutional structure. Then the report demands a 'transition' phase for colleges in HEIs. The key expression is "Universities will have no affiliated colleges". All affiliated colleges are supposed to get converted into "autonomous degree granting colleges". We, in our state, have already realised that the myth of 'autonomy' has been exploded, with the teachers bearing the brunt, with little or no job satisfaction. The 'offer' is just the "special budgets" for mentoring the aspiring HEIs. The warning for the teaching community is that there will beno affiliating universities or affiliated colleges after 2032. If they are not willing to change, the winds of change will




blow them away.

"The facilities and resources of colleges that do not develop into Type 3 HEIsby 2032 will be optimally utilised for other public good and services, forexample as adult education centres, public libraries, vocational education facilities, etc." Will the Aided management association will just helplessly watch their "infrastructure of HEI" turn into "public good services"? The answer is not in the affirmative.

Later, the report suggests a shrinking of the present system in terms the number of HEIs. The policy's aim to establish 5000 to 10000 colleges by 2030. Out of the 200 type-I universities, which are research universities,each one of them is expected to host around 20,000 students in all areas, science arts humanities, liberal arts, medical, engineering , law and vocational education. Then the teaching universities. They too are ordained to be flexible enough to graduate to the higher levels like the type-I. Finally 40,000 odd colleges in the country. These are going to be helpless and disoriented with no sense of direction. So we are getting ready for grand compression with 20,000 going to be declared extinct. Etaptissimumsuperesse!

As a summary let us state:

1. Depriving the opportunity of higher education for all and hindering the objective of achieving a GER of fifty percent.
2. Financial support may not reach the needy in the long run. The criterion will depend on growth factors tantamount with autonomy. This is destined to meet the HEERA/ HEFA conundrum.
3. Degree awarding is not the only purpose of Universities. The responsibility is also to strengthen the fundamental educational level among the community.
4. The NHEQF shall be the guiding document for curricula across all disciplines and fields. This will only help to centralize higher education.
5. The report harps on "liberal" education and the word is strewn around incessantly just to drive at the fact that both artistic and analytic sides are equally important. BLA/BLE are now the terms associated with degrees. But the given degrees may suddenly become obsolete with a change of central governance and the reason could be political rather than the spirit enshrined in these. Further, there will be privation of qualified hands in various fields.
6. Integrating teacher training centres with multidisciplinary colleges could turn out to be asymmetrical in nature.
7. Any attempt to bring foreign universities simply for the sake of enabling the students to receive internationally recognised qualifications will be a throwback to the clandestine plan throughForeign Education Providers Bill 2013
8. Despite the above, there is already a widespread hostility owing to the systematic evasion of the Constitution's focus on social justice in educational institutions

A humble request to the policy makers is that one can have too many ideas and there is nothing felonious about them. But what one does with them is far more important than just possessing them. Many a times there are just too many alternatives. But prodigious possibilities can cause paralysis. There are already cases of such interventions that have maligned the system of HEIs. This could be the last straw on the camel's back. Further, as it was suggested earlier for the teaching community, this may turn out to be "prove or perish" kind of a dialectic.

Reference

National Education Policy 2019 (Draft)




# ചിലതൊക്കെ തിരിച്ചറിയേണ്ടതുണ്ട്

വിദ്യാഭ്യാസമെന്നാൽ വിജ്ഞാനം നേടലും അതിന്റെ പകർന്നുകൊടുക്കലുമാണ്. അതുകൊണ്ട് തന്നെ പ്രധാനമായും രണ്ടുകക്ഷികൾ ഏതൊരു ബോധനസമ്പ്രദായത്തിന്റെയും ഭാഗമായുണ്ടാവും. ഒന്നാമതായി വിദ്യാർത്ഥി. രണ്ടാമതായി അധ്യാപകൻ. വിദ്യാർത്ഥി - അധ്യാപക ബന്ധങ്ങളുടെ ആരോഗ്യകരമായ പരസ്പര പ്രവർത്തനത്തിലൂടെയാണ് ബോധനസമ്പ്രദായം സമയകാലബന്ധിതമായ ശരിയായ ബോധസന്ദർഭത്തിലേക്ക് ഒരു തലമുറയെ, ഒരു സമൂഹത്തെ നയിക്കുന്നത്. അപ്പോൾ വിദ്യാഭ്യാസ സമ്പ്രദായത്തിൽ അടിസ്ഥാനതലത്തിൽ മാറ്റങ്ങൾ കൊണ്ടുവരണമെങ്കിൽ ആ വ്യവസ്ഥയിലെ രണ്ടു കക്ഷികളെയും അവർ തമ്മിലുള്ള പരസ്പര ബന്ധത്തേയും മാറ്റി നിർവ്വചിക്കേണ്ടതുണ്ട്." ഇന്ത്യയിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇത്തരം ഒരു ഉഴുതുമറിക്കലാണ്.

പുതിയ ലോകക്രമവും, അതിന്റെ ഗുണദോഷങ്ങളുടെ അനന്തരഫലമായി രൂപംകൊണ്ടിട്ടുള്ള വലത്-തീവ്രവലത് പക്ഷ ഗവൺമെന്റുകളുമാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ ഉടച്ചുവാർത്തുകൊണ്ടിരിക്കുന്നത്.

പുതിയ ലോകക്രമം പഴയ Benovelent ഏകാധിപത്യ പ്രവണതകളുടെയും ലിബറൽ ക്ഷേമരാഷ്ട്ര സങ്കല്പങ്ങളുടെയും സമ്മർദ്ദങ്ങളിൽ നിന്നും സ്വതന്ത്രമാണ്. ഇനിയൊരു ശക്തമായ ജനകീയ കലാപമോ, സമൂലവും ഹിംസാത്മകമായ വിപ്ലവമോ, നവീനലോകക്രമത്തിന്റെ വക്താക്കൾ ഭയക്കുന്നില്ല. കാരണം തൊഴിലാളിവർഗം, വംശീയത, തുടങ്ങിയ വലിയ ഏകീകരണശക്തികൾ അപ്രസക്തമായെന്നവർ വിലയിരുത്തുന്നു. അവശേഷിക്കുന്നത് പ്രാദേശീയവും ഒറ്റപ്പെട്ടതുമായ വ്യത്യസ്ത സ്ഥലകാലങ്ങളിൽ മൂർത്തരൂപം കൈക്കൊള്ളുന്ന അസംതൃപ്തികളാണ്. പുതിയ കാലത്തെ ഗവൺമെന്റ് സംവിധാനത്തിന്റെ ശക്തവും സൂക്ഷ്മവുമായ സാമദാന ഭേദദണ്ഡങ്ങളുടെ ഇടപെടലുകൾ കൊണ്ട് വലിയ ബുദ്ധിമുട്ടില്ലാതെ ഈ പ്രശ്നങ്ങൾ പരിഹരിക്കാമെന്നും കരുതുന്നു. വാൾസ്ട്രീറ്റ് പ്രസ്ഥാനം, ഇന്ത്യയിലെ അഴിമതിരഹിത പ്രസ്ഥാനം തുടങ്ങിയവയെല്ലാം ഇതിനുദാഹരണങ്ങളാണ്.

**മുഹമ്മദ് ഫക്രുദ്ദീൻ അലി**
എൻ.എസ്.എസ്. കോളേജ്, ചേർത്തല



ഈ സൗകര്യങ്ങളുള്ളതുകൊണ്ടു തന്നെ പഴയ കൈനീഷ്യൻ സാമ്പത്തികശാസ്ത്രത്തിന്റെ മാതൃക പിൻപറ്റിയുള്ള ക്ഷേമരാഷ്ട്ര സങ്കല്പം തൊണ്ണൂറുകൾക്ക് മുമ്പ് തന്നെ പടിഞ്ഞാറൻ രാജ്യങ്ങൾ കടലിൽ തള്ളിയതാണ്. പകരം സ്വകാര്യമൂലധനത്തിന് വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, എന്തിന് പോലീസ് പണിതന്നെയും പകുത്തുനൽകി. ഇതിന്റെ ഫലമായി പണമുള്ളവർ പഠിച്ചാൽ മതിയെന്ന ചിന്ത ഒരു പടിഞ്ഞാറൻ സാമൂഹ്യയാഥാർത്ഥ്യമായി മാറുകയും, മുറുമുറുപ്പില്ലാതെ സ്വീകരിക്കപ്പെടുകയും ചെയ്തതാണ്. ഇതേതുടർന്ന് അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഉന്നതവിദ്യാഭ്യാസവും, നിലവാരമുള്ള വിദ്യാഭ്യാസവും സാധാരണക്കാർക്കും സ്കോളർഷിപ്പ് നേടാൻ പറ്റാത്ത ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും അപ്രാപ്യമായി. ആഗോളവൽക്കരണാനന്തരം ഉണ്ടായ തൊഴിൽസാധ്യതകളുടെ വിസ്ഫോടനം ഈ പ്രശ്നം ഒരു സാമൂഹിക പ്രശ്നമായി മാറാതെ പടിഞ്ഞാറൻ രാജ്യങ്ങളെ കാത്തു. പിന്നീട് ലാഭത്തിനുവേണ്ടിയുള്ള സമ്പന്നരുടെ അത്യാഗ്രഹം ഔട്ട്സോഴ്സിംഗിലൂടെ ഈ തൊഴിൽ സാധ്യതകൾ ഇല്ലാതാക്കിയപ്പോഴാണ് വാൾസ്ട്രീറ്റ് പ്രസ്ഥാനം എന്നൊരു ജലദോഷപ്പനി അവിടെ ഉണ്ടായത്. ട്രംപ് എന്ന അവൽഗുളികയിലൂടെ അവരാ രോഗം ചികിത്സിക്കുകയും ചെയ്തു.

ഇന്ത്യയിൽ ഈ വികസിതലോക മാതൃക വിദ്യാഭ്യാസരംഗത്ത് കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടത് 90കളിൽ വാജ്പേയ് ഗവൺമെന്റ് നിയമിച്ച അംബാനി കമ്മീഷനാണ്. ഈ കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കുവാൻ മാറിമാറിവന്ന ഒരു കേന്ദ്രഗവൺമെന്റും വിമുഖത കാട്ടിയിട്ടില്ല. അതിന്റെ പരിണിതി നമ്മൾ കാണുന്നത് യു.ജി.സി. തന്നെ ഇല്ലാതായതും, വിദ്യാഭ്യാസ, പ്രത്യേകിച്ചും ഉന്നതവിദ്യാഭ്യാസരംഗത്തുനിന്നും സർക്കാർ പിൻവലിയുന്നതിലുമാണ്.

നൂറുകോടിയിലധികം ജനസംഖ്യയുള്ള ഇന്ത്യപോലൊരു വികസ്വരരാജ്യത്ത് ഇങ്ങനെ സർക്കാർ വിദ്യാഭ്യാസരംഗത്തുനിന്നും പിൻമാറുന്നത് വലിയ സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുണ്ട്. കാരണം പടിഞ്ഞാറൻ രാജ്യങ്ങൾ പോലെ സമ്പന്നമോ, ജനസാന്ദ്രത കുറവിന്റെ ആനുകൂല്യമോ നമുക്കില്ല. പഠിച്ച സമയം കളഞ്ഞിരുന്ന യുവത്വം പഠിപ്പും, പണിയുമില്ലാതെ വീട്ടിലിരുന്നാൽ അവരുടെ മനസ്സ് സാത്താന്റേതാകുകയും വർഗീയ, രാജ്യവിരുദ്ധ ശക്തികൾ അവിടം സ്വന്തമാക്കുകയും ചെയ്യും.

ഈ പ്രശ്നമാണ് വലതുപക്ഷം പുതിയ സിലബസ്സുകളിലൂടെയും കോഴ്സുകളിലൂടെയും അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്നത്. വർഗീയതയും, കൃത്രിമമായ ചരിത്രബോധവും നിഴലിക്കുന്ന പാഠ്യപദ്ധതികളിലൂടെ പുതിയ തലമുറയെ പുറത്ത് നിറിനിൽക്കുന്ന യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും മാറ്റിനിർത്തി മതം, വംശീയത തുടങ്ങിയ കപടമായ പ്രശ്നങ്ങളിൽ അവരെ തളച്ചിടുക. കൃത്രിമവും, വിദ്വേഷദ്യോതകവുമായ ചരിത്രബോധനിർമിതിയിലൂടെയാണ് ഇത് സാധ്യമാകുന്നത്.

രണ്ടാമത്തെ വലതുപക്ഷ തന്ത്രം ചെറിയതും, സ്വാശ്രയവുമായ ഡിപ്ലോമ തൊഴിലധിഷ്ഠിത കോഴ്സുകളുടെ വ്യാപനമാണ്. ഈ കോഴ്സുകളുടെ ഏറ്റവും വലിയ പ്രത്യേകത അവ സാമൂഹിക പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതേ ഇല്ല എന്നതാണ്. ഡിപ്ലോമകളായതിനാൽ പെട്ടെന്ന് തീരും. തൊഴിലധിഷ്ഠിതമായതിനാൽ എന്തെങ്കിലും ജോലി പെട്ടെന്ന് കിട്ടും. തൊഴിൽസ്ഥിരതയില്ല എന്നുള്ളത് ആരും പ്രത്യേകിച്ച് ഗൗനിക്കുകയുമില്ല. കുറച്ചുനാളത്തേക്കെങ്കിലും ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലും, ലോക സമ്പദ് വ്യവസ്ഥയിലും വൻ പ്രതിസന്ധിയൊന്നുമുണ്ടാവാനിടയില്ലാത്തതിനാൽ ഈ തലമുറ പൊതുവേ സന്തോഷവാൻമാരുമായിരിക്കും. ഈ അവസ്ഥ മുതലെടുത്തുകൊണ്ട് പതുക്കെ പൊതുവിദ്യാഭ്യാസത്തിനും, സർക്കാർ ഫണ്ടിംഗിനും എതിരെയുള്ള പൊതുബോധം നിർമിച്ചെടുക്കാനാവും. അതായത് പൊതുവിദ്യാഭ്യാസം എന്നാൽ നിലവാരമില്ലാത്ത ഡിഗ്രിക്കാരെ സൃഷ്ടിക്കുന്ന ദേശീയ നഷ്ടക്കച്ചവടമാണെന്ന തോന്നലുണ്ടാക്കിയെടുക്കൽ.

ഈ പ്രക്രിയകളിലെല്ലാം വലതുപക്ഷം വൻ വിജയം നേടിക്കൊണ്ടിരിക്കുന്ന ചരിത്രസന്ദർഭമാണ് നമ്മുടേത്. പക്ഷേ പ്രശ്നം വലതുപക്ഷ വികസനമാതൃകകൾ കുമിളകളാണ് എന്നതാണ്. ഈ കുമിള താമസംവിനാ പൊട്ടുമ്പോൾ അവർക്കെതിരെ ഉയരുന്ന അസംതൃപ്തി വംശീയതയുടെ കൃത്രിമച്ചാലുകളിലേക്കു തിരിച്ചുവിട്ട് രക്ഷപ്പെടാനവർക്ക് കഴിയും. ഒന്നാംലോക മഹായുദ്ധാനന്തരം യൂറോപ്പിൽ സംഭവിച്ചതുപോലെ. അതുകൊണ്ട് തന്നെ പൊതുവിദ്യാഭ്യാസത്തിന്റെ സംരക്ഷണത്തിനായുള്ള പോരാട്ടം നാളേയ്ക്ക് വേണ്ടിയുള്ള നമ്മുടെ കരുതലിന്റെ സൃഷ്ടിയാണ്. രാജ്യത്തോടുള്ള യഥാർത്ഥ പ്രതിബദ്ധതയും സ്നേഹവും വെളിപ്പെടുന്ന ഒരു നിമിത്തവും.



# വിദ്യാഭ്യാസത്തിലെ വിഭിന്നാഭ്യാസം


സാർവ്വത്രികവിദ്യാഭ്യാസം ഉറപ്പാക്കുക രാജ്യം ചല നാത്മക സമൂഹമായി പരിണമിക്കുക, അതിനുതകുന്നതും ഭാരതകേന്ദ്രീകൃത വുമായ വിദ്യാഭ്യാസനയം രൂപപ്പെ ടുത്തുക എന്നതാണ് ദർശനമെന്ന് ആമുഖമായി പ്രഖ്യാപിച്ചുകൊണ്ടാണ് ദേശീയ വിദ്യാഭ്യാസനയം - 2019 അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ കാഴ്ചപ്പാടിന്റെ നടത്തിപ്പിനായി പ്രധാനമന്ത്രി തലവനായുള്ള രാ ഷ്ട്രീയ ശിക്ഷ ആയോഗ് (നാഷണൽ എജ്യുക്കേഷൻ കമ്മീഷൻ) രൂപീക രിക്കുമെന്ന് പ്രാരംഭമായി പ്രഖ്യാപി ക്കുന്നുമുണ്ട്. ശാസ്ത്രബോധത്തിലും യുക്തിസമഗ്രതയിലും ദീർഘവീക്ഷ ണത്തിലും പ്രധാനത പ്രതീക്ഷിക്കുന്ന ഒരു വിദ്യാഭ്യാസ സമീപനമാകുമോ ഭാവിഭാരതത്തിലുണ്ടാവുക എന്നത് ആശങ്കാകുലമായ ഒരു വിചാരഗതിയാ യി വളരുകയാണ്.

സ്കൂൾ വിദ്യാഭ്യാസത്തെയും ഉന്നത വിദ്യാമേഖലയെയും സംബന്ധിച്ച്, രാജ്യത്താകമാനം നിലനിൽക്കുന്ന ഭാ വനാനുബന്ധമായ നിലപാടുകൾ കൂടി പരിശോധിച്ചറിയുമ്പോഴുളവാകുന്ന ചിന്താപ്രതിസന്ധി അത്ര ചെറുതുമല്ല. അതുകൊണ്ടുതന്നെ, ബോധപൂർവ്വമായ നിരീക്ഷണവും ആവശ്യമായ പ്രതി രോധവും ഈ വിഷയത്തിൽ സ്വീകരി ക്കേണ്ടതുമാണ്.

"വിദ്യാലയങ്ങളുടെ നിയന്ത്രണവും നടത്തിപ്പും വ്യത്യസ്തപരിമിതികളാണ് നടത്തുന്നത്. നയരൂപീകരണത്തി നും ചട്ടങ്ങൾക്കും നടത്തിപ്പിനും അക്കാദമിക കാര്യങ്ങൾക്കും വ്യത്യവും വ്യത്യസ്തവുമായ സമ്പ്രദായങ്ങളുണ്ടാ വും" എന്ന സുവ്യക്തമല്ലാത്ത പരാ മർശങ്ങൾ ആശങ്കാധികരണത്തിന്

**ഫാ. ഡോ. മാത്യൂസ് വാഴക്കുന്നം**
ഡയറക്ടർ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ & മലയാള വിഭാഗം, സെന്റ് തോമസ് കോളേജ്, റാന്നി






വഴിയൊരുക്കുന്നുമുണ്ട്. ജനാധിപത്യപരവും സുതാര്യവുമായ ഒരു നിലയായിരിക്കുമോ ഇക്കാര്യത്തിൽ കൈക്കൊള്ളപ്പെടുക എന്ന ജനസാമാന്യസംശയം ഏതുവഴിയ്ക്കുനിന്നും ഉദ്ഭവിക്കുന്നതാണെന്ന് ചിന്തിക്കേണ്ടതുണ്ട്.

ഉന്നതവിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനായി നിലവിലുള്ള 800 സർവ്വകലാശാലകളെയും 40,000 കോളേജുകളെയും ഏകീകരണത്തിന് വിധേയമാക്കി 15,000 ശ്രേഷ്ഠസ്ഥാപനങ്ങളാക്കുമെന്ന് പറഞ്ഞുതുടങ്ങുമ്പോൾ അതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കപ്പെട്ടിട്ടില്ല എന്ന അപര്യാപ്തത പിൻതുടരുന്നുണ്ട്. ഈ വിഷയം കൃത്യമായ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതായ ഒന്നാണ്. എന്നാൽ നിർഭാഗ്യവശാൽ ഏകപക്ഷീയമായ ഒരു തീരുമാനമായി ഇത് നയരേഖയുടെ ഭാഷയിൽ തെളിഞ്ഞുകാണുന്നു. വിദ്യാഭ്യാസരംഗത്തെ സമസ്തമേഖലകളെയും ഉൾപ്പെടുത്തി നിർവ്വഹിക്കുമെന്ന് വ്യക്തമാക്കപ്പെടുന്ന ഈ പുനഃസംഘടനയുടെ ലക്ഷ്യം എല്ലാ സ്ഥാപനങ്ങളെയും സർവ്വകലാശാലകളോ, ബിരുദം സ്വയം നൽകാനാവുന്ന സ്വയംഭരണാവകാശമുള്ള കോളേജുകളോ ആക്കിത്തീർക്കുക എന്നതാണത്രേ. ഇതിനാവശ്യമായ സാമ്പത്തികസ്രോതസ്സുകൾ എന്താണെന്നത് അവ്യക്തമാകയാൽ സ്വകാര്യവത്കരണത്തെ സന്ദേഹിക്കേണ്ട സാഹചര്യമാണ് കാണുന്നത്. മാത്രമല്ല, ഓരോ സ്ഥാപനങ്ങൾക്കും സ്വതന്ത്രമായ അധികാരങ്ങൾ നിയമനങ്ങളിലും പാഠനപദ്ധതി രൂപീകരണത്തിലും നൽകപ്പെടും എന്നു പറയുന്നതിൽത്തന്നെ സ്വകാര്യതത്പരതയിലേക്ക് ചായാനുള്ള ഗൂഢനിശ്ചയമല്ലേ പതിയിരിക്കുന്നത്?

ഡോ. കെ. കസ്തൂരിരംഗൻ അദ്ധ്യക്ഷനായുള്ള നയരൂപീകരണസമിതി സമൂഹത്തിലെ വിവിധ ശ്രേണികളിലുള്ളവരുമായി ചർച്ചകൾ നടത്തിയശേഷമാണ് വിദ്യാഭ്യാസത്തിന്റെ ആധുനികമുഖസൃഷ്ടിക്കായി പുറപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമ്പോഴും പാരമ്പര്യങ്ങളെന്ന് വിശ്വസിപ്പിക്കപ്പെടുന്നവയോ, വ്യാഖ്യാനനിക്കപ്പെടുന്നവയോ ആധുനിക ചിന്തകളുമായി കൂട്ടിക്കെട്ടാനുള്ള ശ്രമം കൂടി നടത്തുന്നതായി കാണാം. ഇത് വിദ്യാഭ്യാസത്തിന്റെ മുന്നാക്കത്തിനാണോ പിന്നാക്കത്തിനാണോ ഉതകുകയെന്നത് ചിന്തനീയമാണ്.

ദേശീയവും അന്തർദ്ദേശീയവുമായ സാമൂഹികചലനങ്ങളെ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടും ഭാവിസാധ്യതകളെ മുൻനിരീക്ഷണത്തിന് വിധേയമാക്കിയും രൂപീകരിച്ചെടുക്കേണ്ടതാണ് വിദ്യാഭ്യാസനയം. കാരണം ഇത് നമ്മുടെ നാടിന്റെ സമകാലികവും വരുംകാലത്തേക്കുമുള്ള സമൂഹരൂപീകരണത്തെ സഹായിക്കാനുള്ള ചുവടുവെപ്പാണ്.

2019-ലെ വിദ്യാഭ്യാസനയം നവഉദാരവൽക്കരണ സമീപനത്തിന്റെയും ജനാധിപത്യവിരുദ്ധതയുടെയും അധികാര കേന്ദ്രീകരണാഗ്രഹങ്ങളുടെയും ആകെത്തുകയാണ് എന്ന് നിസ്സംശയം പറയാം. സമൂഹത്തിൽ വിഭാഗീയത വളർത്തുന്ന വൈകാരിക നിലപാടുകളിലേക്കും അതുവഴി സാമൂഹിക തകർച്ചകളിലേക്കും നയിക്കപ്പെടാനാവും ഇത് വഴിയൊരുക്കുക.

മതനിരപേക്ഷത, തുല്യത, പ്രയോജകീഭവിക്കൽ, സാമൂഹിക നീതി ഉറപ്പുവരുത്തൽ, ലിംഗനീതി, വൈവിധ്യങ്ങളെ അംഗീകരിക്കൽ, ഉൾക്കൊള്ളലിന്റെയും അംഗീകരിക്കപ്പെടലിന്റെയും പ്രാധാന്യം ഇവയൊന്നും ഉചിതമായ രീതിയിൽ പരാമർശിക്കപ്പെടാത്തതും വ്യത്യസ്ത വിഭാഗങ്ങൾക്കിടയിൽ തത്സംബന്ധമായ ആകലതകൾ ജനിപ്പിക്കുന്നുണ്ട്.

ഇന്ത്യൻ സമൂഹത്തിന്റെ വൈവിധ്യവമാർന്ന മാനത്തെ അവഗണിക്കുന്നതുകൊണ്ടാണ് ഏകമുഖമായ നയസമീപനത്തെ രൂപപ്പെടുത്തുന്നതിലേക്ക് നീങ്ങിയിരിക്കുന്നതെന്ന് കാണാം. 'മിഷൻ നളന്ദ' 'വിഷൻ തക്ഷശില' എന്നെല്ലാം നാമകരണം ചെയ്യുന്നതിൽ പൂർവ്വസംസ്കാരത്തെയും പാരമ്പര്യങ്ങളെയും


അതിരിട്ട് നിർത്തുവാനുള്ള അദൃശ്യയത്നമാണ് നിഴലായിരിക്കുന്നത്. ഇന്ത്യക്കാരൻ എന്ന സംബോധനയുടെ ആന്തരാർത്ഥം ഏതെല്ലാം തരത്തിൽ എവിടെയെല്ലാം വരെ എത്തിച്ചേരുന്ന ഒന്നാണ് എന്ന് പഠിച്ചാൽ തന്നെ ഈ നിരർത്ഥകത ബോധ്യപ്പെടും. ഓരോ പഠനശാഖകളുടെയും പശ്ചാത്തലത്തിൽ വ്യത്യസ്താശയങ്ങളെ ഉല്പാദിപ്പിക്കാനിടയുള്ള ഒരു പ്രയോഗത്തെ നിയതാർത്ഥത്തിൽ തളച്ചിടുകയെന്നത് എന്തിലേക്കുള്ള സൂചനയായാണ് പരിണമിക്കുന്നത്. ന്യൂനപക്ഷങ്ങളും മറ്റും രാജ്യമെമ്പാടും അനുഭവിച്ചുപോരുന്ന ദുരിതക്കണ്ണാടികളിലൂടെ നോക്കിയാൽ ആ പദാർത്ഥസങ്കോചം അനുഭവപ്പെട്ടേക്കാം. പ്രത്യേകിച്ചും അനുവദനീയമാകരുതാത്ത ഒരു മേഖലയാണല്ലോ സമൂഹനിർമിതിയുടെ അടിസ്ഥാനശില പണിയുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന വിദ്യാഭ്യാസരംഗം. 'ഇന്ത്യക്കാരൻ', എന്നൊരാൾ അഭിമാനിക്കുമ്പോൾ നാനാത്വത്തിന്റെ ഏകത്വത്തെയാണ് അയാൾ കൂടെക്കൂട്ടുന്നത്. അതുതന്നെയാണ്, ആയിരിക്കണം എന്നും ശരിയായ അഭിമാനബോധം.


ഇന്ത്യയുടെ സംസ്കാരം പ്രാദേശിക സംസ്കൃതികളുടെ കൂടി സമ്മേളിതമായ ഒരു ഭാവത്തെയാണ് പ്രകാശിതമാക്കുന്നത് എന്നിരിക്കെ, ആ സംസ്കാര സവിശേഷതകളെ അവഗണിക്കുവാനാണ് ഈ നയത്തിന്റെ മുന്നൊരുക്കം എന്ന് നിസ്സർക്കം പറയാവുന്നതാണ്. സ്വാർത്ഥതാത്പര്യങ്ങളും രാഷ്ട്രത്തിന്റെ ഘടനയിൽ സ്വേച്ഛാനുസൃതമായ വഴിമാറ്റങ്ങളും ഇത്തരം സമീപനങ്ങൾക്കു പിന്നിൽ മറഞ്ഞിരിക്കുന്നുവെന്നത് ഒരു നഗ്നയാഥാർത്ഥ്യമല്ലേ?

നവവ്യവസായലോകം കെട്ടിപ്പടുക്കുന്നതിനും, അതിന് പ്രാപ്തരായ തൊഴിൽ വൈദഗ്ധ്യമുള്ളവരെ സൃഷ്ടിക്കുമെന്നും ലക്ഷ്യസൂചന നൽകുക വഴി വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യത്തെക്കുറിച്ച് രാഷ്ട്രപിതാവായ മഹാത്മജിയുടെ ദർശനമടക്കം ദൂരദർശികളായ അനേകരുടെ ചിന്തയ്ക്കും ധ്യാനത്തിനും മനനത്തിനും വിഭവമായ വിദ്യാഭ്യാസ വിചാരങ്ങളെ സങ്കുചിത ബോധത്തിന്റെ പരിമിതിയിൽ തളയ്ക്കുവാനാണല്ലോ ഇക്കൂട്ടർ ശ്രമിക്കുന്നത്.

ഇപ്പോൾ തന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി സംസ്ഥാപിക്കപ്പെട്ടിട്ടുള്ള വിദ്യാകേന്ദ്രങ്ങൾ ഇന്ത്യൻ ജനതയുടെ പൂർണ്ണമായ വിദ്യാഭ്യാസാവകാശങ്ങൾ നിറവേറ്റുവാൻ ഉതകുന്നതേയില്ല. അപ്പോഴാണ് അവയുടെ വ്യാപനത്തെ തടഞ്ഞുകൊണ്ട്, സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ശ്രമിക്കുമെന്ന് മോഹിപ്പിച്ച്, ഇന്നും വിദ്യാകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ലാത്ത അവികസിത ഗ്രാമമേഖലകളിൽ ഉള്ളവരുടെ അവകാശത്തെ നിഷേധിക്കുന്ന നിലപാട് കൈക്കൊള്ളുന്നത്. നിരക്ഷര സമൂഹത്തെ മനസ്സിൽ കണ്ടുകൊണ്ടുകൂടിയാവണമല്ലോ വിദ്യാഭ്യാസരംഗത്തിന്റെ വിപുലീകരണം സാധ്യമാക്കേണ്ടത്. ഇവിടെ നേർവിപരീതമായ ദിശാസഞ്ചാരമാണ് സംഭവിക്കുന്നത്.

ഭരണകൂടത്തിന് ജനതയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള ഉത്തരവാദിത്വം ഒട്ടും ചെറുതല്ല. പൊതുമേഖലയിലെ സ്ഥാപനങ്ങൾ സംരക്ഷിക്കുവാനുള്ള നില സ്വീകരിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം അത് വർദ്ധിതമാക്കുന്നു. സാധാരണക്കാരന് പ്രാപ്യമാകേണ്ട അവസരങ്ങൾ പലപ്പോഴും അവിടങ്ങളിലാണുണ്ടാവുക. സ്വകാര്യസ്ഥാപനങ്ങളെയും പൊതുമേഖലയിലെ സ്ഥാപനങ്ങളെയും ഒരുപോലെ പരിഗണിക്കും എന്ന പ്രഖ്യാപിക്കൽ എത്ര വലിയ അപകടത്തെയാണ് ക്ഷണിച്ചുവരുത്തുക എന്നത് നേരാലോചനയുടെ വിഷയമാക്കിയാൽ ഒരു കാര്യം ബോധ്യപ്പെടും.






ഇത് തിരിച്ചറിയപ്പെടേണ്ടതായ, തകർച്ചയുടെ പാതയാണ്. തിരുത്തപ്പെടേണ്ടതുമാണ്.

ഉന്നതവിദ്യാഭ്യാസമേഖലയിൽ താത്പര്യങ്ങൾക്കനുസൃതമായ കേന്ദ്രവൽക്കരണം നടപ്പാക്കുന്നതിനും അത് കുത്തകകൾക്ക് ലാഭം നേടിക്കൊടുക്കുന്നതിനുള്ള ഉപാധിയാക്കുന്നതിനും ശ്രമിക്കുകയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സാർവ്വത്രിക വിദ്യാഭ്യാസമെന്ന വിഭാവനത്തിന് വിരുദ്ധമായി ഈ സമീപനം മാറുമെന്നുള്ളത് മുൻകൂട്ടി കാണേണ്ട വസ്തുതയാണ്.

സമത്വസുന്ദരമായ ഒരു പശ്ചാത്തലത്തിൽ ജീവിച്ചുപോരുന്ന ഒരു ജനതതിയാണ് നാമെങ്കിൽ തീരുമാനങ്ങളെ കണ്ണടച്ച് സ്വീകരിക്കാൻ കഴിഞ്ഞെന്നുവരും. ജീവിതത്തിന്റെ സമസ്തമേഖലകളിലും ഏറ്റക്കുറച്ചിലുകളിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യൻ ജനതയ്ക്കുവേണ്ടി പാകപ്പെടുത്തിയതല്ല ഈ വിദ്യാഭ്യാസനയം എന്നത് വ്യതിരിക്തതകളുടെ ദുരവസ്ഥയിൽ നിന്നുകൊണ്ട് വിചിന്തനം ചെയ്യുമ്പോൾ വ്യക്തമാകും.


'അറിവ്' ഒരുല്പന്നമായി പരിഗണിക്കപ്പെടുന്ന നവസമൂഹത്തിൽ ആരാണ് അത് നിർമിക്കാനൊരുങ്ങുന്നത് എന്നതും പ്രധാനമാണല്ലോ. ഏകകേന്ദ്രിതമായ രീതിയിൽ വാർത്തെടുക്കപ്പെടുന്ന ഒരു ഘടനയിൽ നിന്ന് അറിവിന്റെ മൊത്തവിതരണക്കാരെ സൃഷ്ടിക്കുക എന്നതാവാം മറഞ്ഞിരിക്കുന്ന സത്യം. അങ്ങനെ സംഭവിച്ചാൽ അറിവുടമയും അറിവടിമയും ഉളവാകും. ഇത് എന്തു പഠിക്കണമെന്നും പരിശീലിക്കണമെന്നും സ്വയം നിശ്ചയിക്കാനുള്ള അവകാശത്തെയും നിഷേധിക്കാനിടയുണ്ട്. ഫലത്തിൽ അടിസ്ഥാനസമൂഹം അറിവിടങ്ങളിൽ നിന്ന് അകറ്റി നിർത്തപ്പെട്ടിരുന്ന പൂർവ്വകാലത്തിന്റെ പുതുമോടി കലർന്ന ഒരു ആവിഷ്കാരമാകാനും ഇടയുണ്ട്.

നയരേഖ തയ്യാറാകുന്നതിന്റെ ആവശ്യകതയിലേക്ക് വിഷയങ്ങളെ നിശ്ചയിച്ചപ്പോൾ തന്നെ നിലനിൽക്കുന്ന അധികാരവ്യവസ്ഥയുടെ തത്പരതയെ വിളക്കിച്ചേർക്കുവാൻ ശ്രമിച്ചിരിക്കുന്നു. ഉന്നതവിദ്യാഭ്യാസമേഖലയെ ബാധിക്കുന്ന പ്രശ്നങ്ങളിൽ പ്രത്യേകിച്ചും ഇത് പ്രകടമാണ്. ഇതുമായി ബന്ധപ്പെട്ട് നടത്തിയ വിവരസമാഹരണത്തിലും വിശകലനത്തിലും ക്രോഡീകരണത്തിലും പുറതൊന്നും അകത്തൊന്നും എന്ന വൈരുദ്ധ്യം വെളിപ്പെടുന്നുണ്ട്. മധുരം പൊതിഞ്ഞ വാക്കുകൾ മരണവിഷമായിത്തീരുമോ എന്ന ആധിബോധത്തോടെ നോക്കിക്കാണുവാൻ നിഗൂഢമായ സ്വഭാവം തന്നെയാണ് പ്രധാന കാരണമാകുന്നത്. ഒന്നിനും വ്യക്തതയും കൃത്യതയുമില്ല എന്നതത്രേ അതിലേക്ക് നയിക്കുന്നത്. സർഗാത്മകബോധന പ്രക്രിയയുടെ നിരാസം ഈ നയത്തിലുടനീളം തെളിഞ്ഞുകാണുന്നുണ്ട് എന്ന് പറയാതെ വയ്യ. വിദ്യാഭ്യാസം വ്യക്തിയുടെ ആകമാനമായ വികാസത്തിനായുള്ളതും അതോടൊപ്പം ജീവിതായോധനത്തിനു കൂടിയുള്ളതുമാകണമെന്ന പരസ്പരപൂരകമായ ചിന്താതലത്തെ നിരാകരിക്കുന്നു. വരുംനാളുകളിലെ തൊഴിൽലഭ്യത എന്ന ഒറ്റക്കാര്യത്തിലേക്ക് സ്വപ്നസദൃശമായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അക്കാദമികവിരുദ്ധമായ സമീപനങ്ങൾ ഒട്ടേറെ പരോക്ഷ സാന്നിദ്ധ്യമുറപ്പിച്ചിരിക്കുന്നതും മതനിരപേക്ഷത, സമത്വം, സാമൂഹികനീതി തുടങ്ങിയ ഭരണഘടനാനുസൃതമായ അവകാശങ്ങളെ വ്യക്തമാക്കാതെ രൂപപ്പെടുത്തിയിരിക്കുന്നതുമായ ഈ വിദ്യാഭ്യാസനയരേഖയെ സമസ്ത നിരീക്ഷണത്തിന് വിധേയമാക്കി, ഭാവിഭാരതത്തിന് ഗുണപ്രദമായി പ്രയോജകീഭവിക്കേണ്ട ഇടപെടലുകൾക്ക് പുരോഗമനവാദികൾ ഒരുമിച്ചുണർന്ന് പ്രവർത്തിക്കേണ്ട സന്ദർഭമാണ് സമാഗതമായിരിക്കുന്നത്. നന്മ വിതച്ചാലല്ലേ, നന്മ കൊയ്യാനാവുകയുള്ളൂ.




# ഉൽക്കാ പതനത്തിന്റെ അനന്തര ഫലങ്ങൾ

ഡോ. വൈശാഖൻ തമ്പി ഡി.എസ്.
മഹാത്മാ ഗാന്ധി കോളേജ്,
തിരുവനന്തപുരം



പണ്ട് ഭൂമിയിലേയ്ക്ക് വന്നിടിച്ചൊരു ഉൽക്കയുടെ ഫലമായാണ് ഡൈനോസറുകൾ പോലുള്ള ജീവികൾക്ക് വംശനാശം സംഭവിച്ചത് എന്നത് വളരെ പരിചിതമായ ഒരു കാര്യമാണ്. അപ്പോഴും, സമ്മേളനസ്ഥലത്തേയ്ക്ക് ലോറി പാഞ്ഞുകയറി എന്നൊക്കെ വാർത്തകളിൽ കാണുന്നത് പോലെ, ഡൈനോസറുകൾ കൂട്ടംകൂടി നിന്നിടത്തേയ്ക്ക് ഒരുഉൽക്ക വന്നിടിച്ചതിന്റെ ഫലമായിരുന്നോ ആ വംശനാശം എന്നൊരു ചോദ്യം അവിടെ അവശേഷിക്കുന്നുണ്ട്. ആ പശ്ചാത്തലത്തിൽ, ഒരു ഉൽക്കാപതനത്തിന്റെ അനന്തരഫലം എന്തായിരിക്കും എന്നും അതൊരു വംശനാശത്തിലേക്ക് നയിക്കുന്നത് എങ്ങനെയെന്നും ശാസ്ത്രീയമായി വിശദീകരിക്കാനുള്ള ഒരു ശ്രമമാണ് ഇവിടെ.

ഉൽക്കകൾ എന്ന മലയാളം വാക്കിനു തുല്യമായ ഇംഗ്ലീഷ് പദങ്ങൾ അന്വേഷിച്ചാൽ asteroids, meteors, meteorites എന്നിങ്ങനെ പല വാക്കുകൾ കിട്ടും. എന്നാൽ ഇംഗ്ലീഷിൽ ഈ പറഞ്ഞ വാക്കുകൾ എല്ലാം വ്യക്തമായ പരസ്പര വ്യത്യാസം ഉള്ള വസ്തുക്കളെയാണ് സൂചിപ്പിക്കുന്നതും. ഇവിടത്തെ ആശയക്കുഴപ്പം ആദ്യം ഒഴിവാക്കിയിട്ട് വേണം മുന്നോട്ട്പോകാൻ. വ്യത്യസ്ത വസ്തുക്കൾക്കെല്ലാം പൊതുവേ മലയാളത്തിൽ ഉൽക്ക എന്ന ആ ഒറ്റപ്പേരാണ് ഉപയോഗിക്കുന്നത് . ചൊവ്വയുടെയും വ്യാഴത്തിന്റെയും ഓർബിറ്റുകൾക്ക് ഇടയിൽ സൂര്യനെ വലംവെക്കുന്ന



ലക്ഷക്കണക്കിന് വരുന്ന ചെറു ബഹിരാകാശവസ്തുക്കൾ ആണ് asteroids എന്ന ക്ഷുദ്രഗ്രഹങ്ങൾ/ഛിന്നഗ്രഹങ്ങൾ. ഇവയിൽ ചിലത് മറ്റ് ഗ്രഹങ്ങളുടെയോ മറ്റോ ഗുരുത്വാകർഷണത്തിന് വിധേയമായി കൂട്ടം വിട്ട് ഭൂമിയ്ക്ക് നേരെ വന്നെന്ന് വരാം. ഇങ്ങനെ ഒരു ഛിന്നഗ്രഹമോ മറ്റേതെങ്കിലും അന്യവസ്തുവോ ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് പാഞ്ഞുകയറി, ഘർഷണം മൂലം കത്തി ബാഷ്പീകരിക്കപ്പെടുമ്പോൾ അതിനെ നമ്മൾ meteor എന്നുവിളിക്കും. വളരെയധികം പ്രഭയോടെ കത്തുന്ന ഇവ ഒരു പന്തംപോലെ ആകാശത്തു പാഞ്ഞുപോകുന്ന രീതിയിൽ കാണപ്പെടും. ഇതിനെയാണ് നാടൻഭാഷയിൽ കൊള്ളിയാൻ അല്ലെങ്കിൽ കൊള്ളിമീൻ (shooting star) എന്നൊക്കെ വിളിക്കുന്നത്. ഭൂമിയുടെഅന്തരീക്ഷത്തിൽ കയറുന്ന ഏതാണ്ട് എല്ലാ meteors-ഉം അന്തരീക്ഷത്തിൽ വെച്ചു കത്തിത്തീരുകയാണ് പതിവ്. താരതമ്യേന വലിപ്പം കൂടിയ അപൂർവം ചിലവ മാത്രം, പൂർണമായും കത്തിനശിക്കാതെ ഭൂമിയിൽ വന്ന് പതിക്കും. അതിനെയാണ് meteorite എന്ന് വിളിക്കുന്നത്. എന്നാൽ ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് അങ്ങ് ദൂരെ ഊർട്ട് മേഘങ്ങളിൽ നിന്നോ മറ്റോ വരെ ഉൽക്കകൾ എത്തിച്ചേരാം. ചുരുക്കത്തിൽ ആസ്റ്ററോയിഡ് ബെൽറ്റിൽ നിന്നോ പുറത്തുനിന്നോ ഭൂമിയ്ക്ക് നേരെവരുന്ന ബാഹ്യാകാശവസ്തുക്കളാണ് ഉൽക്കകൾ എന്ന് വിളിക്കപ്പെടുന്നത്.

ഇത്തരമൊരു ബാഹ്യാകാശ വസ്തു ഭൂമിയുമായി കൂട്ടിയിടിച്ചാൽ എന്ത് സംഭവിക്കും എന്നാണ് ഇനി പരിശോധിയ്ക്കേണ്ടത്. നമ്മുടെ റോഡുകളിൽ നടക്കുന്ന രണ്ടു വാഹനങ്ങളുടെ കൂട്ടിയിടി എത്രത്തോളം ഭീകരമാണ് എന്ന് എല്ലാവർക്കും അറിയാം. സ്വാഭാവികമായും രണ്ട് ആകാശവസ്തുക്കൾ തമ്മിലുള്ള (ഇവിടെ അതിലൊന്ന് ഭൂമിയാണ്) കൂട്ടിയിടി അതിനെക്കാൾ ഒക്കെ പലമടങ്ങ് ശക്തമാണ്. ഈ കൂട്ടിയിടിയിലേക്ക് നയിക്കുന്നത് അവരണ്ടും തമ്മിലുള്ള ഗുരുത്വാകർഷണം ആണെന്നതും അത് അടുത്ത് വരുംതോറും കൂടുതൽ ശക്തമാകും എന്നതും ഓർക്കണം. അടുത്തിടെവരെയുള്ള പഠനങ്ങൾ തെളിയിക്കുന്നത് നമ്മുടെ ഭൂമി പണ്ട് കാലത്ത് ഇത്തരം ഇടികൾ ഒരുപാട് ഏറ്റുവാങ്ങിയിട്ടുണ്ട് എന്നാണ്. കൂട്ടിയിടി എന്ന് കേൾക്കുമ്പോൾ മനസ്സിൽ വരാൻ സാധ്യതയുള്ള ഒരു 'ആഘാതം ഏൽപ്പിക്കലിനും' അപ്പുറമാണ് ഒരു ഉൽക്കാപതനത്തിന്റെ അനന്തരഫലങ്ങൾ. ഒരു ഉദാഹരണം എന്ന രീതിയിൽ 1 km വലിപ്പവും വെള്ളത്തെക്കാൾ 2.5 മടങ്ങ് സാന്ദ്രതയും (density) ഉള്ള ഒരു ശരാശരി ഉൽക്ക സെക്കൻറിൽ 20 കിലോമീറ്റർ വേഗത്തിൽ ഭൂമിയിൽ പതിക്കുന്നു എന്ന്സങ്കൽപ്പിക്കാം. ഇത്തരം ഒരുകൂട്ടിയിടിയുടെ ഫലങ്ങൾ ഒരേസമയം പലരൂപത്തിലാവും ഭൂമി അഭിമുഖീകരിക്കുക.

## 1. പൊട്ടിത്തെറി

നമ്മൾ പരിഗണിക്കുന്ന ഉൽക്കയുടെ പിണ്ഡം (mass) കണക്ക് കൂട്ടാവുന്നതെ ഉള്ളുവല്ലോ. കോടിക്കണക്കിനു ടൺവരും അത്. വേഗതകൂടി പരിഗണിച്ചാൽ അത് ഭൂമിയിലേക്ക് കൊണ്ടുവരുന്ന ഗതികോർജ്ജം എത്രവരും എന്ന് കണക്കാക്കാൻ കഴിയും. കൂട്ടിയിടി കഴിഞ്ഞു ഈ ഉൽക്ക നിശ്ചലാവസ്ഥയിൽ എത്തുമ്പോഴേക്കും, ഊർജ്ജ സംരക്ഷണ നിയമം (conservation of energy) അനുസരിച്ച ഈ ഊർജ്ജംമൊത്തം ഏതെങ്കിലും രീതിയിൽവീതിക്കപ്പെടണം. അത് വന്ന് പതിക്കുന്ന സ്ഥലത്ത്, അത് കരയിലോ വെള്ളത്തിലോ ആകാം, അപ്പോ അതിനടുത്തുള്ള വസ്തുക്കളിലേക്കും അവിടന്ന് ചുറ്റുപാടിലേക്കും വീതിക്കപ്പെടുന്ന ഈഭീമൻ ഊർജ്ജം ഒരു വലിയ പൊട്ടിത്തെറിയ്ക്ക് തുല്യമാണ്. നമ്മുടെ ഉദാഹരണത്തിലെ ഉൽക്കയുടെ കാര്യം കണക്ക് കൂട്ടിയാൽ അത് ഉണ്ടാക്കുന്ന പൊട്ടിത്തെറിയുടെ ശക്തി ഏതാണ്ട് 60,000 TNT മെഗാടൺ വരും. ഇന്നുള്ള ഏറ്റവും പ്രഹരശക്തിയുള്ള ആണവ ബോംബ് പോലും 50-100 TNT മെഗാടൺശക്തിയുള്ള സ്ഫോടനമാണ് ഉണ്ടാക്കുന്നത് എന്നോർക്കുമ്പോഴാണ ഇത് എത്രത്തോളം മാരകമാണ് എന്ന് മനസ്സിലാവുക. റിക്ടർസ്കെയിലിൽ ഏതാണ്ട് 10 രേഖപ്പെടുത്തുന്ന ഒരു ഭൂകമ്പത്തിന് തുല്യമാണ് ഇത്.

കൂട്ടിയിടി നടക്കുന്നതിന് തൊട്ടുമുൻപ് തന്റെ വഴിയിലുള്ള അന്തരീക്ഷ വായുവിനെ ഉൽക്ക വശങ്ങളിലേക്ക് തള്ളിമാറ്റും. കൂട്ടിയിടിനടക്കുന്ന

impact site-നുമുകളിൽ ഏതാനും മിനിറ്റുകളോളം അന്തരീക്ഷം ഉണ്ടാവില്ല. ഈ ഒരു ചെറിയ സമയത്ത്, പൊട്ടിത്തെറിയുടെ ഭാഗമായി ഉണ്ടാകുന്ന ബാഷ്പീകരിക്കപ്പെട്ട ഉൽക്കാശിലയും പൊടിപടലങ്ങളും (കടലിലാണ് വീഴുന്നതെങ്കിൽ ജലബാഷ്പവും) ഈ അന്തരീക്ഷ ദ്വാരത്തിലൂടെ പുറത്തേക്ക് തള്ളപ്പെടും. കൂട്ടിയിടി നടന്ന് രണ്ട് മിനിറ്റുകൾക്കുള്ളിൽ കോടാനുകോടി ടൺ സ്ഫോടനാവശിഷ്ടങ്ങൾ ഏതാണ്ട് 100 km ചുറ്റളവിലേക്ക് തെറിച്ചും. ഇനി കൂട്ടിയിടിനടക്കുന്നത് കടലിൽ ആണെങ്കിൽ, വശങ്ങളിലേക്ക് തള്ളപ്പെടുന്ന വെള്ളം impact site-ലേക്ക് തിരിച്ച് വരുന്ന നിമിഷം പൊട്ടിത്തെറി ഉണ്ടാക്കിയ കനത്തച്ചൂടിൽ പൊടുന്നനെ ബാഷ്പീകരിക്കപ്പെടുകയും ബാഷ്പസ്ഫോടനം (steam explosion) എന്ന പ്രതിഭാസത്തിലേക്ക് കൂടി നയിക്കുകയും ചെയ്യാം.

ഒരുഉൽക്കാപതനത്തിന്റെ മുഖമുദ്ര എന്ന്പറയാവുന്നത് ഗർത്തങ്ങളുടെ (Craters) രൂപീകരണമാണ്. ഇടിയുടെ ആഘാതത്തിൽ, അത് കരയിലായാലും കടലിലായാലും, ഭൗമോപരിതലം കഴിഞ്ഞു പോകുകയും പതിക്കുന്ന ഉൽക്കയുടെ ഊർജത്തിന് ആനുപാതികമായ വിസ്താരമുള്ള ഒരു ഗർത്തം രൂപം കൊള്ളുകയും ചെയ്യും. 1 km വലിപ്പമുള്ള ഉൽക്ക ഏതാണ്ട് 20 km വ്യാസമുള്ള ഒരു ഗർത്തമാകും രൂപപ്പെടുത്തുക. അതായത് ഏതാണ്ട് തിരുവനന്തപുരം നഗരത്തിന്റെ വലിപ്പമുള്ള ഒരു കുഴി!

## 2. സുനാമി

ഭൂമിയുടെ പ്രതല വിസ്തീർണത്തിന്റെ 75% ഉം കടലാണ്. സ്വാഭാവികമായും ബാഹ്യാകാശത്തു നിന്നും ഭൂമിയ്ക്ക് നേരെവരുന്ന ഒരു ഉൽക്ക കടലിൽ പതിക്കാനാണ് സാധ്യത കൂടുതൽ. ഇതിനെ തുടർന്നുണ്ടാകുന്ന ബാഷ്പസ്ഫോടനത്തിന്റെ കാര്യം നേരത്തേ പറഞ്ഞു. ഉൽക്കയാൽ വശങ്ങളിലേക്ക് ശക്തമായി തള്ളപ്പെടുന്ന വെള്ളം വലിയ സുനാമിത്തിരകൾക്ക് രൂപംകൊടുക്കും. ഇതിന്റെ ഉയരവും കൂട്ടിയിടിയുടെ ഊർജ്ജത്തിന് ആനുപാതികമായിരിക്കും. നമ്മുടെ 1 km വലിപ്പമുള്ള ഉൽക്ക അതിന്റെ impact site-ൽ നിന്നും 1000 km അകലെ പോലും ഏതാണ്ട് 20 m ഉയരമുള്ള സുനാമിത്തിര ഉണ്ടാക്കും എന്ന് കണക്കാക്കാൻ കഴിയും. 300 km ദൂരെയാണെങ്കിൽ അത് 43 m-ഓളം ഉയരും. ഇത് കൂട്ടിയിടിയുടെ ആഘാതത്തിൽ ഉണ്ടാകുന്ന സുനാമിയുടെ കാര്യം മാത്രമേ ആകുന്നുള്ളൂ. ബാഷ്പസ്ഫോടനത്തിന്റെ ഫലമായി വേറെയും സുനാമികൾ ഉണ്ടാകും. ഒപ്പം, കൂട്ടിയിടിയുടെ ഫലമായുണ്ടാകുന്ന ഭൂവൽക്കചലനവും കൂടുതൽ തിരകൾ ഉണ്ടാക്കും. അങ്ങനെ വളരെ സങ്കീർണ്ണമായ പാറ്റേണിൽഉള്ള ഒരു സുനാമി പരമ്പര ആണ് ഉൽക്കാപതനത്തെ തുടർന്നു ഉണ്ടാവുക.

## 3. ആഗോളതീപിടുത്തങ്ങൾ

കൂട്ടിയിടി സമയത്ത് അന്തരീക്ഷത്തിൽ ഉണ്ടാവുന്ന ദ്വാരത്തിലൂടെ പുറത്തേക്ക് തെറിക്കുന്ന സ്ഫോടനാവശിഷ്ടങ്ങളെകുറിച്ച് പറഞ്ഞല്ലോ. ഇവ അന്തരീക്ഷത്തിലൂടെ പാഞ്ഞുപോകുമ്പോൾ ഘർഷണംമൂലം വീണ്ടും ചൂട് പിടിക്കും. ഈ പദാർത്ഥങ്ങൾ ചൂടാവുമ്പോൾ വളരെയധികം ഇൻഫ്രാറെഡ് കിരണങ്ങൾ പുറപ്പെടുവിക്കും. ഇത് ആഗോളതലത്തിൽ അന്തരീക്ഷ താപനിലകൂടാൻ കാരണമാവുകയും തുടർന്നു വ്യാപകമായ തീപിടുത്തങ്ങളിലേക്ക് (പ്രത്യേകിച്ചകാട്ടുതീ) നയിക്കുകയും ചെയ്യാം. ഇതുണ്ടാക്കുന്ന പരിസ്ഥിതി ആഘാതങ്ങൾ തുടർന്നും.


## 4. ആസിഡ്മഴകൾ

കൂട്ടിയിടിയുടെ ഫലമായുള്ള ഷോക്ക്വേവിലും തുടർന്നുള്ള അന്തരീക്ഷത്തിന്റെ പുനഃക്രമീകരണത്തിലും ഉണ്ടാകുന്ന രാസപ്രവർത്തനങ്ങൾ നൈട്രജനും ഓക്സിജനും ചേർന്ന് നൈട്രജൻ ഓക്സൈഡുകളുടെ രൂപീകരണത്തിലേക്ക് നയിക്കും. ഇവ ജലബാഷ്പവുമായി ചേർന്ന് ആസിഡ്മഴകൾക്ക് കാരണമാകുന്നു. കൂട്ടിയിടിയെ തുടർന്നുള്ള ഒരുവർഷത്തോളം ഈ പ്രതിഭാസം തുടരും. ഈ ആസിഡ് മഴകൾ ഉണ്ടാക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ പലതാണ്- ചെടികൾ നശിക്കും, ഭൂവൽക്കശിലകൾ ദ്രവിക്കും, ഓസോൺ പാളിനശിക്കും, അങ്ങനെ പോകുന്നു അവ.

## 5. ആഗോള താപവ്യതിയാനങ്ങൾ

ഏറ്റവും ദൂരവ്യാപകമായ പ്രത്യാഘാതം ഇതാണ്. പൊട്ടിത്തെറിയെ തുടർന്നുണ്ടാകുന്ന പൊടിപടലങ്ങളും തുടർന്നുണ്ടായ ആഗോള തീപിടുത്തങ്ങൾ പുറന്തള്ളുന്ന കരിയും അന്തരീക്ഷത്തിൽ നിറയും. ഇവ മാസങ്ങളോളം അവിടെ തങ്ങിനിന്ന് സൂര്യപ്രകാശത്തെ മറയ്ക്കും. നമ്മുടെ





ആത്യന്തിക ഊർജ്ജസ്രോതസ്സായ സൂര്യൻ മറയ്ക്കപ്പെടുന്നതിന്റെ ഫലം ഊഹിക്കാവുന്നതേ ഉള്ളൂ.സസ്യങ്ങളുടെ പ്രകാശസംശ്ലേഷണം നിലയ്ക്കും, അതോടെ ഭക്ഷ്യശൃംഖല തകരും. ആഗോളതലത്തിൽ അന്തരീക്ഷ താപനിലതാഴ്ന്ന് ഒരുഹ്രസ്വകാല ശൈത്യം നിലവിൽ വരും. ഇതിനെ Impact Winter എന്ന് വിളിക്കും. ഇത് അല്പനാളത്തേയ്ക്ക് മാത്രമേ ഉണ്ടാവൂ, അത് കഴിഞ്ഞാൽ ഫലം നേരെ തിരിയും. അന്തരീക്ഷത്തിലേയ്ക്ക് തള്ളപ്പെട്ടിരിക്കുന്ന കരിയിൽ നിന്നുണ്ടാവുന്ന കാർബൺ ഡയോക്സൈഡും ജലബാഷ്പവും ചേർന്ന് സൃഷ്ടിക്കുന്ന ഗ്രീൻഹൗസ് പ്രഭാവം കാരണം താപനിലകൂടാൻ തുടങ്ങും. ചെടികൾ നശിച്ചുപോയതിനാൽ ഈകാർബൺ ഡയോക്സൈഡ് വളരെ കാലം അന്തരീക്ഷത്തിൽ തന്നെ നിലനിൽക്കുകയും വളരെ കാലം ഈച്ചൂടൻകാലാവസ്ഥ തുടരുകയും ചെയ്യും.

ഇത്രയും ബഹുമുഖങ്ങളായ അനന്തരഫലങ്ങളാണ് ഒരു കൂട്ടിയിടിയെത്തുടർന്നുണ്ടാവുക. 10 km-ഓളം വലിപ്പമുള്ള ഒരു ഉൽക്കയ്ക്ക് ഭൂമിയിലെ ഒട്ടുമിക്ക ജീവിവർഗത്തെയും പൂർണമായി പറിച്ചുകളയുവാനുള്ള സംഹാരശക്തി ഉണ്ടാവും. ഏതാണ്ട് 65 മില്ല്യൺ വർഷങ്ങൾക്ക് മുൻപ് നടന്ന അത്തരമൊരു കൂട്ടിയിടിയിലാണ് ദിനോസറുകൾ ഉൾപ്പടെ കുറെ ഏറെ ജീവികളുടെ കൂട്ടവംശനാശം (Mass extinction) ഉണ്ടായത് എന്നാണ് ഇന്ന് പ്രബലമായ ഒരു സിദ്ധാന്തം. ഇതുവരെ പറഞ്ഞ കാര്യങ്ങളെല്ലാം ഇങ്ങനെ ഒരുസർവസംഹാരം സംഭവ്യമാണ് എന്ന് അടിവരയിട്ട് പറയുന്നുണ്ട്.

ഇതൊക്കെ പറയുമ്പോഴും ഇത്തരം സംഭവങ്ങൾക്കുള്ള സാധ്യത മുൻപ് ഉണ്ടായിരുന്നതിനെക്കാൾ അല്പം പോലും ഇപ്പോൾ കൂടുതൽ ഇല്ല എന്ന് കൂടി ഈ അവസരത്തിൽ കൂട്ടിച്ചേർക്കേണ്ടതുണ്ട്. തീർത്തും നിരാശാജനകമായ കാര്യങ്ങളല്ല ഈ വിഷയത്തിൽ നമുക്ക് പറയാനുള്ളത്. ഇത്തരം അപകടങ്ങളെ നേരിടാൻ മോശമല്ലാത്ത പല തയ്യാറെടുപ്പുകളും മനുഷ്യർ ഇതിനകം ചെയ്തിട്ടുണ്ട്. NASA- യുടെ Near Earth Object (NEO) പ്രോഗ്രാം ഉൾപ്പടെയുള്ള ചില ഏജൻസികൾ ഇത്തരം അപകടങ്ങൾ മുൻകൂട്ടി അറിയുവാനുള്ള നിരീക്ഷണങ്ങളിൽ വ്യാപൃതരാണ്. നമുക്ക് നേരെവരുന്ന ഉൽക്കകളെ വഴിതിരിച്ച് വിടുന്നതിനായി വളരെ സിമ്പിളായത് മുതൽ അത്യധികം സങ്കീർണ്ണമായത് വരെയുള്ള നിരവധി പദ്ധതികൾ നമ്മൾ ആസൂത്രണം ചെയ്തിട്ടുണ്ട്. നേരത്തെ അറിയുന്ന പക്ഷം, അവയിലേക്ക് ബഹിരാകാശവാഹനങ്ങളെ അയച്ച അവയിൽ അണുബോംബ് സ്ഥാപിച്ച അവയെ പൊട്ടിത്തെറിപ്പിച്ച് ദിശാമാറ്റം ഉണ്ടാക്കാൻ സാധിക്കും. റോബോട്ടിക് ലാൻഡറുകൾ ഉപയോഗിച്ച് ഉൾക്കയിൽ ത്രസ്റ്റർ റോക്കറ്റുകൾ പിടിപ്പിച്ച് ദിശതിരിച്ചുവിടാനുള്ള സാങ്കേതികവിദ്യയും സാധ്യതയുണ്ട്. ഗ്രാവിറ്റിട്രാക്ടർ എന്ന് വിളിക്കുന്ന വലിയ ബഹിരാകാശപേടകങ്ങൾ ഉപയോഗിച്ച് ഒരു ഉൽക്കയെ വലിച്ചുദിശതെറ്റിച്ച് വിടാൻപോലും നമുക്ക് പദ്ധതികളുണ്ട്. ഇതിനായി നമുക്ക് നേരെ വരുന്ന വസ്തുക്കളുടെ കൃത്യമായ സഞ്ചാരപഥം നേരത്തെ കണക്കുകൂട്ടാൻ കഴിയണം എന്നേയുള്ളൂ. അതിനാണ് NEO പ്രോഗ്രാം പോലെയുള്ള ഏജൻസികൾ കണ്ണിൽ എണ്ണയൊഴിച്ച മാനത്തേക്ക് നോക്കി ഇരിക്കുന്നതും.



# അ മുതൽ അം വരെ പോകുന്ന തീവണ്ടിയും നവചരിത്രവാദവും

ഡോ. അപർണ എസ്. കുമാർ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,
തിരുവനന്തപുരം




Virtual world മനുഷ്യന്റെ ഭൗതികജീവിതത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ പരമ്പരാഗതമായി തുടർന്നുവന്ന പലതും ഇല്ലാതാക്കുകയോ മാറ്റിനിർത്തുകയോ ചെയ്യേണ്ടിവരുന്നു. അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകളും ഭൗതികസാഹചര്യങ്ങളും പുതുതലമുറയ്ക്ക് അതിവേഗം സ്വീകാര്യമായി മാറുന്നു. പുതിയ കാലത്തിന്റെ കഥാകൃത്തായ ശ്രീ ജേക്കബ് എബ്രഹാം എഴുതിയ 'അ മുതൽ അം വരെപോകുന്ന തീവണ്ടി' എന്ന നോവലിൽ പരമ്പരാഗതമായി തുടർന്നു പോരുന്ന നോവൽ രചന സങ്കേതങ്ങളെ പാടെ നിഷേധിക്കുകയും പുതിയ രചന രീതി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

ഇരുപാതയിലോടുന്ന തീവണ്ടി പോലെ ശബ്ദങ്ങളുടെ രണ്ടുകാലഘട്ടങ്ങളെ കുറിച്ചുള്ള വിവരണങ്ങളിലൂടെയാണ് നോവൽ മുന്നോട്ട് പോകുന്നത്. ഒരുകാലത്തു ശ്രവ്യ മാധ്യമങ്ങളിലൂടെ ലോകവിവരങ്ങളും നാട്ടുവിവരങ്ങളും വീടുകളിൽ എത്തിച്ച റേഡിയോയുമായി ബന്ധപ്പെട്ടുള്ള കഥകൾ ഓരോ അധ്യായത്തിനും മുന്നോടിയായി കൊടുത്തിരിക്കുന്നു. തുടർന്ന് പുതിയ കാലത്തെ റേഡിയോ ആയ എഫ്. എം റേഡിയോയും റേഡിയോ സ്റ്റേഷനുമായി ബന്ധപ്പെട്ടുള്ള ആളുകളുടെ സംഭാഷണങ്ങളിലൂടെ നമുക്ക് ചുറ്റുമുള്ള ശബ്ദങ്ങളുടെ ഒരു ജീവശാസ്ത്രം തന്നെ കഥാകാരൻ ആവിഷ്കരിക്കുന്നു.

നാലരക്കോടി വർഷങ്ങൾക്ക് മുന്നേ മഹാവിസ്ഫോടനകാലത്തെ പ്രകൃതിയുടെ മുഴക്കം മുതൽ ഇന്ന് കൃത്രിമമായി ഉണ്ടാക്കി എടുക്കുന്ന ശബ്ദ രേഖകളുടെ സൈബർ



ലൈബ്രറി വരെയുള്ള ശബ്ദങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുവാനും അതിലൂടെ മറഞ്ഞു കിടക്കുന്ന മനുഷ്യചരിത്രം ഓർമിച്ചെടുക്കുവാനും നോവലിസ്റ്റ് ശ്രമിക്കുന്നു. ഭൂമിയിൽ ഉണ്ടായിട്ടുള്ള സകല ശബ്ദങ്ങളും ഇവിടെ അന്തരീക്ഷത്തിൽ ഉണ്ടെന്നും ആ ശബ്ദങ്ങളിലേക്കു എത്തിച്ചേരാൻ സാധിക്കുമെന്നുമുള്ള ശാസ്ത്രലോകത്തിന്റെ പുതിയ കണ്ടുപിടുത്തമായിരിക്കാം ജേക്കബ് ഈ നോവൽ എഴുതാൻ കാരണമായത്.

എൻജിനിയറിങ് പഠനം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന ഋഷി എന്ന ചെറുപ്പക്കാരൻ പിന്നീട് സൗണ്ട് എൻജിനിയർ ആകുകയും മിർസ് ബാൻ ഇറാനി എന്നയാൾ നടത്തുന്ന ഡെസിബെൽ സൗണ്ട് ഡിസൈൻ കമ്പനിയിൽ ജോലി ചെയ്യുകയും ചെയ്യുന്നു. ഡെസിബെല്ലിനു ലഭിച്ച കോർപറേറ്റ് പ്രൊജക്ടുകളിലും കൾച്ചറൽ പ്രൊജക്ടുകളിലും സൗണ്ട് ഡിസൈനർ എന്നനിലയിൽ ഋഷി തന്റെ കഴിവ് തെളിയിച്ചു. നിലനിന്നു പോരുന്ന പല മൂല്യങ്ങളെയും കലാസാംസ്കാരിക പാരമ്പര്യത്തെയും പുതിയ കാല ശാബ്ദിക പരിസരങ്ങളിൽ അടയാളപ്പെടുത്തിയാണ് ഋഷി തന്റെ പ്രതിഭ തെളിയിച്ചത്.

മിർസ്ബാൻ ഋഷിയോടു പറയുന്നുണ്ട് "വെറും പ്രതിഷ്ഠനപരമായ കലയല്ല നീ സൃഷ്ടിക്കേണ്ടത്, ഒച്ചകൾ തീർക്കുന്ന ജനതയുടെ ചരിത്രം, കേൾവിയിൽ വിരിയുന്ന നാടിന്റെ സമാന്തരചരിത്രം. ഒരു പക്ഷെ നിന്റെ നാട്ടിൽ ഇതുവരെ ആരും ചെയ്യാത്ത ഒരു സൃഷ്ടി. കലാകാരൻമാരുടെയും ബുദ്ധിജീവികളുടെയും നാടെന്നു ഊറ്റം കൊള്ളുന്ന ആ നാടിനെ കണ്ടെത്തൽ "(p. 85) മുൻകാലജീവിതത്തിന്റെ ബാക്കി പത്രമാണ് ഇന്നത്തെ നമ്മുടെ ജീവിതം. നമ്മുടെ ഭാഷയും വേഷവും ആചാരവും അനുഷ്ഠനവും എല്ലാം ചരിത്രത്തിന്റെ ഭാഗമാണെന്ന 'നവചരിത്രവാദം ' തന്നെയാണ് ഋഷി എന്ന ചെറുപ്പകാരനിലൂടെ ശ്രീ ജേക്കബ് എന്ന എഴുത്തുകാരൻ പറയാൻ ശ്രമിക്കുന്നത്.

വീണ്ടും മിർസ്ബാൻ ഋഷിയോടു പറയുന്നു ഋഷി... ഓരോ നഗരത്തിനും അതിന്റേതായ ഒരു സൗണ്ട് ട്രാക്കുണ്ട്. ശബ്ദങ്ങളുടെ ഒരു അക്ഷരമാല ഓരോ ജനപദത്തിനും ശബ്ദം കൊണ്ട് അടയാളപ്പെടുത്താവുന്ന ഒരു ചരിത്രമുണ്ട്. അത് തിരിച്ചറിയണമെങ്കിൽ നീ ഒളിച്ചിരുന്നു കൊണ്ട് ആ ഒച്ചകളിലേക്കു കാതുകൾ കൂർപ്പിക്കണം. അതിന് നിനക്ക് ഏറ്റവും ഇണങ്ങുന്ന താവളം എഫ് എം റേഡിയോ ആണ്.( P. 86)

എല്ലാറ്റിനും ചരിത്രമുണ്ട്. ഇവിടെ ശബ്ദം കൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്ന ചരിത്രത്തെ കണ്ടെത്താൻ ശബ്ദ തൊഴിലാളികളുടെ ഇടം തന്നെ നോവലിന് പശ്ചാത്തലമായി എടുത്തിരിക്കുന്നു എഫ് എം റേഡിയോ.

ഓരോ നഗരത്തിനും സ്വന്തമായുള്ള സൗണ്ട് ട്രാക്കിലൂടെ അവരുടെ ചരിത്രം കണ്ടെത്താൻ ശ്രമിക്കുന്ന ഋഷി മലബാറിൽ എത്തിച്ചേരുന്നു. ഋഷി തന്റെ കൂട്ടുകാരിയായ അരുണയോട് പറയുന്നു "കപ്പലോട്ടങ്ങളുടെയും വിദേശമേധാവിത്വത്തിന്റെയും ക്രൂര കടിയേറ്റങ്ങളുടെയും പ്രാക്തന വിശ്വാസങ്ങളുടെയും ഉറങ്ങുന്ന മണ്ണാണ് മലബാർ. ഇവിടുത്തെ കോട്ട എന്നത് ചരിത്രത്തിന്റെ വിചിത്രമായ മൗനമല്ലേ. ലോറൻ സോ. ഡി. ബ്രിട്ടോയുടെയും നരസിംഹറാവുവിന്റെയും അബൂബക്കറിന്റെയും കുഞ്ഞാലിമരക്കാരുടെയും ഓർമ്മകൾ പേറുന്ന ചെങ്കല്ലുകൾ.... "കൊട്ടകടക്കവേ ശബ്ദങ്ങളുടെ ശബ്ദങ്ങളുടെ ചരിത്രം എഴുതുകയായിരുന്നു ഋഷി. (P. 99)

ഇങ്ങനെ പലതരം കേൾവികളുടെ കേട്ടെഴുത്തിലൂടെ ജനപഥങ്ങളുടെ ചരിത്രം നിർമിച്ചെടുക്കുന്ന ഈ നോവൽ വായനക്കപ്പുറം കേൾവിയുടെ കൂടെ നോവലായി മാറുന്നു. പരീക്ഷണാടിസ്ഥാനത്തിൽ എഴുതിയനോവലെന്ന് നോവലിസ്റ്റ് തന്നെ അവകാശപ്പെടുന്ന ഈ നോവലിന്റെ ആവിഷ്കാരരീതി വ്യത്യസ്തമാണ് നമുക്ക് ചുറ്റുമുള്ള സകല ഒച്ചകളെയും സാകൂതം കേൾക്കാൻ പ്രേരിപ്പിക്കുന്ന പ്രകൃതി എന്ന മഹാനായ സംഗീത സംവിധായകനെക്കുറിച്ച് ആലോചിക്കാൻ പ്രേരിപ്പിക്കുന്ന ഹൃദ്യമായ വായനാനുഭവം തരുന്ന നോവലായി "അ മുതൽ അം വരെ പോകുന്ന തീവണ്ടി" മാറുന്നു



# മായാത്ത ഓർമ്മകൾ

കേരളവർമ്മ കോളേജ് മലയാള വിഭാഗം അദ്ധ്യാപകനായ ഡോ. പി.വി. പ്രകാശ് ബാബു നമ്മെ വിട്ടുപോയിരിക്കുന്നു. 2019 ജൂലൈ 25ന് ഇനിയൊരിക്കലും ഉണരാത്ത ഉറക്കത്തിലേക്കാണ് അദ്ദേഹം സഞ്ചരിച്ചതെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. മലയാളം വിഭാഗം തലവൻ എന്ന നിലയിൽ പ്രകാശ് ബാബു സംഘടിപ്പിച്ച നിരവധി പരിപാടികളുടെ ഓർമ്മകൾ ഞങ്ങളിലുണ്ട്. ഈ വർഷം സംഘടിപ്പിക്കാമെന്നു വിചാരിച്ച നിരവധി പ്രഭാഷണങ്ങൾ, റിസർച്ച് ജേണലിന്റെ പ്രസിദ്ധീകരണം, ഗവേഷക സെമിനാറുകൾ എന്നിവയെല്ലാം ഞങ്ങൾക്ക് നടത്തേണ്ടതുണ്ട്. സംവാദങ്ങളും കളിതമാശകളും ചായകുടിയുമായി ഞങ്ങൾ ആനന്ദത്തിലിരുന്ന ദിനങ്ങൾ ഇനി ഓർമ്മകളിൽ. ഓർമ്മകൾ മായാതിരിക്കട്ടെ.

പി.വി. ബാലകൃഷ്ണന്റെയും ഭാർഗ്ഗവിയുടേയും മകനായി മലപ്പുറം ജില്ലയിലെ വള്ളിക്കുന്നിൽ 1973 ലാണ് പ്രകാശ് ബാബു ജനിച്ചത്.

**ഡോ. രാജേഷ് എം.ആർ**
ശ്രീ കേരളവർമ്മ കോളേജ് തൃശ്ശൂർ



കോഴിക്കോട് ആർട്സ് കോളേജ്, തിരൂരങ്ങാടി പി.എസ്.എം.ഒ.കോളേജ്, കാലിക്കറ്റ് സർവ്വകലാശാല മലയാളവിഭാഗം എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. യു.ജി.സി. ധനസഹായത്തോടെ 2005ൽ മദ്രാസ് സർവ്വകലാശാലയിൽ നിന്ന് ഡോ.സി.ജി. രാജേന്ദ്രബാബുവിന്റെ മാർഗ്ഗനിർദ്ദേശത്തിൽ 'പ്രവാസത്തിന്റെ അനുഭവങ്ങൾ മലയാള നോവലിൽ'എന്ന വിഷയത്തിൽ പി.എച്ച്.ഡി. നേടി. 2002 - 2003 വർഷത്തിൽ കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ ജൂനിയർ ഫെല്ലോഷിപ്പ് ലഭിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല മലയാളവിഭാഗം, ഫാറൂഖ് കോളേജ്, ശ്രീവിവേകാനന്ദ കോളേജ് കുന്നംകുളം എന്നിവിടങ്ങളിലും അദ്ധ്യാപകനായി പ്രകാശ് ബാബു ജോലി ചെയ്തിട്ടുണ്ട്. യു.ജി.സിയുടെ മേജർ പ്രോജക്ട് ലഭിച്ച് നാടകവുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ അദ്ദേഹം ഇപ്പോൾ ഗവേഷണവും നടത്തുന്നുണ്ടായിരുന്നു. ആറോളംപേർ പ്രകാശ് ബാബുവിന്റെ മേൽനോട്ടത്തിൽ ഗവേഷണം ചെയ്യുന്നുണ്ടായിരുന്നു. ഇതിൽ രണ്ടു പേർക്ക് പി.എച്ച്.ഡി. ലഭിച്ചിട്ടുണ്ട്.

വിദ്യാർത്ഥിയായിരുന്നപ്പോൾ നിരവധി സമരങ്ങളിൽ പങ്കെടുത്ത് തീക്ഷ്ണമായ ഒരു ജീവിതം നയിക്കാൻ പ്രകാശ്ബാബുവിന് കഴിഞ്ഞിരുന്നു. വിപ്ലവവും പ്രണയവുമെല്ലാം ആ ഹൃദയത്തിലുണ്ടായിരുന്നു. ക്ഷോഭവും പുഞ്ചിരിയുമെല്ലാം ഒരേപോലെ കൊണ്ടു നടക്കുവാനും സാധിച്ചിരുന്നു. രാഷ്ട്രീയമായി എതിർചേരിയിലുള്ളവരോടുപോലും സന്തോഷത്തോടെയും സമാധാനത്തോടെയും പെരുമാറുവാനുള്ള അസാധാരണമായ കഴിവും ഉണ്ടായിരുന്നു. ആശയപരമായി സംഘർഷങ്ങൾ ഉണ്ടെങ്കിലും പരസ്പരബഹുമാനം പുലർത്തിയിരുന്നു. തന്റെ പ്രത്യയശാസ്ത്രപരമായ ഉറപ്പുകൾ എഴുത്തിനെ മുന്നോട്ടു കൊണ്ടുപോകുവാനും ഒരുപക്ഷെ പ്രകാശ്ബാബുവിനെ സഹായിച്ചിരുന്നേക്കാം. മാതൃഭൂമി, ദേശാഭിമാനി, വിജ്ഞാനകൈരളി, ഗ്രന്ഥാലോകം, കേളി എന്നിങ്ങനെ നിരവധി വാരികകളിലൂടെയും മാസികകളിലൂടെയും സാഹിത്യ, കലാ സാംസ്കാരികമായ പല ലേഖനങ്ങളും പ്രകാശ്ബാബു എഴുതിയിട്ടുണ്ട്. അക്കാദമിക് മേഖലകളിൽ പ്രകാശ്ബാബുവിന്റെ എഴുത്തുകൾ എന്തൊക്കെയായിരുന്നുവെന്നാണ് ഇനി വിവരിക്കുന്നത്.

'രസസിദ്ധാന്തം ചില വിചാരങ്ങൾ' (2004) എന്ന കൃതി ഭാരതീയ സാഹിത്യമീമാംസയിലെ പ്രധാന സിദ്ധാന്തങ്ങളിലൊന്നായ രസസിദ്ധാന്തത്തെ തികച്ചും ആധുനികമായ ഒരു പരിപ്രേക്ഷ്യത്തിൽ സമീപിക്കുന്ന രീതിശാസ്ത്രമാണ് പിന്തുടരുന്നത്. രസസിദ്ധാന്തം ചില വിചാരങ്ങൾ' എന്ന ആദ്യഭാഗത്ത് രസസിദ്ധാന്തത്തിന്റെ ആധുനികകാലത്തെ പ്രസക്തി ആരായുക എന്നതാണ് പഠനലക്ഷ്യമായി പറയുന്നത്. ആധുനിക സാഹിത്യകൃതികളുടെ ആസ്വാദനത്തിൽ രസസിദ്ധാന്തം പ്രയോജനപ്രദമാണോയെന്ന അന്വേഷണമാണ് ഇവിടെ നടത്തുന്നത്. തുടർന്ന് വിഷയപരിധി, സമീപനം, പഠനക്രമം എന്നിവ അവതരിപ്പിച്ച് 'രസം : സിദ്ധാന്തവും വ്യാഖ്യാനങ്ങളും' എന്ന ഭാഗത്തേക്ക് കടക്കുന്നു.


നാട്യശാസ്ത്രത്തിലൂടെ ഭരതനാണ് ആദ്യമായി 'നാട്യത്തിന്റെ ആത്മാവായ' രസത്തെ പ്രതിപാദിച്ചത്. ഭരതന്റെ മതങ്ങൾ നാട്യമാകുമ്പോൾ തന്നെ കാവ്യ സംബന്ധി കൂടിയാണെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നു. രസാനുഭൂതി ആർക്ക്, ഇത് സംബന്ധിച്ച് ഭിന്ന മതങ്ങൾ എന്നിവയും ഇവിടെ വിവരിക്കുന്നുണ്ട്. ഇതിനു ശേഷം രസസൂത്രത്തിലെ വിഭാവങ്ങളെയും അനുഭാവങ്ങളെയും കുറിച്ചുള്ള ആലോചനകളാണ് പിന്നെ നടത്തുന്നത്. അലൗകീകവും നിർവ്വചനാതീതവുമായ കാവ്യസൗന്ദര്യത്തിലുള്ള ബോധനമാവണം ഇത്തരത്തിലുള്ള രസസിദ്ധാന്തത്തെ അവതരിപ്പിക്കാൻ രസ ആചാര്യരെ പ്രേരിപ്പിച്ചതെന്നും ലേഖകൻ അഭിപ്രായപ്പെടുന്നു.

കാവ്യത്തിന്റെ ആത്മാവായ രസത്തെക്കുറിച്ച് മാത്രമല്ല രസനിഷ്പത്തിക്കനുയോജ്യമായ കാവ്യ ശരീരത്തെക്കുറിച്ച് കൂടി നമ്മുടെ അലങ്കാരികൾ ചിന്തിച്ചിരുന്നുവെന്ന് 'രസാനുഭൂതിയും കാവ്യശരീരവും' എന്ന ഭാഗത്ത് വിവരിക്കുന്നു. കാവ്യശരീരത്തെക്കുറിച്ചുള്ള ഭരതമതം കാവ്യത്തിന്റെ രൂപഭാവ വൈരുദ്ധ്യത്തെക്കുറിച്ചുള്ള സമകാലീക ചർച്ചകളുടെ പശ്ചാത്തലത്തിൽ വളരെ പ്രധാനപ്പെട്ടതാണ്.

ധ്വനി - രസസങ്കൽപ്പത്തിന്റെ വികാസം' എന്ന ഭാഗത്ത് ശബ്ദവ്യാപാരങ്ങളെ സംബന്ധിച്ച് ആലോചന നടത്തി ധ്വനിയെ വിശദീകരിക്കുന്നു എന്താണ് ധ്വനിയെന്നും ധ്വനിയെ മൂന്നായി തിരിക്കുന്നതെങ്ങനെയെന്നും വിശദീകരിക്കുന്നു. വസ്തു ധ്വനി, അലങ്കാര ധ്വനി, രസധ്വനി എന്നിവ തമ്മിലുള്ള ബന്ധത്തെയും വിശദീകരിക്കുന്നു.

'രസസിദ്ധാന്തം : ചില പ്രത്യയശാസ്ത്ര ചിന്തകൾ' എന്ന ഭാഗത്ത് രസസിദ്ധാന്തത്തിനാധാരമായി നിലകൊള്ളുന്ന പ്രത്യയശാസ്ത്രത്തെ സംബന്ധിച്ച അന്വേഷണമാണ് നടത്തുന്നത്. രസസങ്കൽപ്പത്തിന് പിന്നിലെ പ്രത്യയശാസ്ത്രം ആത്മീയതയുടെ മുഖം മൂടിയിൽ നിന്ന് പുറത്തുവരുന്നു. സ്ത്രീയെ ഭോഗവസ്തുവായി കാണുകയും അവർണ്ണന് നീതി നിഷേധിക്കുകയും ഭോഗത്തെ ആനന്ദമെന്ന് കരുതുകയും വിമർശനത്തെ ഭയക്കുകയും ചെയ്യു അധീശവർഗ പ്രത്യയശാസ്ത്രമാണ് രസസിദ്ധാന്തത്തിനടിസ്ഥാനമായി നിലകൊള്ളുന്നതെന്ന് എന്ന് വ്യക്തമാവുന്നതായി ലേഖകൻ ചൂണ്ടികാട്ടുന്നു.

ഒ.വി. വിജയന്റെ ഗുരുസാഗരം' എന്ന നോവലിലെ രസാനുഭവത്തെ മുൻനിർത്തിയുള്ള ചില ആലോചനകളാണ് 'കരുണയുടെ ആത്മായ വ്യാഖ്യാനം' എന്ന ഭാഗം. ജീവിതത്തിന്റെ ശോകാനുഭവങ്ങളെ ശമിപ്പിക്കുന്ന കരുണയാണ് 'ഗുരുസാഗരത്തിന്റെ രസാനുഭവമായി ലേഖകൻ കാണുന്നത്. 'ശാന്തിയിലേക്കുള്ള മാനസാന്തരം' എന്ന ഭാഗത്ത് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ മാനസാന്തരം എന്ന കവിതയെക്കുറിച്ചുള്ള ചിന്തകളാണ് വിവരിക്കുന്നത്. ശാന്തരസത്തിന്റെ അനുഭൂതി വിശേഷങ്ങളിലേക്കാണ് ഈ കവിത വായനക്കാരനെ കൊണ്ടു പോകുന്നതെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. ശാന്തിയെ സംബന്ധിച്ച തത്വചിന്തയുടെ സ്പർശമുള്ള ചില ആലോചനകളാണ് കവിതയുടെ കേന്ദ്രത്തിലുള്ളത്. ഈ ശാന്തി സങ്കല്പം അഥവാ ശാന്തസങ്കല്പമാണ് ഇവിടെ വിശകലനം ചെയ്യുന്നത്. കവിതയിലെ കഥാപാത്രത്തിന്റെ കുറ്റബോധം തത്വചിന്താപരമായ ഉൾക്കാഴ്ചകളിലേക്ക് അയാളെ കൊണ്ടുപോകുന്നു. പരപീഢ ആത്മശാന്തിക്ക് ഭംഗം വരുത്തുന്നുവെന്ന് അയാൾ തിരിച്ചറിയുന്നു. അതിനാൽ ജഗദീശ ചിന്തയിലൂടെ ശാന്തിയുടെയും ശാന്തരസത്തിന്റെയും സൗന്ദര്യത്തിലേക്കും വെളിച്ചത്തിലേക്കും അയാൾ




മാനസാന്തരപ്പെടുന്നു. പൗരസ്ത്യ സാഹിത്യ സൗന്ദര്യശാസ്ത്രത്തെ സമകാലികമാക്കുവാനുള്ള ഇത്തരം ആലോചനകൾ ചിലപ്പോൾ പോസ്റ്റ് കോളോണിയൽ ചിന്തകളുടെ ഫലമായിരിക്കാം. യൂറോ കേന്ദ്രിതമായ സാഹിത്യ സൗന്ദര്യ സിദ്ധാന്തങ്ങളിൽ നിന്ന് മാറി നമ്മുടെ പാരമ്പര്യത്തിന്റെ സൗന്ദര്യശാസ്ത്രങ്ങളെ കണ്ടെത്തുവാനുള്ള ഊർജ്ജം അധിനിവേശാനന്തര ചിന്തകൾ പൊതുവെ പങ്കുവെയ്ക്കുന്നുണ്ട്.

'വാക്കിൽ മിടിക്കുന്ന ചരിത്രം' (2007) എന്ന സാഹിത്യ പഠന ഗ്രന്ഥം പുനർവായനകളുടെ സാധ്യതകളാണ് അന്വേഷിക്കുന്നത്. എഴുതപ്പെട്ട വാക്കിൽ കാലത്തിന്റെയും ചരിത്രത്തിന്റെയും കനലുകൾ തിരയുക എന്നതാണ് ഈ പഠനങ്ങളുടെ രീതിയെന്ന് ആമുഖത്തിൽ ഡോ. പി.വി. പ്രകാശ് ബാബു പറയുന്നുണ്ട്. പതിനൊന്നു ലേഖനങ്ങളുടെ സമാഹാരമാണ് ഈ കൃതി. 'നളിനി'യിലെ വിച്ഛേദങ്ങൾ എന്ന ലേഖനം കുമാരനാശാന്റെ കവിതയായ നളിനിയിൽ 'ശൈലിയിൽ ക്ലാസിക്കൽ / കാൽപ്പനികം, കാവ്യശരീരത്തിൽ ശബ്ദം/ അർത്ഥം, പ്രമേയത്തിൽ സന്ന്യാസം / ലൗകികത എന്നിങ്ങനെയുള്ള വിപരീതങ്ങളിലൂടെ 'നളിനി'യിൽ പ്രത്യക്ഷപ്പെടുന്നത് പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംഘർഷമാണെന്നാണ്" ലേഖകൻ നിരീക്ഷിക്കുന്നത്. നളിനിയിൽ വിച്ഛേദങ്ങൾ മാത്രമല്ല ഇടർച്ചകളും നമുക്ക് കണ്ടെത്താനാവുന്നുവെന്നും അദ്ദേഹം പറയുന്നു.

പെണ്ണിനെയും പ്രകൃതിയേയും സദൃശ്യപ്പെടുത്തുന്ന ഏതെല്ലാം ഘടകങ്ങളാണ് എസ്.കെ.പൊറ്റക്കാടിന്റെ വിഷകന്യകയിൽ പ്രത്യക്ഷപ്പെടുന്നത് എന്ന ആലോചനയാണ് 'പെണ്ണും പ്രകൃതിയും - വിഷകന്യക വായിക്കുമ്പോൾ' എന്ന ലേഖനം. 'നവോത്ഥാനവും കേരള പാണിനീയവും' എന്ന ലേഖനം കേരളത്തിന്റെ നവോത്ഥാനത്തെ സാധ്യമാക്കിയ ദേശബോധത്തിന്റെയും അതിനനുപൂരകമായി ശക്തിപ്പെട്ട ഭാഷാബോധത്തിന്റെയും പ്രത്യക്ഷ നിദർശനങ്ങളിലൊന്നായി കേരള പാണിനീയത്തെ മനസ്സിലാക്കുവാനുള്ള ശ്രമമാണ്.

'ഞാൻ ............. ഞാൻ എന്നു പറഞ്ഞഹങ്കരിച്ച രാജാക്കന്മാരും മറ്റും എവിടെ?" എന്ന ലേഖനം ആധുനികതയും പാരമ്പര്യം തമ്മിലുള്ള സംഘർഷം ബഷീർ കൃതികളെ മുൻനിറുത്തി വിശകലനം ചെയ്യുന്നു. ആധുനികതയുടെ മേൽക്കോയ്മയെ പ്രതിരോധിക്കുന്ന ആശയങ്ങൾ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്' എന്നതിൽ കാണാം. ഭൂതകാലത്തോടുള്ള അഭിനിവേശമോ പഴമയുമായുള്ള ഒത്തുതീർപ്പോ അല്ല, ആധുനികതയെ ആശ്ലേഷിക്കുമ്പോഴും സ്വന്തം വേരുകളിൽ നിന്ന് ഊർജ്ജം കണ്ടെത്താനുള്ള ആർജവം ബഷീർ കൃതികളിലുണ്ടെന്ന് ഈ ലേഖനം ചൂണ്ടികാട്ടുന്നു.

'കാലത്തിന്റെ മൂടുപടം ഭേദിച്ച്' എന്ന ലേഖനം വിടി ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തെ അടിസ്ഥാനമാക്കി സ്ത്രീകളുടെ ലിംഗപദവിയെ കുറിച്ചുള്ള ആലോചനയാണ് നടത്തുന്നത്. മാറ് മറയ്ക്കണമെന്ന അവകാശബോധം പോലെതന്നെ ഘോഷാബഹിഷ്കരണത്തിന് പിന്നിലെ സ്വാതന്ത്ര്യബോധം കൂടിയാണ് വി ടി തന്റെ നാടകത്തിലൂടെ നടത്തിയത്. ചരിത്രത്തെ മിത്താക്കി അവതരിപ്പിച്ച് സാമൂഹിക യാഥാർത്ഥ്യങ്ങളെ വൈയക്തിക സംഘർഷങ്ങളാക്കി ന്യൂനികരിച്ച് കൃതികൾ സൃഷ്ടിച്ച ഒരു കലാകാരനാണ് ഒ.വി. വിജയനെന്ന് 'ഒ.വി. വിജയൻ : നിന്ദയ്ക്കും സ്തുതിക്കുമപ്പുറം' എന്ന ലേഖനത്തിൽ നിരീക്ഷിക്കുന്നു. എം.പി. പോളിനെക്കുറിച്ചുള്ള വി.സി. ശ്രീജന്റെ വിമർശനത്തോടുള്ള വിമർശന ലേഖനമാണ് പി വി പ്രകാശ് ബാബുവിന്റെ 'മലയാള വിമർശനത്തിൽ എം.പി.പോൾ ചെയ്തത്'. മലയാള വിമർശനത്തിലേക്കുള്ള പാശ്ചാത്യ സ്വാധീനത്തിന്റെ കടന്നുവരവിനെ കേവലം അനുകരണത്തിന്റെ പ്രശ്നം മാത്രമായി കാണാനാവില്ലെന്ന വാദം ഈ ലേഖനം മുന്നോട്ടുവയ്ക്കുന്നു.



സ്ഥലകാലങ്ങളുടെ ബന്ധത്തേയും ചരിത്രത്തിന്റെ രേഖീയക്രമത്തെയും കുടുംബസംവിധാനത്തിന്റെ മഹനീയതയെയും സംബന്ധിച്ച ആധുനികതയുടെ വിശ്വാസപ്രമാണങ്ങളെല്ലാം ഇളകിത്തുടങ്ങിയ ഒരു ചരിത്രസന്ധിയെയാണ് സേതുവിന്റെ 'പാണ്ഡവപുരം' എന്ന നോവൽ അടയാളപ്പെടുത്തുന്നതെന്ന് 'ആദർശമാതൃകകളുടെ തിരസ്ക്കാരം' എന്ന ലേഖനം പറയുന്നു. യഥാർത്ഥമായ അനുഭവവും കൽപ്പിതാനുഭവവും തമ്മിലുണ്ടെന്ന് കരുതപ്പെടുന്ന അന്തരത്തെക്കുറിച്ചുള്ള സംവാദമാണ് 'അനുഭവങ്ങളും ആവിഷ്ക്കാരവും' എന്ന ലേഖനം. പട്ടാളക്കഥകൾ എന്ന പേരുചാർത്തി മലയാള സാഹിത്യം അകറ്റിയ കോവിലൻ എന്ന എഴുത്തുകാരന്റെ വൈവിധ്യമാർന്ന ആഖ്യാനങ്ങളെ പരിശോധിക്കുന്ന ലേഖനമാണ് 'സൈനിക ലാവണത്തിലെ സംഘർഷങ്ങൾ' നമ്മുടെ രാജ്യത്തിന്റെ അതിരുകളിലാണ് കോവിലന്റെ കഥാപാത്രങ്ങൾ ജീവിപ്പിച്ചിരുന്നതെങ്കിലും ദേശബോധത്തിന്റെയും ജീവിതബോധത്തിന്റെയും അതിരുകൾ ഉൽപാധിപ്പിക്കുകയായിരുന്നു അവർ ചെയ്തിരുന്നത്. 'വാമൊഴി ചന്തത്തിനപ്പുറം' എന്ന ലേഖനം സാറാ ജോസഫിന്റെ ആലാഹയുടെ പെൺമക്കൾ, മാറ്റാത്തി തുടങ്ങിയ നോവലുകൾ വാമൊഴിയിലൂടെ സൃഷ്ടിച്ചെടുത്ത സ്വത്വബോധത്തേയും പ്രതിനിധാന രാഷ്ട്രീയത്തേയുമാണ് വിശദീകരിക്കുന്നത്. ഘടനാവാദാനന്തരത്തിന്റെയും അപനിർമ്മാണത്തിന്റെയും കാലത്ത് കൃതികൾക്ക് പുനർവായനകൾ ഉണ്ടാകുന്നത് യഥാർത്ഥമായ ഒരു പാഠം അഥവാ ആശയം മുന്നോട്ട് വയ്ക്കുന്നതിനു വേണ്ടിയല്ലാ. ഇത്തരമൊരു ആലോചന പ്രകാശ് ബാബുവിന്റെ പഠനങ്ങൾക്കുണ്ട്. പുതുവായനകൾ, മുമ്പ് കാണാതിരുന്ന അപരലോകങ്ങളെയും പ്രാന്തവൽകൃത സംസ്കാരത്തെയും വെളിപ്പെടുത്തുന്ന ജനാധിപത്യ പ്രക്രിയയാണെന്ന് ഈ ലേഖനങ്ങൾ തിരിച്ചറിയുന്നുണ്ട്.

പ്രവാസവും നോവലും (2008) എന്ന കൃതി പ്രവാസത്തെ മുൻനിറുത്തി നോവലിനെ മനസ്സിലാക്കുവാനുള്ള ശ്രമമാണ്. അതിർത്തികൾ കടന്നുള്ള യാത്രകൾക്ക് വഴരെക്കാലത്തെ പഴക്കമുണ്ടല്ലോ. പ്രവാസം ആധുനിക കാലത്തെ സാമൂഹ്യപ്രശ്നവും രാഷ്ട്രീയ പ്രശ്നവുമാണ്. നമ്മുടെ മലയാള സാഹിത്യത്തിലും പ്രവാസാനുഭവത്തിന്റെ തീക്ഷ്ണമായ ഭാവനകൾ പ്രവർത്തിക്കുന്നുണ്ട്. 'പ്രവാസവും നോവലും' എന്ന കൃതി ഇതിനെയാണ് അഭിമുഖീകരിക്കുവാൻ ശ്രമിക്കുന്നത്.

ഈ പഠനത്തെ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഭാഗം ഒന്ന് 'പ്രവാസത്തിന്റെ ചരിത്ര'മാണ്. പ്രവാസമെന്തെന്ന് ഇവിടെ വിശദീകരിക്കുവാൻ ശ്രമിക്കുന്നു. ജന്മദേശം വിട്ട് മറ്റൊരു ദേശത്തേക്കുള്ള വാസമാറ്റം എന്ന സാമാന്യമായ അർത്ഥമാണ് പ്രവാസത്തിന് കൽപ്പിക്കുന്നത്. വ്യക്തിയുടെ സ്വത്വവും ദേശങ്ങളോടുള്ള കൗതുകം മൂലമുള്ള സഞ്ചാരം, നിർബന്ധിത പാലായനങ്ങൾ, നിലനിൽപ്പിനായുള്ള ഒളിച്ചോട്ടങ്ങൾ, വിഭജനമോ, ലഹളകളോ, ദുരന്തങ്ങളോ സൃഷ്ടിക്കുന്ന അഭയാർത്ഥി പ്രവാഹങ്ങൾ, ഉപജീവനത്തിനായുള്ള യാത്രകൾ എന്നിങ്ങനെ പ്രവാസത്തിന്റെ സമകാലീന മുഖങ്ങൾ നിരവധിയാണ്. കടിയേറ്റ

ത്തിന്റെ ഫലം എന്ന നിലയിലാണ് പ്രവാസത്തെ മനസ്സിലാക്കുന്നത്. കടിയേറ്റത്തെ പ്രവാസമെന്ന അനുഭവത്തിനാധാരമായ പ്രക്രിയ എന്ന അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. ആഗോളതലത്തിൽ കുടിയേറ്റത്തിന്റെ ചരിത്രത്തെ മൂന്നായി തിരിക്കാവുന്നതാണ്. അധിനിവേശപൂർവ്വഘട്ടം, അധിനിവേശഘട്ടം, അധിനിവേശാനന്തരഘട്ടം എന്നിങ്ങനെയാണത്. ഈ ഓരോ ഘട്ടങ്ങളിലേയും കുടിയേറ്റത്തിന്റെ സ്വഭാവത്തിൽ മാറ്റങ്ങൾ പ്രകടമാണ്. കേരളത്തിന്റെ പശ്ചാത്തലത്തിൽ പ്രവാസത്തെ കുറിച്ചാലോചിക്കുമ്പോൾ അതിഭയങ്കരമായ നാടുകടത്തലുകളോ യാതനാഭരിതമായ പാലായനങ്ങളോ ഇവിടത്തെ ജനത അനുഭവിക്കേണ്ടി വന്നിട്ടില്ല. ഉപജീവനാർത്ഥം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് നടത്തുന്ന സഞ്ചാരമാണ് കേരളീയരുടെ പ്രവാസ ചരിത്രം. മലയാളികളുടെ വിദേശ പ്രയാണത്തിന്റെ മൂന്ന് ഘട്ടങ്ങൾ സി. ശരത്ചന്ദ്രൻ രേഖപ്പെടുത്തുന്നത് ഇവിടെ പറയുന്നുണ്ട്. രണ്ടാം ലോകമഹാ യുദ്ധത്തിനു മുമ്പും ശേഷവും നടന്ന മലയാ, സിങ്കപ്പൂർ, സിലോൺ, ഇന്തോനേഷ്യ യാത്രകൾ. 1950 - 60 കളിൽ നടന്ന ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് നടന്ന യാത്രകൾ. 1973 നു ശേഷം ഗൾഫ് മേഖലകളിലേക്ക് നടന്ന കടിയേറ്റങ്ങൾ. ഇവയെല്ലാം ചേർന്ന പ്രവാസജീവിതാനുഭവങ്ങൾ മലയാള നോവലിന്റെ ഭൂപടങ്ങളിലേക്ക് വരുകയും ചെയ്തു.

'പ്രവാസവും നോവലും' എന്ന രണ്ടാം ഭാഗത്ത് ചന്തുമേനോൻ, ബഷീർ, എസ്.കെ.പൊറ്റക്കാട്, കോവിലൻ, പാറപ്പുറത്ത്, നന്തനാർ എന്നിവരുടെ നോവലുകളെ അടിസ്ഥാനമാക്കിയാണ് വിശകലനം നടത്തുന്നത്. ഇന്ദുലേഖയിലെ പ്രവാസം പരിഷ്ക്കാര ജീവിതത്തിനുള്ള ഉപാധിയായിട്ടാണ് പ്രവർത്തിക്കുന്നത്. പ്രവാസിയുടെ ചിന്തകളൊന്നും മാധവനെ അലട്ടുന്നില്ല. അധിനിവേശ ആധുനികതയുടെ തുടക്കത്തിൽ പ്രവാസം ലോകം ബോധമാർജ്ജിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ദേശരാഷ്ട്രത്തിന്റെ അധികാരസ്ഥാനങ്ങളിലേക്ക് പ്രവേശിക്കാനുള്ള യാത്രയാണ് മാധവനിൽ കാണുന്നതെന്നും പറയാം. അധിനിവേശ ആധുനികത മുന്നോട്ടുവെച്ച ദേശസങ്കല്പമാണ് ചന്തുമേനോന്റെ നോവലിൽ കാണാനാതെങ്കിൽ, അതിന്റെ നിരാകരണമാണ് ബഷീറിന്റെ നോവലിൽ കാണുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ സഞ്ചരിക്കുമ്പോഴും സ്വന്തം പ്രദേശത്തെയാണ് ബഷീർ പുനരാവിഷ്ക്കരിച്ചത്. സഞ്ചാരത്തിന്റെയും സ്വന്തം പ്രദേശവുമായുള്ള ബന്ധത്തിന്റെയും തലത്തിലുള്ള വിപരീതാത്മക ബന്ധം ബഷീറിന്റെ ആഖ്യാനകലയിൽ കാണാമെന്ന് ലേഖകൻ നിരീക്ഷിക്കുന്നുണ്ട്. എസ്.കെ. പൊറ്റക്കാടിന്റെ കുടിയേറ്റത്തെ കേന്ദ്രമാക്കി രചിച്ച വിഷകന്യക എന്ന നോവൽ അതിന്റെ കാല്പനികമായ സമീപനത്തിൽ മണ്ണും മനുഷ്യനും തമ്മിലുള്ള രാഗദ്വേഷങ്ങളുടെ മിഴിവുറ്റ ആഖ്യാനമായിത്തീരുകയും കുടിയേറ്റം ഇതിവൃത്ത പശ്ചാത്തലമായി മാറുകയും ചെയ്യുന്നു. പ്രവാസം സൃഷ്ടിക്കുന്ന നഷ്ടബോധത്തിന്റെയും ഗൃഹാതുരത്വത്തിന്റെയും ഭാവപശ്ചാത്തലം കോവിലന്റെ കൃതികളിൽ കാണുന്നുണ്ട്. പ്രവാസത്തിന്റേതായ ഒരു ജീവിതഘട്ടത്തെ ആവിഷ്കരിക്കുമ്പോഴും പാറപ്പുറത്തിന്റെ കൃതികളിലെ ദർശനത്തെയോ ജീവിതാവബോധത്തെയോ പ്രവാസം വലിയ തോതിൽ സ്വാധീനിക്കുന്നില്ല എന്ന് ലേഖകൻ അഭിപ്രായപ്പെടുന്നുണ്ട്. ആഴമേറിയ ഒരു വൈയക്തികാനുഭവമായി വ്യക്തിയുടെ സ്വത്വബോധത്തെയോ അസ്തിത്വത്തെയോ നന്ദനാരുടെ കൃതികളിലെ പ്രവാസം വേട്ടയാടുന്നില്ല എന്നും ഇവിടെ സൂചിപ്പിക്കുന്നുണ്ട്. മലയാള സാഹിത്യ നിരൂപണങ്ങളിൽ പ്രവാസവും നോവലും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനങ്ങൾ കുറവാണ്. പ്രവാസം ഒരു കുടിയേറ്റം എന്നതിനപ്പുറം ദേശം, ദേശരാഷ്ട്രം, ദേശീയത, അധികാരം, അധീശത്വം എന്നിങ്ങനെ നിരവധി ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുണ്ട്.

**വിദ്യാർത്ഥിയായിരുന്നപ്പോൾ നിരവധി സമരങ്ങളിൽ പങ്കെടുത്ത് തീക്ഷ്ണമായ ജീവിതം നയിക്കാൻ പ്രകാശ് ബാബുവിന് കഴിഞ്ഞിരുന്നു. വിപ്ലവവും പ്രണയവുമെല്ലാം ആ ഹൃദയത്തിലുണ്ടായിരുന്നു. ക്ഷോഭവും പുഞ്ചിരിയുമെല്ലാം ഒരേപോലെ കൊണ്ടുനടക്കുവാനും സാധിച്ചിരുന്നു. രാഷ്ട്രീയമായി എതിർചേരിയിലുള്ളവരോടുപോലും സന്തോഷത്തോടെയും സമാധാനത്തോടെയും പെരുമാറുവാനുള്ള അസാധാരണമായ കഴിവുമുണ്ടായിരുന്നു.**

'അലോസരങ്ങൾ അർദ്ധവിരാമങ്ങൾ' (2009) എന്ന പുസ്തകം സാംസ്കാരപഠനത്തിന്റെ രീതിശാസ്ത്രത്തെ പിൻപറ്റി പരിസ്ഥിതി, സിവിൽസമൂഹം, സ്ത്രീ, കാമ്പസ്, കേരളീയത, മാധ്യമനം, അധിനിവേശം എന്നിങ്ങനെ നിരവധി പ്രമേയങ്ങളെ ചർച്ച ചെയ്യുന്നു. വർത്തമാന കേരളത്തെ അലോസരപ്പെടുത്തുന്ന വിഷയങ്ങളാണ് ഇവിടെ കടന്നുവന്നിരിക്കുന്നത്. 'കേരളീയതയുടെ വർത്തമാനം' എന്ന ആദ്യ ലേഖനം കേരളപ്പിറവിയുടെ സന്ദേശത്തെ സമചിത്തതയോടെ ആലോചിക്കാൻ ശ്രമിക്കുന്നു. ദേശീയ പ്രസ്ഥാനത്തിന്റെയും തൊഴിലാളി, കാർഷിക പ്രക്ഷോഭങ്ങളുടെയും നവോത്ഥാന മൂല്യങ്ങളുടേയും സംഘടിതമുന്നേറ്റമാണ് കേരളപ്പിറവിയുടെ ചരിത്രപശ്ചാത്തലം. എന്നാൽ അര നൂറ്റാണ്ട് പിന്നിട്ട വേളയിൽ കേരളം അവശേഷിപ്പിക്കുന്നതെന്താണ് എന്ന ചോദ്യമാണ് ലേഖനം ഉന്നയിക്കുന്നത്. ഭൂവിതരണം, നീതിപൂർണ്ണമായ സമൂഹം മാനവികത എന്നീ വിഷയങ്ങളിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്ന കേരളീയസമൂഹം ആത്മവിമർശനത്തിലൂടെ മാത്രമേ ഇനിയങ്ങോട്ട് സഞ്ചരിക്കാനാവുകയുള്ളൂവെന്നും ലേഖനം സൂചിപ്പിക്കുന്നു.

സ്വത്വരാഷ്ട്രീയത്തിന്റെയും ആധുനി



കതാവിമർശനത്തിന്റെയും പാതയിലൂടെ മലയാള സാഹിത്യം കടന്നുപോകുന്നതിന്റെ പശ്ചാത്തലമാണ് 'സാഹിത്യത്തിലെ ജനാധിപത്യവൽക്കരണവും വരേണ്യതാല്പര്യങ്ങളും' എന്ന ലേഖനത്തിനടിസ്ഥാനം. ദളിത് സാഹിത്യത്തിനും പെണ്ണെഴുത്തിനുമെതിരെ വർഗ്ഗാതീതവും ലിംഗനിരപേക്ഷവുമായ സാഹിത്യത്തെ പ്രതിഷ്ഠിക്കുന്നവർ സാഹിത്യത്തെ വരേണ്യവൽക്കരിക്കുകയാണെന്നാണ് ലേഖകൻ വാദിക്കുന്നത്.

ടെലിവിഷൻ പരമ്പരകളിലെ സ്ത്രീ പ്രതിനിധാനങ്ങളെക്കുറിച്ചുള്ള ലേഖനമാണ് 'പൈങ്കിളി വീണ്ടും പാടുന്നു' എന്നത്. നിലനിൽക്കുന്ന സ്ത്രീവാർപ്പുമാതൃകകളേയും വ്യവസ്ഥയേയും പരിക്കേൽപ്പിക്കാതെ സംരക്ഷിക്കുന്ന പ്രത്യയശാസ്ത്രധർമ്മമാണ് ടെലിവിഷൻ പരമ്പരകൾ പിന്തുടരുന്നതെന്ന് ലേഖനം വിരൽചൂണ്ടുന്നു. 'അധിനിവേശവും ഭൂതകാലവും' എന്ന ലേഖനം പോസ്റ്റ് കൊളോണിയൽ പഠനങ്ങളുടെ സമകാലിക പ്രസക്തിയെയാണ് സൂചിപ്പിക്കുന്നത്. ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന യൂറോ കേന്ദ്രിതമായ അധിനിവേശങ്ങളെ വിമർശിക്കുവാനുള്ള ഊർജ്ജമാണ് ഈ ലേഖനം മുന്നോട്ട് വെയ്ക്കുന്നത്. 'പ്രകടനങ്ങളുടെ കാലത്തെ കാമ്പസ് നീതികൾ', സിവിൽ സമൂഹവും പ്രത്യയശാസ്ത്രവും, പുതിയ സ്മാർത്തന്മാർ വിചാരണകൾ എന്നീ ലേഖനങ്ങൾ സമൂഹത്തിലെ വിവിധ വിഷയങ്ങളെയാണ് ചർച്ചയ്ക്കെടുക്കുന്നത്. സാഹിത്യത്തെ കാമ്പസിൽ നിന്ന് അകറ്റി കാമ്പസ് റിക്രൂട്ട്മെന്റ് മാത്രം ലക്ഷ്യമാക്കുന്ന വിദ്യാഭ്യാസ നയങ്ങളെയാണ് ഇവിടെ വിമർശിക്കുന്നത്. വ്യക്തിക്കും ഭരണകൂടത്തിനുമിടയിലെ സാമൂഹികമണ്ഡലമായ സിവിൽ സമൂഹത്തെകുറിച്ചുള്ള ആലോചന വർത്തമാനകാലകേരള സമൂഹത്തെകുറിച്ചറിയാൻ സഹായകമാകുന്നു. സൂര്യനെല്ലി കേസിന്റെ കോടതിവിധിയുടെ പശ്ചാത്തലത്തിൽ ലൈംഗികതയെ കുറിച്ചുള്ള പുനരാലോചനകളാണ് പുതിയ സ്മാർത്തന്മാർ വിചാരണകൾ എന്ന ലേഖനം പരിശോധിക്കുന്നത്.

ചെറുകാടിന്റെ മുത്തശ്ശി എന്ന നോവലിനെ വിശകലനം ചെയ്യുന്ന ലേഖനമാണ് 'മുത്തശ്ശി സമരകാലത്തിന്റെ ഇതിഹാസം' പലപ്പോഴും അധികാരത്തിന്റെയും അധീശത്വത്തിന്റെയും ബിംബങ്ങളായി പുരുഷ കഥാപാത്രങ്ങൾ ഇവിടെ പ്രത്യക്ഷപ്പെട്ടപ്പോൾ ചെറുത്തുനില്പിന്റെയും സഹാനുഭൂതിയുടേയും പ്രതിനിധാനങ്ങളായി സ്ത്രീകൾ മാറുന്നുവെന്നത് സവിശേഷമായി വിശകലനം ചെയ്യേണ്ട ഒന്നാണ്. എം.ടി.യുടെ വാനപ്രസ്ഥം എന്ന കഥയിലെ കാലത്തെ സംബന്ധിച്ച ആലോചനകളാണ് 'കഥയിൽ കാലത്തിന്റെ കയ്യൊപ്പ്' എന്ന ലേഖനം. ആധുനികതയുടെ കാലത്തെ പിൻമടക്കത്തിന്റെ പ്രത്യയ ശാസ്ത്രം തകരുകയും പ്രതിരോധത്തിന്റെ രാഷ്ട്രീയം നോവലിൽ ഇപ്പോൾ കടന്നുവരുന്നതെങ്ങനെയാണ് ഖസാക്കിന്റെ ഇതിഹാസം, മാറ്റാത്തി എന്നീ നോവലുകളെ ആടിസ്ഥാനമാക്കി പ്രകാശ്ബാബു വിശദീകരിക്കുന്നത്. 'സാഹിത്യം പിൻമടക്കത്തിൽ നിന്ന് പ്രതിരോധത്തിലേക്ക്' എന്ന ലേഖനം ഇതാണ് ചർച്ചചെയ്യുന്നത്. 'ആധുനികതയുടെ ഒരനുസ്മരണം' എന്ന ലേഖനം ആധുനികതാവാദത്തെ പുനരാലോചന നടത്തുന്നു. വ്യ

ക്തിയെ പൊതുമണ്ഡലത്തിൽ നിന്ന് അകറ്റുന്ന ഒരു സാഹിത്യദർശനം ആധുനികതാവാദത്തിൽ കാണാമായിരുന്നു.

മരണം ഭാവനയെ ചുംബിക്കുമ്പോൾ' എന്ന ലേഖനം സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്ന മരണത്തിന്റെ പരിണാമങ്ങളെ കുറിച്ചാണ്. എഴുത്തച്ഛൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, എം.ടി., ഒ.വി.വിജയൻ. എന്നിവരുടെ കൃതികളിലൂടെ നടത്തുന്ന ഒരു ഓട്ടപ്രദക്ഷിണമാണ് ഈ ലേഖനം. സാഹിത്യത്തിലെ മരണവാക്യങ്ങൾ എഴുത്തുകാരന്റെ ജീവിതബോധത്തിലേക്കുള്ള താക്കോൽ വാക്യങ്ങളാണെന്നാണ് ലേഖനം സൂചിപ്പിക്കുന്നത്. കലയുടെ ലാവണ്യാത്മകതയുടെ പ്രത്യയശാസ്ത്രപരിസരത്തെ അന്വേഷിക്കുന്ന ലേഖനമാണ് 'കാൽപ്പനികത : ആശാൻ കവിതയെ മുൻനിർത്തി ചില പുനരാലോചനകൾ'. ആചാരങ്ങളിൽ നിന്നും അന്ധമായ കീഴ്‌വഴക്കങ്ങളിൽ നിന്നും വിടർത്തി വ്യക്തിയുടെ ആത്മപ്രകാശനോപാധിയാക്കി മാറ്റിയതിലൂടെ സ്നേഹത്തെ ആശാൻ ആഴമുള്ളതാക്കി തീർത്തുവെന്ന് ലേഖകൻ നിരീക്ഷിക്കുന്നു.

ആധുനികതയുടെ യുക്തികളെയാണ് പരിസ്ഥിതിവാദം പ്രധാനമായും പ്രശ്നവൽക്കരിക്കുന്നത്. 'പരിസ്ഥിതി പഠനത്തിന്റെ ജ്ഞാന വിഷയം' എന്ന ലേഖനം പ്രകൃതിയ്ക്കു മേലെയുള്ള മനുഷ്യന്റെ അധിനിവേശത്തെ വിമർശിക്കുവാനാണ് ശ്രമിക്കുന്നത്. തുടർന്നുവരുന്ന പരിസ്ഥിതി വാദം ഒരു മാർക്സിസ്റ്റ് സമീപനം'എന്ന ലേഖനം പ്രകൃതിയെ കീഴടക്കുന്ന മുതലാളിത്ത യുക്തിയെ വിമർശിക്കുന്ന മാർക്സിയൻ ആശയം പിൻപറ്റികൊണ്ട് വികസിച്ചതാണ്. ജനാധിപത്യം, സ്വാതന്ത്ര്യം, സമത്വം എന്നീ സങ്കല്പനങ്ങളുടെ മൂല്യം പരിസ്ഥിതിമാറ്റം തിരിച്ചറിഞ്ഞുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. ചുരുക്കത്തിൽ പ്രകാശ്ബാബുവിന്റെ 'അലോസരങ്ങൾ അർദ്ധവിരാമങ്ങൾ' എന്ന കൃതി സംസ്കാരത്തേയും സാഹിത്യത്തെയും വിമർശിച്ചുകൊണ്ട് മുന്നോട്ടും പോകുകയാണ്. വർത്തമാന കേരളീയ പരിസരത്ത് ചർച്ചയ്ക്ക് വിധേയമാകേണ്ട നിരവധി വിഷയങ്ങളാണ് ഇവിടെ ആലോചനകൾക്കായി മുന്നോട്ടുവച്ചിരിക്കുന്നത്.

പി.വി. പ്രകാശ് ബാബുവിന്റെ ചില ലേഖനങ്ങളും പ്രബന്ധങ്ങളും മാസികകളിലും വാരികകളിലുമായി കിടക്കുന്നുണ്ട്. അവ പുസ്തകങ്ങളായി പുറത്ത് വന്നിട്ടില്ല. നോവൽ, സിനിമ, പരസ്യം, കവിത, ചെറുകഥ, നാടകം, രാഷ്ട്രീയം എന്നീ വിവിധ മേഖലകളിൽപ്പെടുന്നവയാണ് ഈ എഴുത്തുകൾ. കൂടാതെ രണ്ട് അവതാരികകൾ ഒരു സിനിമ ലേഖനത്തിന്റെ വിവർത്തനവും ഇതിൽപ്പെടുന്നുണ്ട്.

നവോത്ഥാനത്തിന്റെ ഭ്രമണപഥങ്ങൾ' എന്ന ലേഖനം 1892 ൽ പുറത്തിറങ്ങിയ കുന്നകുഴിയിൽ കൊച്ചുതൊമ്മൻ അപ്പോത്തിക്കരിയുടെ 'പരിഷ്ക്കാരപ്പാതി' എന്ന നോവലിലെ കുറിച്ചാണ്. 'ദേശനഷ്ടത്തിന്റെ അടയാളങ്ങൾ' എന്ന ലേഖനം പ്രവാസിയുടെ രചനകളിലെ പുതിയ പ്രത്യയശാസ്ത്രത്തെക്കുറിച്ചാണ്. 'ദൽഹി- അറുപതുകളിലെ തലസ്ഥാനം' എന്ന ലേഖനം എം. മുകുന്ദന്റെ ഡൽഹി എന്ന നോവലിന്റെ പുനർവായനയാണ്. 'ചെറുകാടിന്റെ നോവലുകൾ', 'ദേവലോകം ഇന്ന വായിക്കുമ്പോൾ' എന്നിവ ചെറുകാടിന്റെ നോവലുകളെ കുറിച്ചുള്ള പഠനമാണ്. 'കത്തിത്തുടങ്ങിയ വീട് പ്രണയത്തിന്റെ രൂപകം' എന്ന ലേഖനം കെ.ആർ. മീരയുടെ മോഹമഞ്ഞ, കരിനീല, മാലാഖയുടെ മറുകുകൾ എന്ന കഥകളെ മുൻനിറുത്തിയുള്ള പഠനമാണ്. വൈക്കം മുഹമ്മദ് ബഷീറിന്റെ 'കമ്മ്യൂണിസ്റ്റ് ഡെൻ' എന്ന കഥയെക്കുറിച്ചുള്ള പഠനമാണ് അതേ പേരിലുള്ള പ്രകാശ് ബാബുവിന്റെ ലേഖനം. സാഹിത്യചക്രവാളത്തിൽ 'കവല' എന്ന കോളത്തിൽ പ്രകാശ്ബാബുവിന്റെ ലേഖനങ്ങൾ വന്നിട്ടുണ്ട്. 'പ്രതിരോധങ്ങളുടെ കാലത്തെ എഴുത്ത്', ' കലുഷ കാലത്തെക്കുറിച്ചുള്ള വിപൽസൂചനകളുമായി പൊതുമണ്ഡലം, സംവാദങ്ങളുടെ ഊഷരഭൂമികയിൽ', ഓർമ്മയുടെ ഒളിത്താവളങ്ങൾ (കവിതയുടെ വർത്തമാനം) എന്നിവ അവയിൽ ചിലതാണ്.

'കവിതയുടെ ഇടപെടൽ' എൻ. പ്രഭാകരന്റെ കവിതകളെ കുറിച്ചുള്ള പഠനമാണ്. 'മർത്ത്യവീര്യത്തിന്റെ പാട്ടുകാരൻ 'മുല്ലേനഴിയുടെ കവിതകളെ കുറിച്ചും, എൻ.വി : രാഷ്ട്ര വിജ്ഞാനീയത്തിലെ ഗാന്ധിയൻ വിചാരമാതൃക' എന്ന ലേഖനം എൻ.വി. കൃഷ്ണവാരിയരുടെ കവിതകളെ കുറിച്ചുമാണ്. 'നന്ദനത്തിലെ കാഴ്ചകൾ' (സിനിമ) വിപണി കേന്ദ്രിത വ്യവഹാരങ്ങളിൽ ഫോക്‌ലോർ പഠനത്തിന്റെ സാധ്യതകൾ' (പരസ്യം), മത നിരപേക്ഷതയും ജനപ്രിയ സിനിമയും (വിവർത്തനം) ഹയസിന്റെ ഉന്ന ഇപ്പോൾ എന്തു ചെയ്യുകയാവും (രാഷ്ട്രീയം), വ്യാജമായ ഉത്കണ്ഠകൾ (രാഷ്ട്രീയം) 'സാംസ്കാരിക പഠനം രീതിശാസ്ത്രപരമായ നോട്ടത്തിൽ (ഗവേഷണ രീതിശാസ്ത്രം) എന്നിവയും വിവിധ മേഖലകളിലുള്ള പ്രകാശ് ബാബുവിന്റെ ലേഖനങ്ങളാണ്.

നാട്യ ശാസ്ത്രത്തിലെ ലിംഗ (അ)നീതി, നാം നോക്കി നിൽക്കെ അരങ്ങിനു തീ പിടിക്കുന്നു., റിയലിസത്തോടുള്ള കലഹം, വിദൂഷകന്റെ ലോകധർമ്മം, കാലത്തിന്റെ മൂടുപടം ഭേദിച്ച് എന്നിവയെല്ലാം നാടകസംബന്ധിയായ രചനകളാണ്. കെ.എസ്. മിഥുന്റെ 'കഥാംശം', മെറിൻ ജോയിയുടെ 'എഴുത്തും കാഴ്ചയും' എന്നീ വിമർശന സമാഹാരങ്ങൾക്കു വേണ്ടി എഴുതിയ അവതാരികയും ശ്രദ്ധേയങ്ങളാണ്.

ഡോ.പി.വി. പ്രകാശ് ബാബുവിന്റെ പഠനങ്ങൾ തൊണ്ണൂറുകൾക്കു ശേഷം കേരളീയ അക്കാദമിക, സാംസ്കാരിക, പരിസരങ്ങളിൽ സംവാദമായി തുടരുന്ന ജ്ഞാനമണ്ഡലത്തെയാണ് സൂചിപ്പിക്കുന്നത്. ആധുനികാനന്തര വിചാരലോകത്തിന്റെയും സാംസ്കാരിക പഠനത്തിന്റെയും പ്രത്യയശാസ്ത്ര രാഷ്ട്രീയ വിശകലനത്തിന്റെയും ലോകത്തിലേക്കാണ് ഈ എഴുത്തുകളെല്ലാം സഞ്ചരിക്കുന്നത്. ദൃശ്യമാധ്യമ സംസ്കാരത്തിന്റെ അധീശത്വ പ്രത്യയശാസ്ത്രങ്ങളെയും ഇവ വിമർശന വിധേയമാക്കുന്നുണ്ട്. പോസ്റ്റ് കൊളോണിയൽ പഠനങ്ങളുടെ വിമർശന സ്വഭാവം ഇവ കാത്തു സൂക്ഷിക്കുകയും ഭാരതീയമായ സൗന്ദര്യശാസ്ത്രപാരമ്പര്യത്തെ സമകാലിക ആലോചനകൾക്ക് വിധേയമാക്കുകയും ചെയ്യുന്നു. വിമർശനത്തിൽ പുരോഗമന സ്വഭാവം പ്രകടിപ്പിക്കുന്ന ഈ ലേഖനങ്ങളും പ്രബന്ധങ്ങളുമെല്ലാം വീണ്ടും ആലോചനകൾക്ക് വിധേയമാക്കേണ്ടതുണ്ട്. ആധുനികാനന്തര വിമർശനത്തിന്റെ കൈവഴികളിലൂടെയാണ് പി.വി. പ്രകാശ്ബാബുവിന്റെ എഴുത്തുകളുടെ ചിന്താലോകം സഞ്ചരിച്ചിരുന്നതെന്ന് ഈ കൃതികൾ വ്യക്തമാക്കുന്നുണ്ട്.



# സോയിൽ പൈപ്പിങ്ങ്: അടുത്ത ദുരന്തത്തിലേക്കുള്ള മരണവഴിയോ?

ഡോ. ഇന്ദുലാൽ ജി.
സെന്റ് അലോഷ്യസ് കോളേജ്, എടത്വ



ഭൗമോപരിതലത്തിലുള്ള മണ്ണൊലിപ്പിനെപ്പറ്റി പണ്ടുമുതലേ നാം കേൾക്കുന്നതാണ്. മണ്ണൊലിപ്പുമൂലമുള്ള വിപത്തുകളെപ്പറ്റി നാം ഒരുപരിധിവരെ ബോധവാന്മാരാണുതാനും. എന്നാൽ ഭൗമാന്തർഭാഗത്തുള്ള മണ്ണൊലിപ്പിനെപ്പറ്റിയും അതിന്റെ ഭീകരതയെപ്പറ്റിയും അതു ഭൂസ്ഥിതിയ്ക്കേല്പ്പിക്കുന്ന ആഘാതത്തെപ്പറ്റിയും നാം അത്രകണ്ട് മനസ്സിലാക്കിയിട്ടുണ്ടോ എന്ന സംശയമാണ്..

നദീതീരത്തുള്ള മണ്ണിടിച്ചിൽ നാം വാർത്തകളിൽ കാണുകയും നദി അതിന്റെ സ്വാഭാവിക പാത വീണ്ടെടുക്കുന്നു എന്ന് കാവ്യാത്മകമായി പറഞ്ഞ് അതിനെ നിസ്സാരമാക്കി തള്ളിക്കളയുകയും ചെയ്യുന്നു. ഒരു വെള്ളപ്പൊക്കകാലത്തിനുശേഷം അതിനു വാർത്താപ്രാധാന്യം ലഭിക്കുന്നുമില്ല. നദിയുടെ വീതി വർദ്ധിക്കുന്നുവെന്നും നദിക്കരയിൽ വസ്തുവുള്ളവർക്ക് വസ്തു നഷ്ടപ്പെടുന്നു എന്നുമുള്ള ഉപരിപ്ലവമായ ചർച്ചയ്ക്കും ആശങ്കയ്ക്കുമപ്പുറം അതിനുപിന്നിലെ അപകടത്തെപ്പറ്റി നാം അത്രമേൽ ബോധവാന്മാരാണോ? ഈ പ്രതിഭാസത്തെ ഒരു വെള്ളപ്പൊക്കകാല വാർത്തയ്ക്കപ്പുറം ഗൗരവത്തോടെ കാണേണ്ടതില്ലേ?

2018 ലെ പ്രളയത്തിനുശേഷം ദേശീയഭൗമശാസ്ത്രപഠനകേന്ദ്രം നടത്തിയ പഠനഗവേഷണങ്ങൾ വിരൽ ചൂണ്ടുന്നത് സമീപകാല മണ്ണിടിച്ചിൽ,



ഉരുൾപൊട്ടൽ,പ്രളയം എന്നീ പ്രകൃതിദുരന്തങ്ങൾക്കു പിന്നിൽ ഭൗമാന്തർഭാഗത്തുള്ള മണ്ണൊലിപ്പിനുള്ള (Soil Piping) പ്രാധാന്യത്തിലേക്കാണ്. കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ അടുത്ത ദുരന്തഭേരി മുഴക്കിക്കൊണ്ട് സോയിൽ പൈപ്പിങ്ങ് നിശബ്ദമായി ശക്തമായിക്കൊണ്ടിരിക്കയാണെന്ന - ദേശീയഭൗമശാസ്ത്രഗവേഷണകേന്ദ്രത്തിലെ ഡോ ജി ശങ്കറിന്റെ ആധികാരികകണ്ടെത്തൽ ഈ വഴിക്കു നാം എത്രമേൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നതിന്റെ പ്രാധാന്യമാണ് വെളിപ്പെടുത്തുന്നത്.

എന്താണു സോയിൽ പൈപ്പിങ്ങ്?

ഭൂമിയ്ക്കടിയിൽ - ഇളകിയമണ്ണിലേക്ക് വെള്ളം ഒഴുകിയിറങ്ങി, വെള്ളത്തിനു കടന്നുപോകാനുള്ള ഒരു പാതയുണ്ടാകലാണ് സോയിൽ പൈപ്പിങ്ങ് എന്നു ചുരുക്കത്തിൽ പറയാം. സ്വാഭാവികമായ അത്തരം ജലപ്രവാഹങ്ങൾ ഭൂമിയിലെ ജലസംരക്ഷണത്തിനും ജലലഭ്യതയ്ക്കും ആവശ്യമായ വിധത്തിൽ പ്രകൃതിതന്നെ ഒരുക്കിയിട്ടുണ്ടുതാനും. അത്തരം ചെറിയ ജലപ്രവാഹങ്ങളാണ് ഉറവകൾ. കിണറിൽ ജലമെത്തിക്കുന്ന ഉറവകൾ! മഴപെയ്ത് ഭൂമിയിൽ ആഴത്തിൽ ഇറങ്ങുന്ന വെള്ളം മറ്റു പലസ്ഥലത്തേക്കും ഭൂമിയുടെ അടിയിലൂടെ ഒഴുകിപ്പരന്ന് ഉറവകളായി കിണറുകളിൽ ജലമെത്തിക്കുന്നു. ഉയർന്ന മലനിരകളുടെ താഴെയുള്ള പാറകളിലുള്ള നനവുപോലും ഭൂമിക്കടിയിലുള്ള അത്തരം ജലപ്രവാഹത്താലാണ് സംഭവിക്കുന്നത്.


സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുമ്പോൾ മഴപെയ്തുണ്ടാകുന്ന വെള്ളം ഭൂമിക്കടിയിലേക്കു പോകുന്നു. വലിയ മരത്തിന്റെ കുറ്റികൾ ജീർണ്ണിച്ചുണ്ടാകുന്ന കുഴികൾ, (വ്യാപകമരംമുറിച്ചുകടത്തൽ സാധാരണപ്രക്രിയയായ ഉൾവനങ്ങളിൽ, അത്തരം കുഴികൾ ഏറെ!), എലി , പാമ്പ് എന്നിവയുണ്ടാക്കുന്ന കുഴികൾ, പച്ചപ്പോ മരവേരുകളോ ബലംകൊടുക്കാത്ത ഭൗമോപരിതലത്തിലെ ഇളകിയ, മഴപെയ്യുമ്പോൾ കുഴഞ്ഞു ചിതറുന്ന മണ്ണ് എന്നിവയൊക്കെ വെള്ളത്തിനെ അനിയന്ത്രിതവേഗ



തയിൽ (മഴ അതിതീവ്രസ്വഭാവത്തിലുള്ളതാണെങ്കിൽ) ഭൂമിക്കുള്ളിലേയ്ക്കു കടത്തിവിട്ട് ആന്തരിക നീരൊഴുക്കിനെ ത്വരിതഗതിയിലാക്കുന്നു. ഭൂമിയ്ക്കടിയിലൂടെയുള്ള ജലപ്രവാഹം നാം കരുതുന്നതിനേക്കാൾ ശക്തമാകുകയും, അത് അവിടുത്തെ മണ്ണിനെ ഒഴുക്കിക്കളഞ്ഞ് വലിയ ദ്വാരങ്ങൾ സൃഷ്ടിക്കുകയും കാലാന്തരത്തിൽ അത്തരം ശൂന്യസ്ഥലങ്ങൾ ധാരാളമായി ഉണ്ടാകുകയും ചെയ്യുന്നതോടെ - മേല്മണ്ണിനുതാഴെ താങ്ങ് ഇല്ലാതെവരികയും ആ ഭാഗത്തെ മണ്ണ് താഴേയ്ക്ക് ഇരുത്തുകയും ചെയ്യുന്നു. അതിന്റെ ഫലമായി മണ്ണിടിച്ചിൽ,കിണർ ഇടിയുക എന്നതൊക്കെ സംഭവിക്കുന്നു. സാധാരണഗതിയിൽ ഉറപ്പുള്ളതെന്നു നാം കരുതുന്ന സ്ഥലത്തുപോലും കിണർ ഇരുത്തുന്നതിന്റെ കാരണമിതുകൂടെയാണെന്ന് ദേശീയഭൗമശാസ്ത്രപഠനഗവേഷണകേന്ദ്രം മുന്നറിയിപ്പു നല്കുന്നു. മലനിരകളെന്നോ പരിസ്ഥിതിലോലപ്രദേശമെന്നോ ഉരുൾപൊട്ടലിനു പണ്ടേ സാദ്ധ്യതയുള്ള പ്രദേശമെന്നോ ഉള്ള വേർതിരിവില്ലാതെ എവിടെയും ഇതു സംഭവിച്ചേക്കാം.

മാധവ് ഗാഡ്ഗിലിന്റെ 'പരിസ്ഥിതിലോലപ്രദേശങ്ങൾ' എന്ന വാക്കിൽ അധിഷ്ഠിതമാണ് പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട നമ്മുടെ പരിസ്ഥിതിചിന്തകളിൽ ഏറിയപങ്കും. ഉയർന്ന മലനിരകൾ മാത്രമാണ് മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നീ ഭീഷണികൾ നേരിടുന്നതെന്ന വിശ്വാസത്തിൽ മറ്റുള്ളിടമെല്ലാം സുരക്ഷിതമെന്നും നാം ഒരു പരിധിവരെ കണക്കുകൂട്ടുന്നു. സമീപകാലങ്ങളിൽ കിണറുകൾ ഇടിഞ്ഞുതാഴുന്നതും ഭൂമിയിൽനിന്ന് തിളച്ചവെള്ളം പൊന്തിവരുന്നതുമെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളായിക്കണ്ട് ഒരു ചാനൽ ചർച്ചയ്ക്കപ്പുറം പ്രാധാന്യമില്ലാതെ മാഞ്ഞുമറഞ്ഞുപോകുന്നതിന്റെ കാരണവുമിതാകാം. ഇവിടെയാണ് ഇതിന്റെയെല്ലാം പിന്നിൽ, പരിസ്ഥിതിലോലമെന്നു മുദ്രകുത്തപ്പെടാത്ത സ്ഥലത്തുപോലും സംഭവിക്കുന്ന ഇത്തരം പ്രതിഭാസങ്ങളുടെയൊക്കെ പിന്നിൽ, സോയിൽ പൈപ്പിങ്ങ് എന്നതിനു സാരമായ പങ്കില്ലേയെന്ന് ചിന്തിക്കേണ്ടത്.

അതിമർദ്ദത്തിൽ ഒരുവശത്തു വെള്ളം കെട്ടിനിറുത്തിയിരിക്കുന്ന ഡാമുകളെ അതിന്റെ ജലനിരപ്പുയർന്നോ, വെള്ളം തുറന്നുവിടേണ്ട സ്ഥിതിയുണ്ടോ എന്ന നിലയിൽ മാത്രമാണു നാം പരിഗണിക്കുന്നത്. അവിടെയും സോയിൽ പൈപ്പിങ്ങ് എന്ന വില്ലൻ എന്നാണു പ്രവർത്തിക്കുകയെന്നത് ഭീതിയോടെയേ ഓർ



ക്കാനാകൂ. അമേരിക്കയിലെ 30% ഡാമുകളും തകർച്ച നേരിട്ടത് ഭൗമാന്തർഭാഗത്തെ നീരൊഴുക്കുമൂലം അടിമണ്ണൊലിപ്പിന്റെ ഫലമായി മേൽമണ്ണ് താഴ്ന്നുപോയതിനാലാണെന്ന് അവരുടെ ആഭ്യന്തരപുനരുപയോഗവിഭാഗം നടത്തിയ പഠനങ്ങൾ അടിവരയിടുന്നു. ഡാമുകളിൽനിന്നുള്ള ജലമൂറൽ ഗൗരവമായിക്കാണുകയും അതിനെ പ്രതിരോധിക്കാൻ ഡാമിന്റെ വിള്ളലുകൾ യഥാകാലം അറ്റകുറ്റപ്പണികൾക്കു വിധേയമാക്കുകയും ചെയ്യണം.

അനിയന്ത്രിതമായ രീതിയിൽ ഭൂമിക്കുമേൽ നടത്തുന്ന കൈയേറ്റങ്ങൾ അടിയന്തിരമായി അവസാനിപ്പിക്കുകയല്ലാതെ ഇത്തരം ദുരന്തങ്ങൾക്കോ പ്രതിഭാസങ്ങൾക്കോ തടയിടാനാകില്ല. ഭൂമിയുടെ ഉപരിതലതൽസ്ഥിതിയും അതിലൂടെയുള്ള ബാഹ്യ നീരൊഴുക്കും മാത്രം കണക്കിലെടുത്ത് വികസനപ്രവർത്തനങ്ങൾക്കു ശ്രമിക്കാതെ ആ സ്ഥലത്തിന്റെ ഭൗമാന്തരനീരൊഴുക്കും ആ പ്രദേശത്തിന്റെ പിൻകാല ഭൗമസ്ഥിതിയും ആഴത്തിലുള്ള വിശകലനങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്. നദികളും നീർത്തടങ്ങളും ചതുപ്പുനിലങ്ങളും തരിശാക്കുന്നതിനെതിരേയും - വികസനപ്രവർത്തനങ്ങളുടെ പേരിൽ ഭൂമിയുടെ പ്രകൃത്യാ ഉള്ള സ്വാഭാവികതയ്ക്ക് ഭംഗം വരുത്തുന്നതിനെതിരേയും ഏവരും ഒരുമിച്ച് ചിന്തിക്കുകയും അവയ്ക്കൊക്കെയും പകരമായി പ്രകൃതി സൗഹൃദമാർഗങ്ങൾ കണ്ടെത്തുകയും വേണം. പരിസ്ഥിതിലോലപ്രദേശങ്ങളിൽ ഇനിയുള്ള നിർമ്മാണപ്രവർത്തനങ്ങളിലെങ്കിലും അതീവജാഗ്രത പുലർത്തേണ്ട സമയം സമാഗതമായിരിക്കുന്നു.

നദീതീരസംരക്ഷണത്തിനായി അതിർഭിത്തികൾ കെട്ടുന്നതും ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെ തീരങ്ങളിൽ സീപേജിന്റെ അളവ് നിർണയിച്ച് സംരക്ഷണഭിത്തികൾ ബലപ്പെടുത്തുന്നതും സോയിൽ പൈപ്പിങ്ങിന്റെ ആഘാതം കുറയ്ക്കാൻ സഹായിക്കും. ഇതേ വഴികൾതന്നെ ഡാമുകളിലും കൂടുതൽ ഗൗരവത്തോടെ അനുവർത്തിക്കേണ്ടതുണ്ട്. പാറഖനനത്തിനും ക്വാറികളുടെ | പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നാം ശ്രദ്ധിച്ചേ മതിയാകൂ. ഭൗമാന്തർഭാഗത്തേക്കുള്ള ജലത്തിന്റെ കുത്തൊഴുക്കിന്റെ ശക്തി കുറയ്ക്കാനും അതുവഴിയായി ആന്തരികമണ്ണൊലിപ്പിനെ പ്രതിരോധിക്കാനും കയർ ഭൂവസ്ത്രവിരിപ്പിനു ഗണ്യമായ പങ്കുവഹിക്കാനാകും എന്ന് എം ബി നാസറിന്റെ നേതൃത്വത്തിലുള്ള ഗവേഷണസംഘം കണ്ടെത്തിയത്, ശ്രമിച്ചാൽ സോയിൽ പൈപ്പിങ്ങിനു ചെറിയ രീതിയിലെങ്കിലും തടയിടാനാകുമെന്ന ആശ്വാസം നമുക്കു നല്കുന്നു. ഊഷരമായ സ്ഥലങ്ങളിലും വൃക്ഷരഹിതപ്രദേശങ്ങളിലും ആഴത്തിൽ വേരുകളും പുല്ലുകളും മരങ്ങളും വച്ചുപിടിപ്പിക്കുന്നതും ഭൂമിക്കുള്ളിലേക്കു ജലത്തിന്റെ ശക്തമായ ഒഴുക്കിനെ നിയന്ത്രിക്കും.

ഇടുക്കിയിലെ ചെറുതോണിയിൽ ഒരു ഇരുനിലക്കെട്ടിടം അതിന്റെ സ്ഥാനത്തുനിന്ന് 12 അടിയോളം ദൂരേയ്ക്ക് മാറിപ്പോയി; കണ്ണൂരിൽ ഭൂമിക്കടിയിൽനിന്ന് ഭൗമോപരിതലത്തിലേക്ക് - ശക്തമായ ജലപ്രവാഹമുണ്ടായി; ചിലയിടത്ത് നാം ആദ്യം പരാമർശിച്ചതുപോലെ കിണറുകൾ ഇടിഞ്ഞുതാണു. 80 കളുടെ തുടക്കത്തിൽ തേയിലത്തോട്ടനിർമ്മാണത്തിനായി വലിയതോതിൽ മരങ്ങൾ മുറിച്ചുമാറ്റി - ഭൂശക്തി അസ്ഥിരപ്പെട്ട ഒരു സ്ഥലമാണ് പുത്തുമലയെന്നത് പുത്തുമലയിലെ ദുരന്തത്തിനൊപ്പം ചേർത്തുവായിക്കേണ്ട ഒന്നാണ്. കോഴിക്കോട് പൈക്കാടൻ - കാരശ്ശേരി മല, പുത്തുമല, കവളപ്പാറ എന്നീ സ്ഥലങ്ങളിലെ ദുരന്തങ്ങൾക്കുപിന്നിൽ സോയിൽ പൈപ്പിങ്ങിനുള്ള സ്വാധീനം തള്ളിക്കളയാനാവില്ലെന്ന

**നദീതീരസംരക്ഷണത്തിനായി അതിർഭിത്തികൾ കെട്ടുന്നതും ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെ തീരങ്ങളിൽ സീപേജിന്റെ അളവ് നിർണ്ണയിച്ച് സംരക്ഷണഭിത്തികൾ ബലപ്പെടുത്തുന്നതും സോയിൽ പൈപ്പിങ്ങിന്റെ ആഘാതം കുറയ്ക്കാൻ സഹായിക്കും. ഇതേ വഴികൾ തന്നെ ഡാമുകളിലും കൂടുതൽ ഗൗരവത്തോടെ അനുവർത്തിക്കേണ്ടതുണ്ട്.**

ഭൗമശാസ്ത്രജ്ഞരുടെ നിരീക്ഷണങ്ങളെ നാം നിസ്സാരമായിക്കാണാനാവാത് ഇതുപോലെയുള്ള ഭാവിദുരന്തങ്ങൾക്കു വഴിവെയ്ക്കുമെന്നും തിരിച്ചറിയേണ്ടതുണ്ട്.

കേരളത്തിൽ അടുത്തയിടെ മാത്രം കണ്ടുതുടങ്ങിയ സോയിൽ പൈപ്പിങ്ങും ഭൂമി വിണ്ടുകീറുന്നതും വരാനിരിക്കുന്ന വൻദുരന്തങ്ങളുടെ മുന്നോടിയാണെന്ന ദേശീയഭൗമശാസ്ത്രപഠനകേന്ദ്രത്തിലെ ഡോ വി നന്ദകുമാറിന്റെ വാക്കുകളും മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിന്മേൽ ആരോഗ്യകരമായ ചർച്ചകൾ നടത്തി പ്രകൃതിസൗഹാർദപരമായ നടപടികളെടുത്തില്ലെങ്കിൽ അനിയന്ത്രിതമായ



പ്രകൃതിദുരന്തങ്ങളായിരിക്കും ഫലമെന്ന പാരിസ്ഥിതിക ശാസ്ത്രജ്ഞനായ ഡോ വി എസ് വിജയന്റെ വാക്കുകളും അകറ്റിനിറുത്താവുന്ന ആസന്ന സന്നിദ്ധാവസ്ഥയിലേക്കുള്ള ചൂണ്ടുപലകയാണ്.

പ്രകൃതിയെ സംരക്ഷിച്ചു നിർത്തേണ്ടതിന്റെ ആവശ്യകത, പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യം എന്നിവയെപ്പറ്റിയൊക്കെ സംസാരിക്കുന്നവരെ വികസനവിരുദ്ധർ, വംശനാശം സംഭവിച്ച ലോലഹൃദയർ എന്നൊക്കെ പരിഹസിച്ച് അകറ്റുന്നവരാണ് ഏറെയും എന്നറിയാതെയല്ല ഇക്കാര്യത്തെപ്പറ്റി പറയുന്നത്.

പ്രകൃതിയുടെ സ്വാഭാവിക ഭൂപ്രകൃതിക്കുമേൽ മനുഷ്യൻ തന്റെ ഭൗതികാവശ്യങ്ങൾക്കായി നിയന്ത്രണരേഖ വിട്ടു പെരുമാറാൻ തുടങ്ങിയതോടെ ക്രമാനുഗതമായി പ്രകൃതിദുരന്തങ്ങളുടെ വ്യാപ്തിയും പരപ്പും കൂടാൻ തുടങ്ങി. പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചുള്ള ചർച്ചകൾ വരുമ്പോഴെല്ലാം അതു കുടിയേറ്റക്കർഷകരുടെ വാസസ്ഥലവും അവരുടെ ജീവിത പുരോഗതിയും ഇല്ലാതെയാക്കാനുള്ള സംഘടിതമായ ശ്രമമാണെന്നും

---

**പ്രകൃതിയെ സംരക്ഷിച്ചു നിറുത്തേണ്ടതിന്റെ ആവശ്യകത, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം എന്നിവയെപ്പറ്റിയൊക്കെ സംസാരിക്കുന്നവരെ വികസന വിരുദ്ധർ, വംശനാശം സംഭവിച്ച ലോലഹൃദയർ എന്നൊക്കെ പരിഹസിച്ച് അകറ്റുന്നവരാണ് ഏറെയും**

---

ജീവിതഭദ്രതയുള്ളവർ അതില്ലാത്തവർക്കുനേരേ പ്രകൃതിസംരക്ഷണമെന്നപേരിൽ നടത്തുന്ന കടന്നുകയറ്റമാണെന്നും വ്യാഖ്യാനിച്ച് മതരാഷ്ട്രീയസംഘടനകൾ നിർഭാഗ്യവശാൽ രംഗത്തുവന്നു. എന്നാൽ അവർക്കുവേണ്ടിക്കൂടിയാണ് അവരിലൊരാൾക്കും പ്രകൃതിദുരന്തംമൂലം ജീവഹാനിയുണ്ടാകാതിരിക്കാനാണ് ഇതുപറയുന്നതെന്ന് ജനങ്ങളെ ബോധവൽക്കരിച്ച നേർവഴിനടത്താൻ നിയുക്തരായ ആ സംഘം; അതുപോലെയുള്ള മറ്റു സംഘങ്ങൾ എന്നിവർ തിരിച്ചറിഞ്ഞില്ല.

പശ്ചിമഘട്ടം മാത്രമല്ല ഏതിടവും ദുരന്തഭൂമിയായേക്കാമെന്ന സത്യം ആരും അറിയുന്നില്ല. കുന്നിനെ കുന്നായും തണ്ണീർത്തടങ്ങളെ അങ്ങിനേയും പ്രകൃതി കാത്തുവെച്ചതിന്റെ പിന്നിൽ പ്രകൃതിക്കുണ്ടായിരുന്ന ബൗദ്ധികബോധം മനുഷ്യർ അറിയാൻ ശ്രമിച്ചതേയില്ല. കുന്നിടിച്ചു നിരപ്പാക്കിയും, നീർത്തടങ്ങൾ വിക



സനത്തിന്റെ പേരിൽ നികത്തിയും പ്രകൃതിക്കുമേൽ, പ്രകൃതിയിൽ നിർലീനമായ സത്തയ്ക്കുമേൽ നാം കൈയേറ്റം തുടർന്നു. രസതന്ത്രത്തിലെ പ്രശസ്തമായ ലേ ഷാറ്റ്ലിയർ സിദ്ധാന്തം പറയുന്നത് നാം ഒരു വ്യവസ്ഥയ്ക്കുമേൽ ആ വ്യവസ്ഥയ്ക്കു ഭംഗം വരുത്തുന്ന എന്തെങ്കിലും നടപടികൾ തുടർന്നാൽ അതിനെ ക്രമപ്പെടുത്താൻ ആ വ്യവസ്ഥ സ്വയമേവ മറ്റൊരു സമതുലനാവസ്ഥ കൈവരിക്കും എന്നാണ്. അത്തരത്തിൽ ഏറെ അലോസരപ്പെട്ട പ്രകൃതി സ്വയമേവ ശുദ്ധീകരിക്കാനുള്ള മാർഗങ്ങൾ തേടുന്നതിനു മുന്നോടിയാണോ ഇത്തരം ദുരന്തങ്ങൾ എന്ന് മറ്റുപരിഗണനകൾക്കതീതമായി ഏവരും ഉണർന്നു ചിന്തിക്കേണ്ട സമയമാണിത്. തുച്ഛമായ ലാഭത്തിനും താൻപോരിമയ്ക്കും വേണ്ടി പ്രകൃതിക്കുമേലുള്ള കടന്നുകയറ്റങ്ങൾ അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ദേശീയ ഭൗമശാസ്ത്രപഠനകേന്ദ്രത്തിന്റെ ഗവേഷണഫലങ്ങൾ വിരൽ ചൂണ്ടുന്നത്. പരിസ്ഥിതി സംരക്ഷണമെന്നത് ആണ്ടിലൊരിക്കൽ പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നടുന്ന വെറും പ്രകടനാത്മകതയിലേക്കു ചുരുക്കാതെ ആഗോളതലത്തിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ സമീപകാലദുരന്തങ്ങളും ഇനി വരാനിരിക്കുന്നവയെക്കുറിച്ചുള്ള മുന്നറിയിപ്പുകളും നമുക്ക് മാർഗ്ഗദീപമാകട്ടെ.

Reference:


1. Fadi Saliba; Ronald Bou Nassar; Naji Khoury; and Yara Maalouf, Internal Erosion and Piping Evolution in Earth Dams Using an Iterative Approach, Geo-Congress 2019

| 2, Afsal K P, Anjali Peter, Peter Jobe , Vinaya S M , Binoy Alias M. Dam Break Analysis of Idukki Dam Using FLDWAV River Mechanics, International Research Journal of Engineering and Technology, May 2016

3. Hindustan Times news dated Aug 16, 2019

4. Wan, C.F., & Fell, R., Investigation of internal erosion and piping of soils in embankment dams by the slot erosion test and the hole erosion test. UNICIV Report No R-412, The University of New South Wales Sydney ISSN 0077 880x, 2002.

5. Muhammed Bazith Nassar, Muhsina PM, Nakul Shaju, Shihin AN, Basil Jaimon, EFFECT OF COIR FIBER ON THE PIPING BEHAVIOUR OF SOIL , International Research Journal of Engineering and Technology, April 2019

# ആറാം യു.ജി.സി. ശമ്പളപരിഷ്കരണ പ്രകാരം പ്രമോഷൻ/ പ്ലേസ്മെന്റ് ലഭിച്ച അധ്യാപകരുടെ ശമ്പളം പുനർനിർണയിക്കുന്ന തെങ്ങനെ?

അധ്യാപകരുടെ സർവീസ് സംബന്ധമായ സംശയങ്ങൾ ഇമെയിൽ ആയി അറിയിക്കുക
jogyalex@rediffmail.com

**ജോജി അലക്സ്**
സെന്റ് തോമസ് കോളേജ്, പാലാ
(കൺവീനർ, സർവ്വീസ് സെൽ)



**ആറാം യുജിസി ശമ്പളപരിഷ്കരണപ്രകാരം പ്രമോഷൻ / പ്ലേസ്മെന്റ് ലഭിച്ച അധ്യാപകരുടെ ശമ്പളം പുനർ നിർണയിക്കുന്നത് എങ്ങനെ എന്ന് വ്യക്തമാക്കാമോ?**

കോളേജ് അധ്യാപകരുടെ ആറാം യുജിസി ശമ്പളപരിഷ്കരണം നടപ്പിലാക്കിക്കൊണ്ട് 27/03/2010 ൽ G.O(P).58/2010 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അനുച്ഛേദം I-7 ൽ ഇപ്രകാരം പറയുന്നു.

There will be a uniform date of annual increment , namely, 1st July of every year. Teachers completing 6 months and above in the revised pay structure as on 1st July will be eligible to be granted the increment.

ഇതിൻ പ്രകാരം അധ്യാപകരെ രണ്ട് വിഭാഗമായി തിരിക്കാം

11) ജനുവരി 2 നും ജൂൺ 30 നും ഇടയിൽപ്രമോഷന്അർഹതഉള്ളവർ.

22) ജൂലൈ 2 നും അടുത്തവർഷം ജനുവരി 1 നും ഇടയിൽ പ്രൊമോഷന് അർഹത ഉള്ളവർ.

ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽപെട്ടവർക്ക് (ജൂലൈ 2 നയും അടുത്ത വർഷം ജനുവരി 1 നും ഇടയിൽ) താഴെ പറയുന്ന പ്രകാരം ശമ്പളം പുനർനിർണയിക്കാം.

### Illustration

An Assistant Professor with AGP 6000 is placed as Assistant Professor AGP 7000 on August 5, 2014. His/Her pay can be re-fixed as follows:

Pay in the Pay band of Present Post : Rs. 19810/-

Basic Pay (Sum total of Pay in the Pay band & AGP) : 19810+6000 = Rs.25810/-

3% of the Basic Pay (notional increment awarded for placement) :Rs.780/-

Pay in the Pay Band fixed for the higher post : Rs.20590 (Rs.19810+Rs.780)

AGP of the higher post : Rs.7000/-

Basic Pay of the higher post on 05/08/2014 :Rs. 27590/-

Date of Next Increment : 01/07/2015

എന്നാൽ ആദ്യത്തെ വിഭാഗത്തിൽ പെട്ടവർക്ക് (ജനുവരി 2 നംബ്രുൺ 30 നംഇടയിൽ) ഇപ്രകാരം ശമ്പളം നിർണയിച്ചാൽ അവർക്ക് പ്രസ്തുതവർഷത്തിൽ ജൂലൈ ഒന്നാം തീയതി പുതിയ ശമ്പളഘടനയിൽ ആറ്മാസം പൂർത്തിയാകാത്തത് കൊണ്ട് ജൂലൈ ഒന്നിന് വാർഷിക ഇൻക്രിമെന്റ് നല്കാൻ കഴിയില്ല. അവർക്ക് തൊട്ടടുത്ത വർഷം ജൂലൈ ഒന്നിന് മാത്രമേ ഇൻക്രിമെൻറ് ലഭിക്കു എന്നതായിരുന്നു സാഹചര്യം. ഇത് പരിഗണിച്ച് ഉന്നതവിദ്യാഭ്യാസവകുപ്പ് G.O(P) NO. 234/2012/H.Edn. dated 28/06/2012 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഈ വിഭാഗത്തിൽ പെടുന്ന അധ്യാപകർക്ക് ശമ്പള നിർണയത്തിന് രണ്ട് ഓപ്ഷൻ നൽകുകയും അതിൽ ഒന്ന് സ്വീകരിക്കാൻ അനുവദിക്കുകയും ചെയ്തു. ഒന്നുകിൽ മേൽവിവരിച്ച പ്രകാരം പ്രമോഷന് അർഹതയുള്ള ദിവസം തന്നെ ഒരു നോഷണൽ ഇൻക്രിമെൻറ് പ്രീ-റിവൈസ്ഡ് സ്കെയിലിൽ വാങ്ങിക്കൊണ്ട് ശമ്പളം നിർണയിക്കുകയും വാർഷിക ഇൻക്രിമെൻറ് പിന്നീട് വരുന്നവർഷം ജൂലൈ ഒന്നിന് വാങ്ങുകയും ചെയ്യാം.

രണ്ടാമത്തെ ഓപ്ഷൻ പ്രകാരം പ്രൊമോഷന് അർഹതയുള്ള ദിവസം മുതൽ നിലവിലെ pay in the pay band നോട് ഒപ്പം വർധിപ്പിച്ച കിട്ടിയ AGP ചേർത്ത ശമ്പളം വാങ്ങാം. ശമ്പളപുനർനിർണയം വാർഷിക ഇൻക്രിമെൻറ് ലഭിക്കേണ്ട ജൂലൈ ഒന്നിന് താഴെ പറയുന്ന പ്രകാരം രണ്ട് ഇൻക്രിമെൻറ് സഹിതം വാങ്ങാം.

## Illustration

An Assistant Professor with AGP 6000 is placed as Assistant Professor AGP 7000 on February 5, 2014. His/Her pay can be re-fixed as follows:

| | | |
|---|---|---|
| Pay in the Pay band of Present Post | : | Rs. 19050 |
| Basic Pay (Sum total of Pay in the Pay band & AGP) | : | 19050+6000 = Rs.25050/- |
| Date of promotion | : | 05/02/2014 |
| AGP of the higher post | : | Rs.7000/- |
| Fixation of pay on the date of Promotion ie, 05/02/2014 | | |
| Date of promotion to the higher post | : | 05/02/2014 |
| Pay in the Pay band on 05/02/2014 | : | Rs.19050/- |
| Pay fixed on 05/02/2014 | : | 19050+7000=Rs.26050/- |
| Fixation of pay on the date of option ie 01/07/2014 | | |
| Value of two increments on the basis of basic pay of lower post | : | Rs.760+Rs.780=Rs.1540/- |
| Pay in the Pay Band fixed for the higher post | : | Rs.20590 |
| AGP of the higher post | : | Rs.7000/- |
| Basic Pay of the higher post on 05/08/2014 | : | Rs. 27590/- |
| Date of effect | : | 01/07/2014 |
| Date of Next Increment | : | 01/07/2015 |

ഇപ്രകാരം പുനർനിർണയിക്കുമ്പോൾ രണ്ട് ഇൻക്രിമെന്റുകളും പ്രൊമോഷൻ ലഭിക്കുന്നതിന് മുൻപ് നിലവിൽ വാങ്ങിക്കൊണ്ടിരുന്ന AGP പ്രകാരം ആണ് കണക്കാക്കേണ്ടത്.

### അസ്സോസിയേറ്റ് പ്രൊഫസർ

ശമ്പളപരിഷ്കരണ ഉത്തരവിൽ അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് 3 ൽ നിന്ന് അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുമ്പോൾ നോഷണൽ ഇൻക്രിമെൻറ് ഇല്ല എന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നതിനാൽ അവർ due date ൽതന്നെ pay band IV (37400-67000 + AGP 9000) എന്ന നിരക്കിൽ ശമ്പളം പുനർ നിർണയിച്ചിട്ട് വാങ്ങുന്നതാണ് ഉചിതം.

## GOVERNMENT OF KERALA

ABSTRACT

Higher Education Department - Private Aided Colleges - Guidelines for Constitution for Parent Teacher Association in Aided Arts and Science Colleges in the State - Approved - Orders Issued

==========================================================================================

## HIGHER EDUCATION (D) DEPARTMENT

G.O.(Rt) No. 1361/2019/H.Edn Dated, Thiruvananthapuram, 03.08.2019

==========================================================================================

Read:-

1. Representation dated 24/05/2018 from the General Secretary, All Kerala Private College Teachers Association
2. Letter No.G2-22743/2018/DCE dated 31/05/2018 and 04/06/2018 from the Director of Collegiate Education
3. Letter No. KSHEC-A7/302/MS/Drct/2018 (ADV) dated 14/09/2018 from the Member Secretary, The Kerala State Higher Education Council

## ORDER

The All Kerala Private College Teachers Association has submitted a representation before the Government with a request to fix the norms relating to the constitution and functioning of Parent Teacher Association in Aided Colleges.

Government have examined the matter in detail in consultation with the Director of Collegiate Education and the Kerala State Higher Education Council and are pleased to issue the guidelines relating to the constitution and functioning of PTA in aided arts and science colleges in the state.

The approved guidelines relating to constitution & functioning of Parent Teachers Association in Aided Arts and Science Colleges in the State are appended herewith.

(BY ORDER OF THE GOVERNOR)

**HARIKUMAR G**

Deputy Secretary

To

1) The Director of Collegiate Education, Thiruvananthapuram

2) The Accountant General (A&E/Audit), Thiruvananthapuram

3) The Registrar, Kerala/M.G./ Calicut/Kannur University

4) The Member Secretary, Kerala State Higher Education Council

5) The Deputy Director of Collegiate Education, Kollam/ Kottayam/ Ernakulam/ Thrissur/ Kozhikode (The copy of GO should be circulated to Manager/ Principal of all Colleges)

6) The General Secretary,All Kerala Private College Teachers Association

7) Higher Education (B,F,J) Department

8) I&PRD (Web & Media)

9) www.highereducation.kerala.gov.in

10) Stock File/Office copy

Forwarded By Order

**Section Officer**

## Constitution for Parent Teacher Association in Aided Colleges

The Parent Teacher Association (PTA), herein after called Association, is a formal organization composed of parents and teachers that is intended to facilitate parental participation in an Institution. The Parent Teacher Association is mandatory in all Aided Affiliated Higher Education Institutions. The Association shall work towards the welfare of students, provides support for enhancing quality of teaching and learning process and the improvement in the infrastructural facilities.

### 1. Aims and Objectives

α) To create and promote good relationship among the members of the teaching staff, students and parents/guardians of the students.

β) To create in members a keen interest for the smooth working of the college and for maintaining good discipline and high academic standards.

χ) To collect voluntary subscriptions, donations, gifts etc., from members, non members and other institutions for furthering the aims and objectives of the association

δ) To institute scholarships, prizes, medals etc., to benefit students showing a high proficiency in their studies.

ε) To ensure improvement in the standards of infrastructural facilities.

### 2. Constitution

The Association shall have a two-tire constitution, namely, General Body and Executive Committee.

### 2.1 The General Body

1) The General Body shall be the supreme authority of the Association. The parent/guardian of all students on rolls of the college during a year and all permanent teachers on roll shall constitute the General Body of the Association. When a student is removed from the rolls of the College, the parent/guardian of the student shall ipso facto cease to be member of the General Body. When the permanent teachers are not in the roll due to retirement or such other reasons, the General Body membership of teaching staff shall ipso facto ceases.

2) The General Body shall hold meeting atleast once in every academic year. There shall be an annual meeting of the General Body before the end of every academic year. The meeting of the General Body shall be convened by the Secretary of the Association in consultation with the President of the Association. The meeting shall be presided over by the President. The minutes of the meeting shall be recorded by the Secretary. The audited statements of the Association shall be presented by the Treasurer in the Annual meeting of the General Body

### 2.1.1 Powers and responsibilities of the General Body

1. To approve rules and regulations for the fund collections, institution of scholarships, prizes and awards to students etc. submitted by the Executive committee
2. To approve the annual report of the Association.
3. To approve the audited statements of accounts for the current year submitted by the Executive committee
4. To approve amendments of rules and regulations proposed by the Executive Committee
5. To elect office bearers of the Association for the ensuing year, in the Annual meeting.
6. To approve the budget for the ensuing year proposed by the Executive committee, in the Annual meeting.
7. To put forward suggestions for the improvement of Academic standards / infrastructural facilities and to point out shortcomings, if any, in the administration of the institution / functioning of the PTA Executive etc.

### 2.1.2 Meeting of the General Body

The General Body shall meet at least once in every academic year. There shall be an annual meeting in every academic year. The quorum for a General Body meeting shall be 1/10 of the total number of members on the rolls. Seven days notice shall ordinarily be given for all meeting of the General Body either by direct intimation or through electronic media or by publishing such information in dailies. Non-receipt of such information by any member shall not however invalidate any of the proceedings of the General Body meeting. A special meeting of the General Body shall be convened on a written request by members of at least fifty percent of the minimum quorum or when authorized to do so by the President. Such meeting shall dispense only the specific matter for which the meeting has been convened. The rule regarding notice and quorum shall apply to such meeting also. The President and in his absence the Vice President shall preside over all meetings of the General Body. In the absence of both any member elected from among the members present shall preside. It is the responsibility of the Secretary to record minutes of the proceedings. All decisions of the General Body shall be on the basis of a majority of votes. In case of equality of votes, the President of the meeting shall have a casting vote.

### 2.2 The Executive Committee

The administration of the Association shall vest in the Executive Committee, hereinafter referred to as the Committee which is elected/nominated for the purpose.

### 2.2.1 Constitution of the Executive Committee

The Executive committee shall have the following constitution.

1. A President - the Principal of the institution / faculty in-charge of Principal.
2. A Vice President - a parent (not guardian) in the General Body, elected from among the parents/guardian, based on majority (first-past-post mode), in the General Body
3. A Secretary - a permanent teacher, elected from among the approved regular teaching staff on roll, on the basis of proportional representation by means of single transferable vote (preferential voting mode).
4. A Joint Secretary - a parent (not guardian) in the General Body, elected from among the parents/guardian through direct election (first-past-post mode), in the General Body
5. 5. A Treasurer - a permanent teacher, elected from among the approved regular teaching staff on roll, on the basis of proportional representation by means of single transferable vote (preferential voting mode).
6. 6. Not more than 4 parents (not guardian) in the General Body out of which atleast one shall be a woman, be elected as Members, from among the parents/guardian through direct election (first-past-post mode), in the General Body.
7. Note more than 4 teachers out of which atleast one shall be a woman, be elected as Members, from among the approved regular teaching staff on roll on the basis of proportional representation by means of single transferable vote (preferential voting mode).

The term of office of the Committee shall be for a period of one year (academic year). It is the responsibility of the President to reconstitute the Executive Committee before the commencement of an academic year. A Committee once elected shall continue to hold office for an extended period of one month or a new committee assumes charge whichever comes earlier. No member shall hold office of the Executive committee after he/she has ceased to be the member of the General body of the Association.

**2.2.2 Powers and responsibilities of the Executive Committee**

The Executive Committee shall have the following powers and responsibilities:

(a) To prepare guidelines for the activities of the Association and place before the General Body for approval

(b) To scrutinise the annual report the audited statement of accounts for the year and budget proposed for the ensuring year, to be placed before the General Body

(c) To prepare regulation for PTA fund collections from parents/guardians and from other sources if any and submit it before the General Body for approval

(d) (d) To give advice to the Principal in all matters referred to it by the Principal/ any other concerned authority

(e) To approve audited statements and accounts submitted by the Treasurer and place before the General Body for approval

(f) To institute scholarships, freeships, merit certificate, prizes, sponsorships etc. to benefit students showing a high proficiency in their studies

(g) To periodically check the registers and other records of the Association and to scrutinize the statement of accounts

(h) To bring to the notice of the Executive any matters of importance raised by the Parents, Students or Teachers for discussion.

(i) To implement all decisions taken by the General Body

**2.2.3 Meeting of the Executive Committee**

The Executive Committee shall meet atleast twice in a semester. A meeting of the Committee shall be held before the Annual meeting of the General Body to approve the audited statements and accounts submitted by the Treasurer and place the same in the General Body. The Committee may also meet at such other times as it may, from time to time, decide. The Secretary shall, under the direction of the President, give not less than five day's notice of the date of meeting of the Committee. Non-receipt of such information by any member shall not however invalidate any of the proceedings of the Committee meeting. Eight members, out of which three parents, shall constitute the quorum for a meeting of the Executive committee. The minutes of the meeting shall be recorded by the Secretary and shall be signed and readout by the President before ending the meeting. All decisions of the Executive committee shall be on the basis of a majority of votes. In case of equality of votes, the President of the meeting shall have a casting vote.

**2.2.4 Duties of the office-bearers**

**1) The President**

The Principal of the college shall be the Ex-officio President. He/She shall have control over the affairs of the Association and shall preside over the meetings of the General Body and Executive committee. He/she shall have powers to convene meetings of the General Body and Executive committee in his/her own initiative or on the written request by members of at least fifty percent of the minimum quorum for the respective committees. He/she shall be the sole custodian of all the funds of the Association and all the connected accounts, books, receipt books, vouchers, pass books etc. He/she shall have the powers to operate the accounts of the Association along with Treasurer and incur such expenditure as may be approved by

the Executive Committee. A joint account in a nationalised bank shall be opened in the names of President and Treasurer to operate the funds of the association.

He shall entrust the Treasurer to maintain proper records of all receipts and payments and such records shall be presented before the Executive Committee and the General Body. He/she shall receive the annual statement of accounts & audited statements and present before the Executive Committee and the General Body. The President can delegate his powers to Secretary or Treasurer, if he desires so, with the approval of the Executive committee.

**2) The Vice President**

The Vice President shall be elected from among the parents (not guardians). In the absence of the President, the Vice President, shall preside over all meetings of the Association.

**3) The Secretary**

The Secretary shall be elected from among the permanent teachers of the institution. He/she shall be the convenor of the Executive committee and the General Body of the Association. It is the responsibility of the Secretary to convene meetings of the Association with the permission of the President and record the proceedings of all meetings. He/she shall be the custodian of proceedings of all meetings. The Secretary shall finalise, in consultation with the President, the date, time, place and agenda of meetings, the budget proposals and annual report of the Association.

**4) The Treasurer**

The Treasurer shall be elected from among the permanent teachers of the institution. It is the responsibility of the Treasurer to make all transactions through cheques and shall be issued based on vouchers recommended by the Secretary. The Treasurer shall maintain proper records of all vouchers, receipts, and payments and such records shall be presented before the Executive Committee and the General Body, if necessary. He/she shall assist the Secretary in the preparation of budget proposal for the year. He/she shall prepare the annual statement of accounts in consultation with the Secretary and President and get it audited and place it before the Executive Committee and the annual General Body. A joint account shall be opened in a nationalised bank in the names of President and Treasurer to operate the funds of the association.

3. General

3.1 All parents/guardian of students, who take permanent admission in a college after the final stage of centralized admission process shall be given membership in the Association by paying a membership fee of Rs.200/-. The Executive committee shall decide the amount that can be collected as PTA fund, at the time of admission, subject to a maximum of tuition fee for the entire course. The students belonging to SC/ST category shall pay Rs. 100/- as the membership fee and no other amount shall be collected from students belonging to these category as PTA fund. The President shall have the power to exempt any student belonging to BPL category from remitting the PTA fund.

3.2 The Association shall have a common seal which shall be in the safe custody of the President / Secretary. Any document executed by the Association shall be signed by the President and the Secretary. The cheque books of the Association shall be signed by the President and the Treasurer.

3.3 In case of any legal proceedings before a court by or against the Association, the Association shall be represented by the President.

3.4 In case of dissolution of the Association at any time, all its records and funds shall be taken over by the President and disposed of in a manner to be decided by the General Body

3.5 None of the above rules shall be altered, amended or rescinded except at a meeting of the General Body at which 2/3 of the members present, record their vote in favour of the suggested changes.

File No.HEDN-D1/38/2019-HEDN

**കേരള സർക്കാർ**

നം. ഡി1/38/2019/ഉ.വി.വ

ഉന്നതവിദ്യാഭ്യാസ (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി: 30.7.2019

**സർക്കുലർ**

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - എയ്ഡഡ് കോളേജ് അദ്ധ്യാപകർ റിഫ്രഷർ/ഓറിയന്റേഷൻ കോഴ്സുകളിൽ പങ്കെടുക്കുന്നതിന് NOC ഹാജരാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 10.7.2019 തീയതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്
2. AKPCTA ജനറൽ സെക്രട്ടറിയുടെ 14.1.2019 തീയതിയിലെ നിവേദനം
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 13.5.2019 ലെ ഡി1/1684/19/കോ.വി.വ. നമ്പർ കത്ത്

***

എയ്ഡഡ് കോളേജ് അദ്ധ്യാപകർ യു. ജി. സി. അംഗീകരിച്ച ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകളിൽ പങ്കെടുക്കുന്ന കാലയളവ് On-duty ആയി പരിഗണിക്കുന്നതിനാൽ ടി കോഴ്സുകളിൽ പങ്കെടുക്കുന്നതിന് മാനേജരുടെ NOC ഒഴിവാക്കി പ്രിൻസിപ്പലിന് അധ്യാപകരെ വിടുതൽ ചെയ്യാവുന്നതാണ്. ടി വിഷയം സംബന്ധിച്ച സൂചന (1) സർക്കാർ നിർദ്ദേശം ഇതിനാൽ റദ്ദ് ചെയ്യുന്നു.

**എൽ. കമലകുമാരി**
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

for സെക്ഷൻ ഓഫീസർ

പകർപ്പ്

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്
(എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരുടേയും പ്രിൻസിപ്പൽമാരുടേയും അറിവിലേക്ക് നല്കുന്നതിനായി)
3) ജനറൽ സെക്രട്ടറി, AKPCTA, AKPCTA സംസ്ഥാന കമ്മറ്റി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം - 695035

ഭരണഭാഷ, മാതൃഭാഷ

നമ്പർ: വി1 /103066/2018/കോ:വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി:
24/1/2019
email: dcedeptaudit@gmail.com

## പരിപത്രം

ഗവൺമെന്റ് എയ്ഡഡ് കോളേജുകളിലെ അതിഥി അദ്ധ്യാപകരുടെ വേതനം 4-7-2018ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നമ്പർ 12193/18/കോ:വി:വ: പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. തുടർന്ന് ഇതു സംബന്ധിച്ച് 14-6-2019ലെ, - ഉ.വി.വ. (സാധാ) നമ്പർ 963/18/ഉ.വി.വ. 25-6-2019ലെ ഡി1/323/2018/ഉ.വി.വ. എന്നീ രണ്ട് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 14-9-2018ലെ ഓഡിറ്റ് - വി1/103066/2018/കോ:വിവ: സർക്കുലറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് നിർദേശങ്ങൾ നൽകുന്നു.

### അതിഥി അദ്ധ്യാപകരുടെ നിയമനവും വേതനവും സംബന്ധിച്ച നിർദേശങ്ങൾ

1) അതിഥി അദ്ധ്യാപകരുടെ നിയമനത്തിനായി അക്കാദമിക വർഷം ആരംഭിക്കുന്നതിന് തൊട്ടുമുൻപുള്ള ഏപ്രിൽ മേയ് മാസത്തിൽ പത്രപരസ്യം നൽകി നിയമനത്തിനായുള്ള നടപടിക്രമം ആരംഭിക്കേണ്ടതാണ്. യു.ജി.സി.നിശ്ചയിച്ച യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ അദ്ധ്യാപക നിയമന കൂടിക്കാഴ്ചയക്കും ഇതരമേഖലയിലെ പ്രവർത്തന മികവും കണക്കാക്കുന്നതിന് പ്രിൻസിപ്പാൾ അദ്ധ്യക്ഷനായും കോളേജിലെ ഒരു മുതിർന്ന അദ്ധ്യാപകൻ കൺവീനറായും, ബന്ധപ്പെട്ട HoD, ഒരു സബ്ജക്റ്റ് എക്സ്പർട്ട് തുടങ്ങിയവർ അംഗങ്ങളായുള്ള ഒരു സമിതിയാണ് ഇന്റർവ്യൂ നടത്തി നിയമിക്കേണ്ടത്. NET/Ph.D യോഗ്യതകൾ ഉള്ള അപേക്ഷകരുടെ അഭാവത്തിൽ മാത്രം മറ്റ് അപേക്ഷകരെ പരിഗണിക്കാവുന്നതാണ്.

2) അതിഥി അദ്ധ്യാപകരുടെ നിയമനത്തിനായി ആവശ്യമായ വിഷയങ്ങളിലെ - വകുപ്പദ്ധ്യക്ഷൻമാർ ജൂൺ 1, ആദ്യവർഷ യു.ജി.ക്ലാസ് ആരംഭിക്കുന്ന തീയതി, ആദ്യ വർഷ പി.ജി.ക്ലാസ് ആരംഭിക്കുന്ന തീയതി എന്നീ ഘട്ടങ്ങളിലെ വർക്ക് ലോഡ് സ്റ്റേറ്റ്മെന്റ്, നിലവിലെ ഡിപ്പാർട്ട്മെന്റ് ടൈംടേബിൾ സഹിതം HoD മാർ പ്രിൻസിപ്പലിന് റിപ്പോർട്ട് നൽകേണ്ടതും പ്രിൻസിപ്പൾ അത് കോളേജ് മാസ്റ്റർ ടൈംടേബിളുമായി ഒത്തു നോക്കിയതിന് ശേഷം നിയമന നടപടികൾ ആരംഭിക്കേണ്ടതുമാണ്.

3) സ്ഥിരം അദ്ധ്യാപകരുടെ ദീർഘകാല ശൂന്യവേതന അവധി മൂന്നാസമോ അതിലധികമോ ആവുന്ന പക്ഷം പ്രസ്തുത ഒഴിവിലേക്ക് അതിഥി അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്. എന്നാൽ പരിവർത്തിതാവധിക്ക് പകരമായി അതിഥി അദ്ധ്യാപകരെ നിയമിക്കാൻ പാടുള്ളതല്ല.

4) ഡിപ്പാർട്ട്മെന്റ് വർക്ക്ലോഡ് പ്രകാരം സ്ഥിരാദ്ധ്യാപകർക്ക് 16 മണിക്കൂർ വീതം അലോട്ട് ചെയ്ത് മിച്ചമുള്ള വർക്ക് ലോഡ് അനുസരിച്ച് മാത്രമേ അതിഥി അദ്ധ്യാപകരെ നിയമിക്കാൻ പാടുള്ളൂ. 5 മണിക്കൂറോ അതിൽ കൂടുതലോ ഉണ്ടെങ്കിൽ അതിഥി അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്.

5) അതാത് മേഖല ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഗസ്റ്റ് ലക്ചറർ പാനലിൽ പേര് രജിസ്റ്റർ ചെയ്ത അപേക്ഷകരെ മാത്രമേ നിയമനത്തിനായി പരിഗണിക്കേണ്ടതുള്ളൂ.

6) നിയമന ഫയലിൽ താഴെ പറഞ്ഞിരിക്കുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

എ) സെമസ്റ്റർ ക്ലാസുകൾ ആരംഭിക്കുന്നതും അവസാനിക്കുന്നതും സംബന്ധിച്ച യൂണിവേഴ്സിറ്റിയുടെ അക്കാദമിക കലണ്ടർ.

ബി) അതാത് വർഷത്തെ വർക്ക്ലോഡ് സ്റ്റേറ്റ്മെന്റ്, മാസ്റ്റർ ടൈംടേബിൾ, ഡിപ്പാർട്ട്മെന്റ് ടൈംടേബിൾ, അദ്ധ്യാപകന്റെ വ്യക്തിഗത ടൈംടേബിൾ

സി) പത്രപരസ്യത്തിന്റെ ഒറിജിനൽ

ഡി) ഇന്റർവ്യൂ മാർക്ക്ഷീറ്റ് & റാങ്ക് ലിസ്റ്റിന്റെ പകർപ്പ്

ഇ) യോഗ്യത സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

എഫ്) നിയമന ഉത്തരവ്

ജി) വകുപ്പിലെ നിലവിലെ സ്ഥിരം അദ്ധ്യാപകരുടെ പട്ടിക

എച്ച്) 200 രൂപയുടെ സർക്കാർ മുദ്രപത്രത്തിലുള്ള കരാർ (ജോലിക്ക് ജോയിൻ ചെയ്യുന്ന ദിവസം തന്നെ എഗ്രിമെന്റ് ഒപ്പിടേണ്ടതാണ്.)

ഐ) ഓരോ ഡിപ്പാർട്ട്മെന്റിലേയും ഗസ്റ്റ് ലക്ചറർ നിയമനത്തിന് പ്രത്യേകം പ്രത്യേകം ഫയൽ സൂക്ഷിക്കേണ്ടതാണ്.

7) അതിഥി അദ്ധ്യാപകരുടെ ഒരു ദിവസത്തെ പരമാവധി ജോലിഭാരം 3 മണിക്കൂർ ആയിരിക്കും. ആഴ്ചയിലെ ജോലിഭാരം 5 മുതൽ 7 മണിക്കൂർ വരെയാണെങ്കിൽ ആഴ്ചയിൽ പരമാവധി മൂന്നുദിവസമായും 8 മുതൽ 10 മണിക്കൂർ വരെയാണെങ്കിൽ - പരമാവധി 4 ദിവസമായും പതിനൊന്ന് മണിക്കൂറോ അതിലധികമോ ആണെങ്കിൽ പരമാ

വധി 5 ദിവസമായും മാസ്റ്റർ ടൈംടേബിളിനനുസൃതമായി വ്യക്തിഗത – ടൈംടേബിൾ ക്രമീകരിക്കേണ്ടതാണ്.

8) മാർച്ച് 31 ന് ശേഷം അതിഥി അദ്ധ്യാപകർ കോളേജുകളിൽ നിന്നും പിരിഞ്ഞുപോയാലും യൂണിവേഴ്സിറ്റികൾ പരീക്ഷപേപ്പർ മൂല്യനിർണയത്തിന് നിയോഗിക്കുന്ന പക്ഷം ടി അദ്ധ്യാപകർക്ക് മൂല്യനിർണയത്തിന് ഹാജരാകാവുന്നതും മാർച്ച് 31 ശേഷം യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരം ക്ലാസുകൾ തുടരുന്നുണ്ട് എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ക്ലാസുകൾ തീരുന്ന തീയതി വരെ അതിഥി അദ്ധ്യാപകർക്ക് തുടരാവുന്നതാണ്. മറ്റ് അക്കാദമിക് പ്രവർത്തനങ്ങൾ ഇല്ലാത്തപക്ഷം യൂണിവേഴ്സിറ്റി പരീക്ഷ നടക്കുന്ന സമയങ്ങളിൽ വർക്ക്ലോഡ് ഇല്ല എന്നതിനാൽ അതിഥി അദ്ധ്യാപകരുടെ സേവനം ഈ കാലയളവിൽ ഒഴിവാക്കേണ്ടതാണ്.

9) അതിഥി അദ്ധ്യാപകരെ ഇൻവിജിലേഷൻ ഡ്യൂട്ടി, മൂല്യനിർണയ ക്യാമ്പുകൾ (യൂണിവേഴ്സിറ്റിയുടെ നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിൽ) എന്നീജോലികൾക്ക് പ്രിൻസിപ്പാളിന്റെ ഉത്തരവിന് വിധേയമായി നിയോഗിക്കാവുന്നതാണ്.

10) എയ്ഡഡ് കോളേജുകളിൽ അതിഥി അദ്ധ്യാപകരുടെ നിയമനം നടന്നുകഴിഞ്ഞാൽ ആദ്യമാസ ബില്ലിനോടൊപ്പം ഖണ്ഡിക 5–ൽ പറഞ്ഞിരിക്കുന്ന രേഖകൾ പരിശോധിച്ച് ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത നിയമനം അംഗീകരിക്കേണ്ടതും തുടർന്നുള്ള മാസങ്ങളിൽ അറ്റൻഡൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശമ്പളം നൽകേണ്ടതുമാണ്.

11) ലോഗ്ബുക്കിൽ അക്കാദമിക് വർഷാരംഭത്തിലും 1st DC,1ST PG ക്ലാസുകൾ ആരംഭിക്കുന്ന ദിവസങ്ങളിലുള്ള master time table, department time table, individual time table എന്നിവയുടെ പ്രിൻസിപ്പാൾ ഒപ്പിട്ട പകർപ്പ് പതിക്കേണ്ടതാണ്. Department time table-ൽ അതിഥി അദ്ധ്യാപകരുടെ ചുരുക്കപ്പേര് കൂടി കാണിക്കേണ്ടതും ടൈംടേബിളിന്റെ അടിയിൽ ഓരോരുത്തരുടേയും പൂർണമായ പേര് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

12) അതിഥി അദ്ധ്യാപകർ മാത്രമുള്ള വകുപ്പുകളിൽ അവരുടെ വ്യക്തിഗത ടൈംടേബിൾ അനുസരിച്ച് അറ്റൻൻസ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താനുള്ള ചുമതല പ്രിൻസിപ്പാളിനായിരിക്കും.

13) എയ്ഡഡ് കോളേജുകളിൽ ഏപ്രിൽ മാസത്തെ ബില്ലിനൊപ്പം എല്ലാ അതിഥി അദ്ധ്യാപകരുടെയും മാർച്ച് 31 വരെയുള്ള അക്കാദമിക് വർഷത്തെ ശമ്പളം നൽകിയിട്ടുണ്ട് എന്ന് ഡിക്ലറേഷൻ പ്രിൻസിപ്പൽ ബില്ലിനോടൊപ്പം വയ്ക്കേണ്ടതും ഇല്ലായെങ്കിൽ പ്രിൻസിപ്പലിന്റെ ശമ്പളം ഡിക്ലറേഷൻ നൽകുന്നത് വരെ അതാത് ഡി.ഡി. മാർ തടയേണ്ടതുമാണ്.

14) പഠനദിവസങ്ങളിൽ അവിചാരിതമായി ഉണ്ടാകുന്ന ഹർത്താൽ മൂലം ക്ലാസുകൾ മുടങ്ങുകയാണെങ്കിൽ, ആ ദിവസം അതിഥി അദ്ധ്യാപകർ ഹാജരായിട്ടുണ്ടെങ്കിൽ അവർക്ക് ശമ്പളം അനുവദിക്കാവുന്നതാണ്. പ്രസ്തുത ദിവസങ്ങളിൽ അതിഥി അദ്ധ്യാപകർ കോളേജുകളിൽ ഉണ്ടാവേണ്ടതും മറ്റ് അക്കാദമിക ജോലികൾ ചെയ്യേണ്ടതുമാണ്.

15) കലാ കായിക പ്രവർത്തനങ്ങൾക്കായി റഗുലർ ക്ലാസുകൾ ഇല്ലായെന്ന് പ്രിൻസിപ്പാൾ ഉത്തരവാകുന്ന ദിവസങ്ങളിൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സ്ഥിര അദ്ധ്യാപകരുടെ അഭാവത്തിൽ അതിഥി അദ്ധ്യാപകരുടെ സേവനം ആവശ്യമുണ്ടെങ്കിൽ പ്രിൻസിപ്പാൾമാർ പ്രസ്തുത അദ്ധ്യാപകരെ നിയോഗിച്ചുകൊണ്ട് ഉത്തരവിറക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ശമ്പളം അവകാശപ്പെടാവുന്നതുമാണ്.

16) ടൈം ടേബിൾ പ്രകാരം ക്ലാസുകൾ ഇല്ലാത്ത ദിവസങ്ങളിൽ അതിഥി അദ്ധ്യാപകർ കോളേജിൽ ഹാജരാകേണ്ടതില്ല.

17) പഠനയാത്രയിൽ സ്ഥിരാദ്ധ്യാപകരുടെ അഭാവത്തിൽ അതിഥി അദ്ധ്യാപകർക്ക് വിദ്യാർത്ഥികളെ അനുഗമിക്കാവുന്നതാണ്. പ്രസ്തുത യാത്ര ഡ്യൂട്ടിയായി പരിഗണിക്കേണ്ടതാണ്.

18) അതിഥി അദ്ധ്യാപകർക്ക് കോളേജ് ലൈബ്രറി സംവിധാനം ഉപയോഗിക്കാവുന്നതാണ്. മാർച്ച് 15 ന് മുമ്പ് പുസ്തകങ്ങൾ ലൈബ്രറിയിൽ തിരിച്ച് ഏൽപ്പിക്കുകയും മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം ഒരു നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്.

19) സ്ഥിരാദ്ധ്യാപകൻ ജോലിയിൽ പ്രവേശിക്കുമ്പോൾ അവസാനം ജോലിയിൽ പ്രവേശിച്ച ഗസ്റ്റ് അദ്ധ്യാപകന് ആദ്യം എന്ന മുറയ്ക്ക് വിടുതൽ ഉത്തരവ് നൽകേണ്ടതാണ്.

20) അതിഥിഅദ്ധ്യാപകരുടെ നിയമനവുംവേതനവും സംബന്ധിച്ച മേൽഖണ്ഡികകളിലെ നിർദേശങ്ങളിലുണ്ടാകുന്ന ഏതൊരു വീഴ്ചയും ബന്ധപ്പെട്ട പ്രിൻസിപ്പൽ, സൂപ്രണ്ട്, വകുപ്പുതലവൻ, അക്കൗണ്ട്സ് ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ വ്യക്തിഗത ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

21) ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ നിയമനം/വേതനം സംബന്ധിച്ച് മേൽ ഖണ്ഡികകളിലെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 14-09-2013 ലെ വി1/103066/2018/കോ.വി.വ മുൻ സർക്കുലർ ഇതിനാൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഒപ്പ്)

**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ–ചാർജ്ജ്)**

"ഭരണഭാഷ മാതൃഭാഷ"

D1/14305/2019/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 16.07.2019

പ്രേഷകൻ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്
കൊല്ലം/കോട്ടയം/എറണാകുളം/കോഴിക്കോട്/തൃശ്ശൂർ

സാർ,

വിഷയം:- കോ.വി.വ - സ്വ.എ കോ. - API Score Sheet ഉം ബന്ധപ്പെട്ട രേഖകളും ഡെപ്യൂട്ടി ഡയറക്ടർ പരിശോധിക്കുന്നത് ഒഴിവാക്കണമെന്നുള്ള AKPCTA യുടെ നിവേദനം സംബന്ധിച്ച് :-

സൂചന:- ഈ ഓഫീസിലെ 11/06/2019 തീയതിയിലെ ഇതേ നമ്പർ കത്ത്

അദ്ധ്യാപകരുടെ API സ്കോർ, അനുബന്ധ രേഖകൾ എന്നിവ യൂണിവേഴ്സിറ്റിയുടെ വിദഗ്ധ സമിതി പരിശോധിച്ച് അംഗീകരിക്കുന്നതിനാൽ ആ രേഖകൾ ഡി ഡി ഓഫീസുകളിൽ വീണ്ടും പരിശോധിക്കേണ്ടതില്ല. യൂണിവേഴ്സിറ്റിയുടെ പ്ലേസ്മെന്റ് അപ്രൂവൽ പരിശോധിച്ചാൽ മതിയാകുന്നതാണ് .എന്നാൽ പ്ലേസ്മെന്റിന് ആധാരമായ എലിജിബിലിറ്റി രേഖകൾ (നിശ്ചിത സർവീസ്,എം.ഫിൽ ,പി.എച്ച്.ഡി, ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സ് മുതലായവ) പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്

Approval Valid

Digitally Approved By
ഡോ.ഡി.കെ സതീഷ്
Date: 16.07.2019
Reason: Approved

വിശ്വസ്തതയോടെ
ഒപ്പ്/-
ഡോ.ഡി.കെ സതീഷ്
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**GOVERNMENT OF KERALA**

**Abstract**

Higher Education Department- Relaxation of upper age limit criterion for the Direct Recruitment of Associate Professors in Universities - sanctioned - Orders Issued.

**HIGHER EDUCATION (C) DEPARTMENT**

**G.O.(Ms)No.294/2019/HEDN** Dated,Thiruvananthapuram, 17/08/2019

Read: Letter No. KSHEC-A7/302/MS/Drct./2018, dated 18.05.2018, received from the Member Secretary, Kerala State Higher Education Council Thiruvananthapuram.

**ORDER**

As per the reference read as first paper above, the Member Secretary Kerala State Higher Education Council has reported that the General Secretary, Kerala History Congress had requested to dispense with the upper age limit (45 years) for the direct recruitment to the post of Associate Professors in State Universities. He has also reported that the Executive Body meeting of the Council held on 17.04.2018, had considered the representation and resolved to dispense with the upper age limit (45 years) fixed for the post of Associate Professors in Universities for direct recruitment in accordance with the UGC norms for recruitment of Associate Professors.

Government have examined the matter and are pleased to dispense with the upper age limit (45 years) for the direct recruitment of Associate Professors in State Universities.

(By order of the Governor)
**VIJAYAKUMAR.R**
**JOINT SECRETARY**

To:
The Registrars, All Universities in the State.
The Director of Collegiate Education, Thiruvananthapuram
The Principal Accountant General, (A&E)/ (Audit), Thiruvananthapuram
www.highereducation.kerala.gov.in
All Sections in Higher Education Department
Stock File

Forwarded /By order

Section Officer

Copy to :
The Private Secretary to Hon'ble Minister (HEDN&WM)
The Personal Assistant to Principal Secretary, Higher Education.

# പ്രളയദുരിതാശ്വാസം




എ കെ പി സി ടി എ കണ്ണൂർ-കാസർഗോഡ് ജില്ലാ കമ്മിറ്റി സമാഹരിച്ച ഭക്ഷ്യവസ്തുക്കൾ അടങ്ങിയ റിലീഫ് കിറ്റുകൾ പ്രളയത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് നൽകാനായി ജില്ലാ കലക്ടർ ടി.വി.സുഭാഷ്, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി.സുമേഷ് എന്നിവർക്ക് സംസ്ഥാന പ്രസിഡന്റ് ഡോ. സി. പത്മനാഭൻ കൈമാറി.

കലക്ടറേറ്റിൽ നടന്ന ചടങ്ങിൽ സംസ്ഥാന വൈസ് പ്രസിഡന്റ് ഷീല എം ജോസഫ്, സംസ്ഥാന സെക്രട്ടറി പ്രമോദ് വെള്ളച്ചാൽ, സംസ്ഥാന പ്രവർത്തക സമിതി അംഗം എ നിശാന്ത്, ജില്ലാ സെക്രട്ടറി ഡോ.കെ.അജയകുമാർ എന്നിവർ സംബന്ധിച്ചു.






ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നായി ശേഖരിച്ച അവശ്യവസ്തുക്കളുമായി അധ്യാപക സംഘം വടക്കൻ കേരളത്തിലേക്ക് പുറപ്പെട്ടു. യാത്രയുടെ ഫ്ലാഗ് ഓഫ് KSDP ചെയർമാൻ CB ചന്ദ്രബാബു ആലപ്പുഴ നഗരചത്വരത്തിൽ വച്ച് നിർവ്വഹിച്ചു. പഠന സാമഗ്രികൾ , കുട്ടികളുടെ വസ്ത്രങ്ങൾ, അരിയടക്കമുള്ള അവശ്യവസ്തുക്കൾ എന്നിങ്ങനെ ഒരു ലക്ഷത്തി എൺപതിനായിരം രൂപയുടെ വസ്തുക്കളാണ് ജില്ലയിലെ വിവിധ കോളേജുകളിൽ നിന്ന് സംഘടന ശേഖരിച്ച് ഒരു ടോറസിൽ അയച്ചത്. ശ്രീ. മോഹനൻ ഏറ്റുവാങ്ങി. AKPCTA യുടെ സംസ്ഥാന സെക്രട്ടറി ആർ ഇന്ദുലാൽ, ജില്ലാ സെക്രട്ടറി ഡോ.ടി.ആർ.മനോജ്, ജില്ലാ പ്രസിഡന്റ് ഡോ. ടി. ആർ അനിൽകുമാർ. ഡോ. ഫറൂഖ്, ഡോ. അജയൻ, ശ്രീ. കൃഷ്ണൻ, ഡോ. ശിവ പ്രസാദ്, ഡോ. രാകേഷ് ചന്ദ്രൻ , ശ്രീ. ദാമു, ഡോ. അനിൽകുമാർ കെ എ, എന്നിവർ നേതൃത്വം നൽകി.


KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.272

ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- JULY - 2019

macmillan education
India

M
MACMILLAN
175




We offer solutions:

for you
for your students
for institutions

Email: biju.augustine@macmillaneducation.com
Phone: +91 8129998186

ADVANCING
LEARNING

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Dr. A.S. Sumesh